പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

**മുപ്പത്തിമൂന്നാമത് റിപ്പോർട്ട്**

(2019 ഫെബ്രുവരി മാസം 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2006-2008)യുടെ പതിനഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

**മുപ്പത്തിമൂന്നാമത് റിപ്പോർട്ട്**

(2019 ഫെബ്രുവരി മാസം 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2006-2008)-യുടെ പതിനഞ്ചാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

291/2019.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | | : v |
| മുഖവുര | | : vii |
| റിപ്പോർട്ട് | | : 1 |
| അനുബന്ധം I | പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | : 85 |
| അനുബന്ധം II | വിജിലൻസ് എൻക്വയറി റിപ്പോർട്ട് | : 89 |
| അനുബന്ധം III | വിജിലൻസ് എൻക്വയറി റിപ്പോർട്ട് | : 119 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

**ഘടന**

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>അംഗങ്ങൾ:</u>

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ.എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻപിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ. എം, അണ്ടർ സെക്രട്ടറി.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021)യുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)യുടെ പതിനഞ്ചാമത് റിപ്പോർട്ടിലെ (തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2019 ഫെബ്രുവരി മാസം 4-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2019 ഫെബ്രുവരി 7.

# റിപ്പോർട്ട്

## അദ്ധ്യായം 1

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)യുടെ പതിനഞ്ചാമത് റിപ്പോർട്ടിലെ (തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശ കളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)യുടെ പതിനഞ്ചാമത് റിപ്പോർട്ട് 2007 ജൂലൈ മാസം 26-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 76 ശിപാർശകളാണുള്ളത്. ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാർ നൽകിയ മറുപടി, സമിതിയ്ക്ക് ലഭിച്ച പരാതി എന്നിവ 13-2-2008, 8-9-2008, 6-5-2009, 10-6-2009, 8-12-2009, 14-8-2013, 14-12-2016, 14-6-2017 എന്നീ തീയതികളിൽ പരിഗണിക്കുകയും തൃപ്തികരമല്ലാത്ത മറുപടികളിന്മേൽ 24-9-2008, 30-12-2009, 19-10-2017 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി തെളിവെടുപ്പ് നടത്തുകയും ചെയ്തു. തുടർന്ന് തൃപ്തികരമല്ലാത്ത മറുപടികളിന്മേൽ അധിക വിവരങ്ങൾ ആരായുകയും തുടർ ശിപാർശകൾ നിർദ്ദേശിക്കുകയും ചെയ്തു.

1.3 റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, സമിതി ആരാഞ്ഞ അധിക വിവരം, അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നുമുള്ള സൂക്ഷ്മ പരിശോധനാക്കുറിപ്പ്, തുടർ ശിപാർശകൾ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.4 സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയുടെയും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച സൂക്ഷ്മ പരിശോധനാക്കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

### സമിതിയുടെ ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും ശിപാർശ കളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും തുടർ ശിപാർശയും

### ഖണ്ഡിക നമ്പർ 6

### ശിപാർശ

2.1.1 താണിയത്ത്കുന്ന് കോളനി കിണർ നിർമ്മാണ പ്രവൃത്തിയുടെ വിശദാംശങ്ങൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മസ്റ്റർ റോളിൽ ആരും ഒപ്പ് വച്ചിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിലും പ്രസ്തുത പ്രവൃത്തിക്ക് കൂലിയിനത്തിൽ തുക

നൽകിയതിന് യാതൊരു രേഖയുമില്ലെന്ന കാര്യം പ്രദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ട സാഹചര്യത്തിലും മസ്റ്റർ റോളിൽ ഒപ്പിടാതെ കൂലിയിനത്തിൽ തുക ചെലവഴിച്ചതിനുത്തരവാദികളായവർ ആരെല്ലാമാണെന്ന് കണ്ടെത്തി അവരിൽ നിന്ന് പ്രസ്തുത തുക തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.1.2 ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനായിരുന്ന ശ്രീ. ടി. എ. അറുമുഖൻ (സെക്രട്ടറി) തൃക്കണ്ണാശ്ശേരി വീട്, കടവനാട് പി. ഒ., പൊന്നാനി വഴി, മലപ്പുറം ജില്ല എന്നവരിൽ നിന്നും തുക ഈടാക്കുന്നതിനായി റിക്വിസിഷൻ ഫോറം മലപ്പുറം ജില്ലാ കളക്ടർക്ക് രജിസ്റ്റേർഡ് തപാലിൽ 4-6-2008-ന് എ 3-718/07 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിരുന്നു. ആയതിനെ തുടർന്ന് ശ്രീ. അറുമുഖൻ പൊന്നാനി വില്ലേജ് ഓഫീസിൽ 10,000 രൂപ അടച്ചതിനുശേഷം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(c) നമ്പർ 36286/08 നമ്പരായി കേസ് ഫയൽ ചെയ്യുകയും ടി കേസിൽ വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത് കൗണ്ടർ അഫിഡവിറ്റ് സമർപ്പിക്കുകയും ചെയ്തു. കേസ് 13-1-2010-ൽ വിചാരണയ്ക്ക് വന്നതിന് ശേഷം നാളിതുവരെ വിചാരണയ്ക്ക് വന്നിട്ടില്ലാത്തതും അന്തിമ വിധി വരുന്നതുവരെ തുക അടക്കുന്നതിന് സ്റ്റേ അനുവദിച്ചിരിക്കുന്നതുമാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.1.3 പരാമർശ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(c) നമ്പർ 36286/08 നമ്പരായി സെക്രട്ടറി കേസ് ഫയൽ ചെയ്തിട്ടുള്ളതും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അതിൽ ഒരു എതിർ കക്ഷിയായി ചേർക്കപ്പെട്ടിട്ടുള്ളതും, കാര്യവിവര പത്രിക, മറ്റു വിവരങ്ങൾ തുടങ്ങിയവ ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. കേസ് നിലവിൽ ഹൈക്കോടതിയിൽ തുടർന്നുവരുന്നു.

**തുടർ ശിപാർശ**

**2.1.4 ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസിന്മേലുള്ള നടപടികൾ ത്വരിതപ്പെടുത്തി അതിനനുസൃതമായി മേൽനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 7</u>

**ശിപാർശ**

2.2.1 വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിന് മുന്നിലെ കിണറിൽ റിങ് ഇറക്കിയ പ്രവൃത്തിയുടെ അളവ് പുസ്തകം ഹാജരാക്കിയിട്ടില്ലാത്തതിനാൽ പണി നടത്തിയതിന്റെയോ പൂർത്തീകരിച്ചതിന്റെയോ നൽകിയ തുകയുടെയോ നിജസ്ഥിതി

ബോദ്ധ്യപ്പെടാത്ത സാഹചര്യത്തിൽ ഈ പ്രവൃത്തിയുടെ തുക ചെലവഴിച്ചതിന് ഉത്തരവാദികളായവർ ആരെല്ലാമാണെന്ന് കണ്ടെത്തി അവരിൽ നിന്ന് പ്രസ്തുത തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.2.2 ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനായിരുന്ന ശ്രീ. ടി. എം. അറുമുഖൻ (സെക്രട്ടറി) തൃക്കണ്ണാശ്ശേരി വീട്, കടവനാട് പി. ഒ, പൊന്നാനി വഴി, മലപ്പുറം ജില്ല എന്നവരിൽ നിന്നും തുക ഈടാക്കുന്നതിനായി റിക്വിസിഷൻ ഫോറം മലപ്പുറം ജില്ലാ കളക്ടർക്ക് രജിസ്റ്റേർഡ് തപാലിൽ 4-6-2008-ന് എ 3-718/07 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിരുന്നു. ആയതിനെ തുടർന്ന് ശ്രീ. അറുമുഖൻ പൊന്നാനി വില്ലേജ് ഓഫീസിൽ 10,000 രൂപ അടച്ചതിനു ശേഷം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(c) നമ്പർ 36286/08 നമ്പരായി കേസ് ഫയൽ ചെയ്യുകയും ടി കേസിൽ വെള്ളാങ്കല്ലൂർ ഗ്രാമപഞ്ചായത്ത് കൗണ്ടർ അഫിഡവിറ്റ് സമർപ്പിക്കുകയും ചെയ്തു. കേസ് 13-1-2010-ൽ വിചാരണയ്ക്ക് വന്നതിന് ശേഷം നാളിതുവരെ വിചാരണയ്ക്ക് വന്നിട്ടില്ലാത്തതും അന്തിമ വിധി വരുന്നതുവരെ തുക അടയ്ക്കുന്നതിന് സ്റ്റേ അനുവദിച്ചിരിക്കുന്നതുമാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.2.3 പരാമർശ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(c) നമ്പർ 36286/08 നമ്പരായി സെക്രട്ടറി കേസ് ഫയൽ ചെയ്തിട്ടുള്ളതും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അതിൽ ഒരു എതിർ കക്ഷിയായി ചേർക്കപ്പെട്ടിട്ടുള്ളതും, കാര്യവിവര പത്രിക, മറ്റു വിവരങ്ങൾ തുടങ്ങിയവ ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. കേസ് നിലവിൽ ഹൈക്കോടതിയിൽ തുടർന്നു വരുന്നു.

**തുടർ ശിപാർശ**

**2.2.4 ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസിന്മേലുള്ള നടപടികൾ ത്വരിതപ്പെടുത്തി അതിനനുസൃതമായി മേൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 11</u>

**ശിപാർശ**

2.3.1 വാട്ടർ ചാർജ്ജിന്റെ പിഴപ്പലിശ ഇനത്തിലുള്ള തുക ഓരോ മാസവും കൂടിക്കൊണ്ടിരിക്കുന്നുവെന്നുള്ളത് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളെയും അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പൊതു പ്രശ്നമാണെന്ന് സമിതി വിലയിരുത്തുന്നു. വാട്ടർ ചാർജ്ജിന്റെ

പിഴപ്പലിശ ഇനത്തിൽ പഞ്ചായത്തുകൾക്കുണ്ടാകുന്ന ഭീമമായ സാമ്പത്തിക ബാദ്ധ്യത എങ്ങനെ ഒഴിവാക്കാമെന്ന കാര്യം പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.3.2 സർക്കാർ ഉത്തരവ് (ആർടി.)നമ്പർ 1322/11/ത.സ്വ.ഭ.വ. തീയതി 31-5-2011 പ്രകാരം ഗ്രാമപഞ്ചായത്തുകൾ 03/08 വരെ കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം കുടിശ്ശിക ഇനത്തിൽ നൽകുവാനുള്ള സെറ്റിൽമെന്റ് തുകയായ 124 കോടി രൂപ 5 തുല്യ ഗഡുക്കളായി 5 വർഷംകൊണ്ട് നൽകുവാനും ടി തുകയുടെ 50% മെയിന്റനൻസ് റോഡിതര ഫണ്ടിൽ നിന്നും കുറവ് ചെയ്തും 50% ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും കുറവ് ചെയ്ത് നൽകുവാനും ഉത്തരവായിട്ടുണ്ട്. മാത്രമല്ല, ബഹു. പഞ്ചായത്ത് ഡയറക്ടറോട് പരിശോധിച്ച് റിപ്പോർട്ട് നൽകുവാനാണ് സമിതി ആവശ്യപ്പെട്ടിട്ടുള്ളത്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.3.3 മേൽ വിഷയത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽനിന്നും തുടർ നടപടികൾ ഒന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല എന്നുള്ള വിവരം അറിയിക്കുന്നു.

**തുടർ ശിപാർശ**

**2.3.4 പ്രസ്തുത പരാമർശം സംബന്ധിച്ച നിലവിലെ സ്ഥിതി ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 20</u>

**ശിപാർശ**

2.4.1 തുക തിരിച്ചടയ്ക്കാത്തതിനുത്തരവാദിയായ മേത്തല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വി. വി. ഉണ്ണികൃഷ്ണനെതിരെ നടപടി സ്വീകരിക്കാതിരുന്ന തൃശ്ശൂർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി രാധ റിട്ടയർ ചെയ്തുവെങ്കിലും ശ്രീ. വി. വി. ഉണ്ണികൃഷ്ണൻ റിട്ടയർ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ഉപാധിരഹിത ഫണ്ടിൽ നിന്ന് കൂലി നൽകുന്നതിനായി പിൻവലിച്ചതും എന്നാൽ ചെലവഴിച്ചിട്ടില്ലാത്തതുമായ 6,794 രൂപയും ട്രഷറിയിൽ നിന്ന് സ്വന്തം പേരിൽ പിൻവലിച്ചതും ചെലവ് ചെയ്തതിന്റെ യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ലാത്തതുമായ 9,800 രൂപയും ഉൾപ്പെടെയുള്ള 16,594 രൂപ ഇപ്പോൾ മംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി തുടരുന്ന ശ്രീ. വി. വി. ഉണ്ണികൃഷ്ണനിൽ നിന്ന് തിരിച്ച് പിടിക്കുന്നതിനും അതോടൊപ്പം പഞ്ചായത്ത് ഫണ്ട് ദുർവിനിയോഗം ചെയ്തതിന് വകുപ്പുതല അച്ചടക്ക നടപടി കൈക്കൊള്ളുന്നതിനും പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.4.2 ശ്രീ. വി. വി. ഉണ്ണികൃഷ്ണനിൽ നിന്നും ഓഡിറ്റ് തടസ്സപ്പെടുത്തിയ 16,594 രൂപ തിരിച്ചു പിടിക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയുണ്ടായി. എന്നാൽ ടിയാന്റെ പേരിൽ സ്ഥാവര ജംഗമ സ്വത്തുക്കൾ ഒന്നും തന്നെയില്ലെന്നും, ടിയാന് പെൻഷൻ ആനുകൂല്യങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ലായെന്നും ഈ സാഹചര്യത്തിൽ ടിയാനിൽ നിന്നും തുകകൾ ഒന്നും തന്നെ പിരിച്ചെടുക്കുവാൻ നിർവ്വാഹമില്ലെന്നും ജില്ലാകളക്ടർ അറിയിച്ചിട്ടുണ്ട്. 30-10-2006-ൽ സർവ്വീസിൽനിന്നും പെൻഷൻ പറ്റി പിരിഞ്ഞ ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ തീർപ്പാക്കാത്തതിനാൽ പ്രൊവിഷണൽ പെൻഷൻ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഗ്രാറ്റുവിറ്റിയും, ഫൈനൽ പെൻഷനും നാളിതുവരെ നൽകിയിട്ടില്ല.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.4.3 മേൽ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്നാണ് സമിതി നിർദ്ദേശിച്ചിരിക്കുന്നത്. ഈ ഓഫീസിൽനിന്നും നടപടിയൊന്നും സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടില്ല.

**ഇടക്കാല ശിപാർശ**

**2.4.4 പരാമർശ വിധേയമായ കാലയളവിലെ മേത്തല ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെയുള്ള അച്ചടക്ക നടപടി എത്രയും വേഗം പൂർത്തിയാക്കണമെന്നും ടിയാന്റെ പേരിൽ സ്ഥാവരജംഗമ വസ്തുക്കൾ ഒന്നുമില്ലെന്ന സർക്കാർ മറുപടിയുടെ പശ്ചാത്തലത്തിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 24</u>

**ശിപാർശ**

2.5.1 ഉപാധിരഹിത ഫണ്ടിൽനിന്ന് പൊതുമരാമത്ത് പണികൾക്കായി കരാറുകാരനായ ശ്രീ. എം. കെ. മുത്തുവിന് 1,57,693 രൂപ ക്രമവിരുദ്ധമായി നൽകിയതിന് ഉത്തരവാദിയായ എറുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. സി. ആർ. പ്രേമചന്ദ്രൻ ഇപ്പോഴും സർവ്വീസിലുണ്ടോ എന്ന കാര്യം അറിയിക്കണമെന്ന് സമിതി ആവശ്യപ്പെട്ടുവെങ്കിലും ആ വിവരം നൽകുന്നതിന് പോലും കഴിഞ്ഞിട്ടില്ല. ആയതിനാൽ ശ്രീ. സി. ആർ. പ്രേമചന്ദ്രൻ ഇപ്പോൾ സർവ്വീസിലുണ്ടോയെന്ന് കണ്ടെത്തുന്നതിനും

സർവ്വീസിൽ തുടരുന്നെങ്കിലും ഇല്ലെങ്കിലും പരാമർശ വിധേയമായ 1,57,693 രൂപ അദ്ദേഹത്തിൽനിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 4-12-2008-ലെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.5.2 എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 1997-98 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 54 പ്രകാരം അൺടൈഡ് നോംസിൽ നടത്തേണ്ട മരാമത്ത് പണികൾ കരാറുകാരനെക്കൊണ്ട് ചെയ്യിച്ചതു സംബന്ധിച്ച്, 1999-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 111.26 നിയമസഭാ സമിതി പരിഗണിച്ച വേളയിൽ ഖണ്ഡിക 54 പ്രകാരമുള്ള 1,57,693 രൂപ ശ്രീ. സി. ആർ. പ്രേമചന്ദ്രനിൽനിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. സമിതിയുടെ നിർദ്ദേശ പ്രകാരം സ്വീകരിച്ച റവന്യൂ റിക്കവറി നടപടിക്കെതിരെയാണ് ശ്രീ. സി. ആർ. പ്രേമചന്ദ്രൻ കേസ് ഫയൽ ചെയ്തിരുന്നത്.

1998-1999 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്മേൽ സ്വീകരിച്ച സർചാർജ്ജ് നടപടിക്കെതിരായി ബഹു. ഹൈക്കോടതിയിൽ WP(c) No. 23800/03 ആയി കേസ് ഫയൽ ചെയ്യുകയും ടി കേസ് തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

WP(c) No. 25059/08 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ ചെയ്തതാകയാൽ കേസിന്റെ വിവരങ്ങൾ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണെന്ന് ഗവൺമെന്റ് പ്ലീഡർ അഭിപ്രായപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പെറ്റീഷൻ, സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് എന്നിവയുടെ പകർപ്പുകൾ അറിവിലേക്കായി സമർപ്പിച്ചിരുന്നു.

<u>6-5-2009-ലെ സമിതി നിർദ്ദേശം</u>

2.5.3 കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഫയലിന്മേൽ എത്രയും വേഗം ഗവൺമെന്റ് തലത്തിൽ ആക്ഷൻ എടുക്കണമെന്ന് ആവശ്യപ്പെട്ടു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.5.4 ഉപാധിരഹിത ഫണ്ടിൽ നിന്നും പൊതുമരാമത്ത് പണിക്ക് 1,57,693 രൂപ ശ്രീ. പ്രേമചന്ദ്രനിൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിനായി എ 1-561/05 നമ്പർ കത്ത് പ്രകാരം 6-6-2008-ൽ തൃശ്ശൂർ ജില്ലാകളക്ടർക്ക് കത്ത്

നൽകിയിരുന്നു. ആയതിനെ തുടർന്ന് ശ്രീ. സി. ആർ. പ്രേമചന്ദ്രൻ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച WP(c)25059/08 നമ്പർ കേസിൽ താൽക്കാലിക സ്റ്റേ അനുവദിച്ചിട്ടുള്ളതും ആയതിന്മേൽ മറ്റു നടപടികളോ, ഉത്തരവുകളോ ഉണ്ടായിട്ടില്ല എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.5.5 ഈ വകുപ്പിനോട് തുടർനടപടികൾ ഒന്നും സ്വീകരിക്കുവാൻ ആവശ്യപ്പെട്ടു കാണുന്നില്ല.

<u>14-8-2013-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം</u>

2.5.6 പരാമർശ വിധേയമായ കാലയളവിലെ പഞ്ചായത്ത് സെക്രട്ടറി ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയിന്മേൽ അനുവദിച്ച സ്റ്റേ ഉത്തരവിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ചും സ്റ്റേ ഉത്തരവ് നീക്കിക്കിട്ടാൻ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ചുമുള്ള റിപ്പോർട്ട് പതിനഞ്ച് ദിവസത്തിനകം നൽകുക.

<u>14-8-2013-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരത്തിന് സർക്കാർ സമർപ്പിച്ച മറുപടി</u>

2.5.7 എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. സി. ആർ. പ്രേമചന്ദ്രനിൽ നിന്നും 1,57,693 രൂപ ഈടാക്കാനുള്ള നടപടികൾ സ്റ്റേ ചെയ്യുന്നതിന് ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവിനെ തുടർന്ന് കേസ്സിലെ മൂന്നാം എതിർ കക്ഷിയായ എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് ബഹു. ഹൈക്കോടതി മുമ്പാകെ ടി വിഷയം സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതാണെന്ന് എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 23-11-2013-ലെ എ 1-505/13 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു. എന്നാൽ ഇക്കാര്യത്തിൽ കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെന്ന വിവരംകൂടി ബോധിപ്പിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.5.8 ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവിനെതിരെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് കാര്യവിവരണ പത്രിക തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതായും, മേൽ വിഷയത്തിൽ ബഹു. ഹൈക്കോടതി നാളിതുവരെ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല എന്നുള്ളതും പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കുന്നു.

14-12-2016-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം

2.5.9 പരാമർശ വിഷയവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി അന്തിമ വിധി പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന വിവരവും പ്രസ്തുത ശിപാർശ സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാക്കുക.

**തുടർ ശിപാർശ**

**2.5.10 പരാമർശിത വിഷയവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി അന്തിമ വിധി പുറപ്പെടുവിച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ചും പ്രസ്തുത ശിപാർശ സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുമുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ പ്രസ്തുത വിഷയത്തിന്മേൽ ബഹു. ഹൈക്കോടതിയുടെ അന്തിമ വിധി അനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 60

**ശിപാർശ**

2.6.1 കലുങ്ക് നിർമ്മാണവുമായി ബന്ധപ്പെട്ട രേഖകൾ തൃശ്ശൂർ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് ഹാജരാക്കാൻ ഒരു മാസത്തെ സമയം ആവശ്യപ്പെട്ട് മാസങ്ങൾ പലത് കഴിഞ്ഞിട്ടും രേഖകൾ ഹാജരാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച 22,033 രൂപ ക്രമവിരുദ്ധ ചെലവായി കണക്കാക്കി പ്രസ്തുത തുക ചെലവഴിച്ചതിനുത്തരവാദികളായവരിൽനിന്ന് തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.6.2 റിപ്പോർട്ട് കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. വി. കെ. സുകുമാരൻ എന്ന ആൾക്ക് സി.469/99 ആയി 25-10-2007-ന് തുക അടയ്ക്കുന്നതിന് അറിയിപ്പ് നൽകിയെങ്കിലും ടിയാൻ ആയത് കൈപ്പറ്റാതെ തിരികെ അയയ്ക്കുകയുണ്ടായി. തുടർന്ന് ക്രമവിരുദ്ധമായി ചെലവഴിച്ച 22,033 രൂപ റവന്യൂ റിക്കവറി പ്രകാരം ഈടാക്കുന്നതിന് സി.469/99 പ്രകാരം 14-1-2008-ൽ നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. ജില്ലാ കളക്ടറുടെ 23-1-2008-ലെ ജി. 4/2008/3124/8 നമ്പർ കത്ത് പ്രകാരം പ്രൊപ്പോസൽ മുകുന്ദപുരം തഹസിൽദാർക്ക് തുടർ നടപടികൾക്കായി അയച്ചിരുന്നു. എന്നാൽ 31-1-2011 ലെ ജില്ലാ കളക്ടറുടെ

2956/11 കെ.ഡിസ് നമ്പർ കത്ത് പ്രകാരം തോളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ശ്രീ. വി. കെ. സുകുമാരന്റെ മേൽവിലാസം ആരായുകയും 9-3-2011-ന് എ 1-60/2011 ആയി ടിയാന്റെ മേൽവിലാസമായ ശ്രീ. വി. കെ. സുകുമാരൻ, വെട്ടിയാട്ടിൽ വീട്, സ്കൂൾ ഗ്രൗണ്ടിനു സമീപം, ചാലക്കുടി എന്നത് ജില്ലാ കളക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട് എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.6.3 മേൽ വിഷയത്തിൽ ടി വകുപ്പിൽനിന്നും തുടർ നടപടികളൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല

14-8-2013-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം

2.6.4 ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് പതിനഞ്ച് ദിവസത്തിനകം അറിയിക്കുക.

14-8-2013-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരത്തിന് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി

2.6.5 റവന്യൂ റിക്കവറി നടപടിയുടെ പ്രൊപ്പോസൽ തൃശ്ശൂർ ജില്ലാ കളക്ടർക്ക് നൽകിയതിനെ തുടർന്ന് ടി കാര്യത്തിൽ ആർ. ആർ. നടപടി സ്വീകരിക്കുന്നതിന് മുകുന്ദപുരം തഹസിൽദാർക്ക് 25-1-2008-ൽ ജി.4-3424/2008 ആയി നിർദ്ദേശം നൽകിയിട്ടുള്ളതായി കളക്ടറേറ്റിൽ നിന്ന് അറിയാൻ കഴിഞ്ഞതായും, മുകുന്ദപുരം താലൂക്ക് ഓഫീസിൽ അന്വേഷിച്ചതിൽ ടിയാന്റെ പേരിൽ ജംഗമ വസ്തുക്കൾ ഒന്നും തന്നെ ഇല്ല എന്ന് അറിയാൻ കഴിഞ്ഞതായും തോളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 13-11-2013-ലെ എ 3-4768/2013 നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതായി ബോധിപ്പിച്ചുകൊള്ളുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.6.6 തൃശ്ശൂർ ജില്ലാ കളക്ടറുടെ 2-5-2014-ലെ ജി.4-3424/08/കെ.ഡിസ് കത്ത് പ്രകാരം (സെക്രട്ടറി, തോളൂർ ഗ്രാമപഞ്ചായത്ത്) കുടിശ്ശിക കക്ഷിയായ ശ്രീ. വി. കെ. സുകുമാരൻ, ആർ.ആർ. നടപടികൾക്കായി ലഭ്യമാക്കിയ വിലാസത്തിൽ താമസമില്ലെന്നും, നിലവിൽ എവിടെയാണ് താമസമെന്ന് അന്വേഷണത്തിൽ അറിവില്ലാത്തതാണെന്നും ടിയാന്റെ പേരിൽ കിഴക്കെ ചാലക്കുടി വില്ലേജിലോ മുകുന്ദപുരം താലൂക്കിലെ മറ്റ് വില്ലേജുകളിലോ സ്ഥാവര ജംഗമ സ്വത്തുക്കൾ ഒന്നും തന്നെയില്ലെന്നും ടിയാൻ മുകുന്ദപുരം താലൂക്കിൽ താമസമില്ലെന്നും കുടിശ്ശികക്കാരിൽ നിന്നും കുടിശ്ശിക തുക പിരിക്കാൻ മാർഗ്ഗമില്ലെന്നും സൂചിപ്പിച്ച് റവന്യൂ റിക്കവറിക്കായുള്ള അഭ്യർത്ഥന തഹസിൽദാർ മടക്കി അയച്ചിട്ടുള്ളതും മേൽ നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതുമാണ് എന്നും അറിയിച്ചുകൊള്ളുന്നു.

14-12-2016-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം

2.6.7 തോളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വി. കെ. സുകുമാരൻ പെൻഷൻ വാങ്ങുന്ന ട്രഷറിയുമായി ബന്ധപ്പെട്ട് ടിയാന്റെ നിലവിലെ വിലാസം കണ്ടെത്തി ആർ.ആർ. നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുക.

തുടർ ശിപാർശ

**2.6.8 തോളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വി. കെ. സുകുമാരൻ പെൻഷൻ വാങ്ങുന്ന ട്രഷറിയുമായി ബന്ധപ്പെട്ട് ടിയാന്റെ നിലവിലെ വിലാസം കണ്ടെത്തി റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 74

ശിപാർശ

2.7.1 ഉപാധിരഹിത ഫണ്ട് വിനിയോഗത്തിൽ ആഡിറ്റ് തടസ്സപ്പെടുത്തിയ തുക മേലൂർ ഗ്രാമപഞ്ചായത്തിലെ അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. കെ. ബദറുദ്ദീന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്ന് ഈടാക്കുന്നതിന് ബാദ്ധ്യതാ സാക്ഷ്യപത്രം നൽകിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തുക ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും തുക ഈടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.7.2 ശ്രീ. കെ. ബദറുദ്ദീൻ, പടിയൂർ ഗ്രാമപഞ്ചായത്തിൽനിന്നും 30-9-2003-ൽ റിട്ടയർ ചെയ്തു. 30-3-2006-ൽ മരണപ്പെടുകയും ചെയ്തു. ടിയാന്റെ രണ്ടു ഭാര്യമാർ തമ്മിലുള്ള അവകാശ തർക്കം നെടുമങ്ങാട് കുടുംബ കോടതിയിൽ നടക്കുകയാണെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. കേസിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കക്ഷിയല്ലാത്തതിനാൽ കേസിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയാൻ കഴിഞ്ഞിട്ടില്ല. ടിയാന് പ്രൊവിഷണൽ പെൻഷൻ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഫൈനൽ പെൻഷനും ഗ്രാറ്റുവിറ്റിയും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നാളിതുവരെ അനുവദിച്ചിട്ടില്ലാത്തതിനാൽ ഉപാധിരഹിത ഫണ്ട് വിനിയോഗത്തിൽ തടസ്സപ്പെടുത്തിയ തുക ഈടാക്കിയിട്ടില്ല എന്ന വിവരം അറിയിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.7.3 ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടത് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ്. തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ഈ ഓഫീസിൽ അറിയിച്ചിട്ടില്ലാത്തതാകുന്നു.

**തുടർ ശിപാർശ**

**2.7.4 ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 79</u>

**ശിപാർശ**

2.8.1 മുകളിൽ പറഞ്ഞ 10 വർക്കുകൾക്കായി നൽകിയ മുൻകൂർ തുകയായ 10,27,650 രൂപ ഫൈനൽ ബില്ലിൽ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് തൃശ്ശൂർ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത വർക്കുകൾക്ക് മുൻകൂർ തുക നൽകിയതിനും അത് ഫൈനൽ ബില്ലിൽ അഡ്ജസ്റ്റ് ചെയ്യാതിരുന്നതിനും ഉത്തരവാദികളായ അയ്യന്തോൾ ഗ്രാമപഞ്ചായത്തിലെ അന്നത്തെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തി അവരിൽ നിന്ന് പ്രസ്തുത തുക ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.8.2 3-11-2011-ന് നഗരകാര്യ ജോയിന്റ് ഡയറക്ടറും തൃശ്ശൂർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറും തൃശ്ശൂർ കോർപ്പറേഷന്റെ അയ്യന്തോൾ സോണൽ ഓഫീസ് സന്ദർശിക്കുകയും 15-ാമത് റിപ്പോർട്ടിൽ പരാമർശിക്കുന്ന 1998-99-ലെ 10 എഞ്ചിനീയറിംഗ് വർക്കുകളുടെ ലഭ്യമായ രേഖകൾ പരിശോധിക്കുകയും ചെയ്തിരുന്നു. ചെലവ് രജിസ്റ്ററും, മെഷർമെന്റ് ബുക്കും, ടി കാലയളവിലെ ലഭ്യമായ മറ്റ് രജിസ്റ്ററുകളും പരിശോധിച്ചിരുന്നു. എന്നാൽ ടി കാലയളവിലെ പ്രസക്തമായ, 98 ഡിസംബർ വരെയുള്ള ഹാജർ പുസ്തകമോ, ക്യാഷ്ബുക്കോ പരിശോധനയ്ക്ക് ലഭ്യമായില്ല. ആയതുകൊണ്ട് ടി കാലയളവിലെ 10 പ്രവൃത്തികൾക്ക് മുൻകൂർ നൽകിയ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരൊക്കെയൊണെന്ന് പഞ്ചായത്ത് രേഖകൾ വച്ച് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ കോർപ്പറേഷൻ സെക്രട്ടറി 24-9-2009-ൽ അയച്ചുതന്ന എ 7-2050/05 നമ്പർ കത്തിൽ, ശ്രീ. ടി. സോമനാഥൻ, എക്സിക്യൂട്ടീവ് ഓഫീസർ, ശ്രീ. ടി. ദേവസ്സി, അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീ. സി. ചന്ദ്രൻ, ഓവർസിയർ എന്നിവരാണ് 1997-98 കാലയളവിൽ അയ്യന്തോൾ ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്നത് എന്ന് റിപ്പോർട്ട് ചെയ്തിരുന്നു. 1998-99 കാലയളവിലെ ജീവനക്കാരുടെ വിവരങ്ങളാണ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടത്. 1999 ജനുവരി

മാസം മുതലുള്ള ഹാജർ പുസ്തകം പരിശോധിച്ചതിൽ സെക്രട്ടറി ശ്രീ. പി. സോമനാഥൻ എന്നിവരാണ്. ടിയാനെ പഞ്ചായത്ത് ഡയറക്ടറുടെ 6-1-1999-ലെ ഡി2-17806/98 നമ്പർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്തതായും, 1999 ജനുവരി 13 മുതൽ 29-1-1999 വരെ ശ്രീമതി ടി. സി. ലക്ഷ്മി എന്നിവർക്ക് അഡീഷണൽ ചാർജ്ജ് നൽകിയതായും 29-1-1999-ന് ശ്രീ. അനന്തനാരായണൻ സെക്രട്ടറിയായി ചുമതലയേൽക്കുകയും ചെയ്തതായി കാണുന്നു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായി സർവ്വീസിൽനിന്നും പിരിഞ്ഞ ശ്രീ. പി. സോമനാഥന്റെ സേവനവിവരങ്ങൾ പഞ്ചായത്ത് ഡയറക്ടറേറ്റിൽ അന്വേഷിച്ചതിൽ നിന്നും ടിയാൻ 26-2-1996 മുതൽ 9-11-1999 വരെ മുൻ അയ്യന്തോൾ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്നു എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ പറഞ്ഞ ഉദ്യോഗസ്ഥൻ തന്നെയാണ് 1998-1999 കാലയളവിൽ അയ്യന്തോൾ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്നത് എന്ന ധാരണയിൽ ടിയാനും മറ്റു ഉദ്യോഗസ്ഥർക്കും തൃശ്ശൂർ കോർപ്പറേഷന്റെ അയ്യന്തോൾ സോണൽ ഓഫീസിലെ 8-11-2011-ലെ രേഖകൾ പരിശോധന സംബന്ധിച്ച് അറിയിപ്പ് നൽകിയിരുന്നു. അഡ്വാൻസുകൾ ബന്ധപ്പെട്ട ഗുണഭോക്തൃ കൺവീനർമാർക്ക് നൽകിയിട്ടുള്ളത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്.

എന്നാൽ പരാമർശത്തിലെ 10 പ്രവൃത്തികളും പൂർത്തീകരിച്ച് ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുള്ളതും മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ലഭ്യമായ ചെലവ് രജിസ്റ്റർ പരിശോധിച്ചതിൽ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയ പ്രവൃത്തി കളുടെ തുക അധികരിച്ച് നൽകിയതായി കാണുന്നില്ല.

എന്നാൽ 10 പ്രവൃത്തികളിൽ തുക്കമാരക്കടം കളത്തിൽ നിന്നുള്ള ചാൽ അഭിവൃദ്ധി എന്ന പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരമുള്ള തുക 5,26,005 രൂപ ആണെങ്കിലും ചെലവ് രജിസ്റ്റർ പ്രകാരം നൽകിയിട്ടുള്ള തുക 2,00,000 രൂപയാണ്. മറ്റ് പ്രവൃത്തികളിൽ ചെലവ് രജിസ്റ്റർ പ്രകാരമുള്ള തുക മെഷർമെന്റ് ബുക്ക് പ്രകാരമുള്ള തുകയിൽ നിന്ന് അധികരിച്ചിട്ടില്ല എന്നും കാണുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.8.3 പ്രാദേശിക പരിശോധനയിൽ 10 പ്രവൃത്തികളിലായി ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക 10,27,650 രൂപ ഇതുവരെ ക്രമീകരിച്ചതായി കാണുന്നില്ല. മറുപടിയിൽ ചെലവു രജിസ്റ്ററിൽ എല്ലാ തുകകളും രേഖപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ടെന്ന് പറയുന്നുണ്ടെങ്കിലും ചെലവ് രജിസ്റ്ററോ, ബാങ്ക്/ട്രഷറി ബുക്കുകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലെന്നും അറിയിച്ചുകൊള്ളുന്നു.

**തുടർ ശിപാർശ**

**2.8.4 മുൻ അയ്യന്തോൾ ഗ്രാമപഞ്ചായത്തിലെ പരാമർശ വിധേയമായ 10 വർഷകളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തി അവരിൽ നിന്നും തുക ഈടാക്കണമെന്നുള്ള സമിതിയുടെ നിലവിലുള്ള ശിപാർശയിന്മേൽ നടപടി സ്വീകരിക്കണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 91

**ശിപാർശ**

2.9.1 ഏറിയാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വി. വി. ഉണ്ണികൃഷ്ണനെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ അദ്ദേഹത്തിനെതിരെയുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും അദ്ദേഹത്തിനെതിരെ കൈക്കൊള്ളുന്ന നടപടി സംബന്ധമായ റിപ്പോർട്ട് സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.9.2 ഏറിയാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വി. വി. ഉണ്ണികൃഷ്ണനിൽ നിന്നും ഓഡിറ്റ് തടസ്സപ്പെടുത്തിയ 1,08,678 രൂപ റവന്യൂ റിക്കവറി നടപടികളിലൂടെ പിരിച്ചെടുക്കുവാൻ 20-11-2007-ൽ എ-539/07 നമ്പരായി ജില്ലാ കളക്ടർക്ക് റിക്വിസിഷൻ സമർപ്പിച്ചിരുന്നു. ജില്ലാ കളക്ടറുടെ 10-11-2008-ലെ ജെ4-64216/07/കെ.ഡിസ്. നമ്പർ കത്ത് പ്രകാരം ശ്രീ. ഉണ്ണികൃഷ്ണൻ എന്നവരുടെ പേരിൽ സ്ഥാവര ജംഗമ സ്വത്തുക്കളൊന്നും ഇല്ലായെന്ന് അറിയിച്ചിട്ടുണ്ട്. 30-10-2006-ൽ സർവ്വീസിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞ ടിയാനെതിരെയുള്ള അച്ചടക്ക നടപടികൾ തീർപ്പാക്കാത്തതിനാൽ പ്രൊവിഷണൽ പെൻഷൻ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഗ്രാറ്റുവിറ്റിയും ഫൈനൽ പെൻഷനും നാളിതുവരെ നൽകിയിട്ടില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.9.3 ഈ വകുപ്പിൽ നിന്നും തുടർ നടപടികളൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല

**തുടർ ശിപാർശ**

**2.9.4 ഗ്രാമപഞ്ചായത്ത് മുൻസെക്രട്ടറിക്കെതിരായ അച്ചടക്ക നടപടി പൂർത്തിയാക്കി ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 98

**ശിപാർശ**

2.10.1 ആർ.ഡി.ബി.ക്ക് ചെക്ക് മുഖാന്തിരം നൽകിയ 6,00,000 രൂപ ട്രഷറി നിയന്ത്രണംമൂലം മാറ്റാൻ കഴിയാതെ വരികയും അവർ ചെക്ക് മടക്കി നൽകുകയും ചെയ്തിട്ടും ട്രഷറി നിയന്ത്രണം ഒഴിവാക്കി തുക മാറി നൽകുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് പുത്തൻചിറ ഗ്രാമപഞ്ചായത്തിലെ അന്നത്തെ സെക്രട്ടറിയുടെയും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരുടെയും ഭാഗത്ത് നിന്നുള്ള വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. 22-10-2000-ന് ആർ.ഡി.ബിക്ക് നൽകിയ 6,00,000 രൂപയുടെ ചെക്ക് യഥാസമയം മാറി നൽകാൻ കഴിയാത്തതുമൂലം പഞ്ചായത്തിനുണ്ടായ നഷ്ടം ബന്ധപ്പെട്ട സെക്രട്ടറി, മറ്റുദ്യോഗസ്ഥർ എന്നിവരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ ആവശ്യത്തിലേയ്ക്ക് ആർ.ഡി.ബി.യിൽ നിന്ന് എടുത്തിരുന്ന വായ്പ, പലിശ, പിഴപ്പലിശ എന്നീ ഇനങ്ങളിൽ പഞ്ചായത്ത് തിരിച്ചടച്ച തുക എന്നിവ സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് സമിതിക്ക് നൽകണമെന്നും നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.10.2 ആർ.ഡി.ബി. വായ്പ തിരിച്ചടവിലേയ്ക്ക് അടച്ച 6,00,000 രൂപയുടെ ചെക്ക്, ട്രഷറി നിയന്ത്രണംമൂലം മാറ്റാൻ കഴിയാതെ വന്നതിനാൽ, വായ്പാ തുക ഗഡുക്കളായി അടയ്ക്കുവാൻ അനുവദിക്കണമെന്ന് അന്നത്തെ സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചതിനെ തുടർന്ന് കേരള സർക്കാരിന്റെ 18-12-2002-ലെ 3559/02/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും പണം അടയ്ക്കാം എന്നതിന്റെ അടിസ്ഥാനത്തിൽ ആർ.ഡി.ബി. യിലേയ്ക്ക് പണം അടച്ചുവരുന്നുണ്ട്. ആകെ വായ്പാ തുക 19,67,333 രൂപ 26-7-1991 മുതൽ 29-2-2008 വരെ പലിശ അടക്കം 19,77,696 രൂപ അടച്ചിട്ടുണ്ട്. ബാക്കി 24,87,550 രൂപ അടച്ച് തീർക്കുവാനുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.10.3 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നമ്പർ 98 പ്രകാരമുള്ള വിഷയത്തിൽ തൃശ്ശൂർ ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഫീസിൽ വച്ച് നടത്തിയ പരിശോധനയിൽ 26-7-1991 മുതൽ 29-2-2008 വരെ 19,77,696 രൂപ ആർ.ഡി.ബി.യിൽ അടവാക്കിയത് ബോധ്യമായിട്ടുള്ളതാണ്. പിന്നീട് തുക അടവാക്കുന്നതിൽ വീഴ്ച സംഭവിച്ചതിനാൽ തുക തിരികെ

ലഭ്യമാക്കുവാൻ ആർ.ഡി.ബി. മുകുന്ദപുരം തഹസിൽദാർ വഴി റവന്യൂ റിക്കവറി നടപടി ആരംഭിച്ചതിനുശേഷം 2008-2009, 2009-2010, 2010-2011, 2011-2012 എന്നീ നാല് സാമ്പത്തിക വർഷങ്ങളിലായി 4,00,000 രൂപ വീതം ആകെ 16,00,000 രൂപ മുകുന്ദപുരം തഹസിൽദാർ മുഖേന ആർ.ഡി.ബി.യിലേയ്ക്ക് അടവാക്കിയത് പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. ഇനിയും 8,87,550 രൂപ അടവാക്കുവാൻ ബാക്കി നിൽക്കുന്നുണ്ട്.

**തുടർ ശിപാർശ**

**2.10.4 പലിശയിനത്തിൽ കൂടുതൽ ബാധ്യത ഉണ്ടാകാതിരിക്കുവാൻ അവശേഷിക്കുന്ന തുക സമയബന്ധിതമായി അടച്ചുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 102

**ശിപാർശ**

2.11.1 ആയതിനാൽ കൊമ്പത്ത് കടവ് കുടിവെള്ള വിതരണ പദ്ധതിയ്ക്കായി വാങ്ങി ഉപയോഗ ശൂന്യമായി പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള സാധനങ്ങൾ ഈ പദ്ധതിയ്ക്ക് തന്നെയോ അല്ലെങ്കിൽ പഞ്ചായത്തിലെ തന്നെ മറ്റേതെങ്കിലും കുടിവെള്ള പദ്ധതിയ്ക്കായോ ഉപയോഗപ്പെടുത്തുന്നതിനുള്ള സാദ്ധ്യത പഞ്ചായത്ത് കമ്മിറ്റി ഗൗരവപൂർവ്വം ആലോചിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.11.2 കൊമ്പത്ത് കടവ് കുടിവെള്ള പദ്ധതിക്കായി വാങ്ങി പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള സാധന സാമഗ്രികൾ പരിശോധിച്ച് മറ്റേതെങ്കിലും കുടിവെള്ള പദ്ധതിയ്ക്ക് ഉപയോഗിക്കാനാവുമോ എന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ, വാർഡ് മെമ്പർമാർ എന്നിവരെ ചുമതലപ്പെടുത്തിക്കൊണ്ട് 31-10-2007-ൽ 11-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ട്. 2008-09 വർഷത്തിൽ ചേലിക്കര പാടശേഖരത്തിൽ നെൽ കൃഷിക്ക് മോട്ടോർ സ്ഥാപിച്ച് വെള്ളം പമ്പ് ചെയ്യൽ എന്ന പദ്ധതിയ്ക്ക് ഈ പൈപ്പുകൾ ഉപയോഗിക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. എന്നാൽ ടി പൈപ്പുകൾ എസ്.സി.പി. പദ്ധതി പ്രകാരം വാങ്ങിയ പൈപ്പായതിനാൽ ജനറൽ പദ്ധതിക്ക് ഉപയോഗിക്കുവാൻ കഴിഞ്ഞില്ലെന്നും ടി പൈപ്പുകൾ പഞ്ചായത്തിന്റെ അധീനതയിൽ സൂക്ഷിച്ചിട്ടുള്ളതായും പുത്തൻചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 19-8-2011-ലെ 3634/11 നമ്പർ കത്തിൽ അറിയിച്ചിട്ടുണ്ടെന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.11.3 ഈ വകുപ്പിൽനിന്നും തുടർ നടപടികൾ ഒന്നും സ്വീകരിക്കുവാനില്ല എന്നുള്ള വിവരം അറിയിക്കുന്നു.

<u>14-8-2013-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം</u>

2.11.4 പൈപ്പുകൾ ഉപയോഗ്യമാക്കിയത് സംബന്ധിച്ച നിലവിലെ സ്ഥിതി പതിനഞ്ചു ദിവസത്തിനകം അറിയിക്കുക.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.11.5 പ്രസ്തുത പൈപ്പുകൾ ഉപയോഗിച്ച് നടപ്പിലാക്കാവുന്ന എസ്.സി.പി. പദ്ധതികൾ കണ്ടെത്തുന്നതിന് നാളിതുവരെ സാധിക്കാത്തതിനാൽ പൈപ്പുകൾ ഉപയോഗ യോഗ്യമാക്കിയിട്ടില്ലെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.11.6 വാട്ടർ അതോറിറ്റിയുടെ കൈവശം ഇരിക്കുന്ന കിണറും മറ്റ് പമ്പിംഗ് സംവിധാനങ്ങളും പഞ്ചായത്തിന്റെ അധീനതയിൽ കൊണ്ടു വന്നിട്ടില്ല. മേൽ പദ്ധതിയ്ക്കായി വാങ്ങിയ സാധനങ്ങൾ ഇപ്പോഴും പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്.

<u>14-12-2016-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം</u>

2.11.7 കൊമ്പത്തു കടവ് കുടിവെള്ള പദ്ധതിയ്ക്കായി വാങ്ങിയ പൈപ്പുകൾ ഉപയോഗിച്ച് നടപ്പിലാക്കാവുന്ന എസ്.സി.പി. പദ്ധതികൾ കണ്ടെത്തി പൈപ്പുകൾ ഉപയോഗയോഗ്യമാക്കാൻ നടപടി സ്വീകരിക്കുക, അതിനു സാധിക്കാത്തപക്ഷം ഇല്ലാത്ത പ്രോജക്ടിനുവേണ്ടി ചെലവായ തുക പലിശ സഹിതം ടി പ്രോജക്ട് ആരംഭിക്കാൻ തീരുമാനമെടുത്ത ഭരണ സമിതി അംഗങ്ങൾ, പഞ്ചായത്ത് സെക്രട്ടറിയടക്കമുള്ള ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുക.

**തുടർ ശിപാർശ**

**2.11.8 കൊമ്പത്തു കടവ് കുടിവെള്ള പദ്ധതിയ്ക്കായി വാങ്ങിയ പൈപ്പുകൾ ഉപയോഗിച്ച് നടപ്പിലാക്കാവുന്ന എസ്.സി.പി. പദ്ധതികൾ കണ്ടെത്തി പൈപ്പുകൾ ഉപയോഗയോഗ്യമാക്കുവാൻ നടപടി സ്വീകരിക്കുവാനും അതിനു സാധിക്കാത്തപക്ഷം ഇല്ലാത്ത പ്രോജക്ടിനുവേണ്ടി ചെലവായ തുക പലിശ സഹിതം ടി പ്രോജക്ട് ആരംഭിക്കാൻ തീരുമാനമെടുത്ത ഭരണ സമിതി അംഗങ്ങൾ, പഞ്ചായത്ത് സെക്രട്ടറി യടക്കമുള്ള ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

## ഖണ്ഡിക നമ്പർ 126

### ശിപാർശ

2.12.1 സാമൂഹ്യ വനവൽക്കരണത്തിനായി വനം വകുപ്പ് പഞ്ചായത്തിനനുവദിച്ച 54,993 രൂപ കൊണ്ട് പഞ്ചായത്ത്, ഹരിത മുഖേന റോഡരികിൽ വച്ചു പിടിപ്പിച്ച 5,475 വൃക്ഷ തൈകൾ ഒന്നുപോലും അവശേഷിക്കാതെ നഷ്ടപ്പെട്ടുപോയത് തൈകൾക്ക് വേണ്ട വിധത്തിലുള്ള സംരക്ഷണം ലഭിക്കാതിരുന്നതുകൊണ്ടാണെന്ന് സമിതി വിലയിരുത്തുന്നു. വൃക്ഷ തൈകളുടെ സംരക്ഷണ ജോലികൾ ചെയ്തുകൊള്ളാമെന്ന് പഞ്ചായത്തുമായി ഹരിത വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത വ്യവസ്ഥ ഹരിത പാലിക്കാതിരുന്നതിനാലാണ് തൈകളെല്ലാം തന്നെ നഷ്ടപ്പെട്ടുപോകാൻ ഇടയായത്. ആയതിനാൽ വൃക്ഷ തൈകളുടെ സംരക്ഷണത്തിനായി വ്യവസ്ഥ ചെയ്തിട്ട്, ആയത് പാലിക്കാതിരുന്ന ഹരിത കൺവീനറുടെ പേരിൽ ഉത്തരവാദിത്വം നിജപ്പെടുത്തി ടിയാൾക്ക് നോട്ടീസ് നൽകിക്കൊണ്ട് ഇതിന്മേലുള്ള ബാധ്യതാ തുക ഈടാക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് മറുപടി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ മേൽ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല എന്നും ആയതിനാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### 13-2-2008-ലെ യോഗത്തിലെ സമിതി നിർദ്ദേശം

2.12.2 ശ്രീമതി രമ ആതിരപ്പിള്ളി സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ടിലെ ശിപാർശയുമായി ബന്ധപ്പെട്ട് നൽകിയ പരാതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന് നൽകാൻ തീരുമാനിച്ചു.

### സമിതിയുടെ 13-2-2008-ലെ യോഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച അന്വേഷണ റിപ്പോർട്ട്

2.12.3 ബഹുമാനപ്പെട്ട നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)-യുടെ നിർദ്ദേശാനുസരണം തൃശ്ശൂർ ജില്ല ആതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ 11-8-2008-ന് SPAO നടത്തിയ അന്വേഷണ റിപ്പോർട്ട്.

ഗ്രാമപഞ്ചായത്തുകളിൽ സാമൂഹ്യ വനവൽക്കരണ പദ്ധതി പ്രകാരം നഴ്സറികൾ ഉണ്ടാക്കുന്നതിനും, തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും, വനം വകുപ്പിൽ നിന്ന് നീക്കി വച്ചിട്ടുള്ള തുകയിൽ നിന്നും ഓരോ ലക്ഷം രൂപ വീതം ആതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് ഉൾപ്പെടെ തൃശ്ശൂർ ജില്ലയിലെ എട്ട് ഗ്രാമപഞ്ചായത്തുകൾക്ക് 1998 മാർച്ച് മുതൽ അനുവദിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തുകളുടെ കീഴിലുള്ള വിദ്യാലയങ്ങളുടെ ചുറ്റുമുള്ള സ്ഥലം, പൊതു ശ്മശാനം തുടങ്ങി തുറസ്സായി കിടക്കുന്ന സ്ഥലങ്ങളിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും, അവയ്ക്ക് വേലികെട്ടി സംരക്ഷിക്കുന്നതിനും, നടുന്നതിന്

ആവശ്യമുള്ള തൈകൾ ഉല്പാദിപ്പിക്കുന്നതിനുള്ള നഴ്സറികൾ ഉണ്ടാക്കുന്നതിനുമാണ് ടി തുക ഉപയോഗിക്കേണ്ടിയിരുന്നത്. തോട്ടം ഉണ്ടാക്കുന്നതിനും, അവ വേലികെട്ടി സംരക്ഷിക്കുന്നതിനും ഹെക്ടർ ഒന്നിന് 15,000 രൂപ ചെലവ് കണക്കാക്കിയാണ് പദ്ധതി രൂപകല്പന ചെയ്തിരുന്നത്. പ്രസ്തുത തുക, നഴ്സറിയും തോട്ടങ്ങളും ഉണ്ടാക്കുന്നതിനു മാത്രമേ ഉപയോഗിക്കാവൂയെന്നും, മറ്റ് ആവശ്യങ്ങൾക്ക് വക മാറ്റി ചെലവാക്കരുതെന്നും ഇത് സംബന്ധമായി ഫോറസ്റ്റ് അസിസ്റ്റന്റ് കൺസർവേറ്റർ, തൃശ്ശൂർ ജില്ലാപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് 31-3-1998-ൽ അയച്ച കത്തിൽ വ്യക്തമാക്കിയിരുന്നു.

ഇതിനെ തുടർന്ന് 9-10-1998-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരം ചാലക്കുടി വാഴച്ചാൽ റോഡിന്റെ ചക്ലായി മുതൽ കണ്ണംകുഴി വരെ റോഡിന്റെ ഇരു വശങ്ങളിലും ആയുർവേദ ആശുപത്രി, ഹൈസ്കൂൾ, ശ്മശാനം എന്നിവിടങ്ങളിലും തൈകൾ നടുന്നതിന് തീരുമാനിക്കുകയുണ്ടായി. ആയതിലേയ്ക്ക് തൈകൾ ലഭ്യമാക്കുന്നതിന് quotation വിളിക്കുകയും, ഹരിത DWCRA യൂണിറ്റിനെ (വെറ്റിലപ്പാറ) എന്ന സംഘടനയെ ഏൽപ്പിക്കുകയും ചെയ്തു. തൈ ഒന്നിന് 5 രൂപ പ്രകാരം 10475 തൈകൾ പ്രസ്തുത സംഘടന ലഭ്യമാക്കുകയും, അവ നടുന്നതിന്, കൂലിയായി തൈ ഒന്നിന് 25 പൈസ പ്രകാരവും ആകെ 54,993 രൂപ ടി സംഘടനയ്ക്ക് നൽകുകയും ചെയ്തു.

താഴെപ്പറയുന്ന കാരണങ്ങളാൽ, വനം വകുപ്പിന്റെ പദ്ധതി വിഭാവനം ചെയ്തിരുന്നതിന് വിരുദ്ധമായിട്ടാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതും നടപ്പിലാക്കിയിരിക്കുന്നതും എന്ന് കാണാവുന്നതാണ്.

1. PWD റോഡിന്റെ ഇരുവശങ്ങളിൽ വൃക്ഷ തൈകൾ നടുന്നതിന് മുമ്പ് പ്രസ്തുത വകുപ്പിന്റെ അനുവാദം വാങ്ങിയിരുന്നില്ല. ഭാവിയിൽ നിലവിലുള്ള റോഡിന് വീതി കൂട്ടുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ എന്ന് ആരായാതെയാണ് തൈകൾ നട്ടത്.

2. നട്ട തൈകൾ സംരക്ഷിക്കുന്നതിന് യാതൊരു തുടർ പദ്ധതികളും പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നില്ല.

3. നഴ്സറിയും തോട്ടങ്ങളും ഉണ്ടാക്കുന്നതിനും പരിപാലിക്കുന്നതിനും ഉള്ള ഒരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിരുന്നില്ല.

4. ഇരുവശവും വൃക്ഷ നിബിഡമായ പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന റോഡിന്റെ വശങ്ങളിൽ വൃക്ഷ തൈകൾ നടുന്നതിന് തീരുമാനം എടുത്തത്, കിട്ടിയ തുക എങ്ങനെയെങ്കിലും ചെലവാക്കുകയെന്ന ഉദ്ദേശ്യത്തോടെ മാത്രമാണ്. നട്ട തൈകൾ സംരക്ഷിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കാത്തതുകൊണ്ട്, ഭൂരിഭാഗം തൈകളും നശിച്ചുപോകുകയും, അവശേഷിച്ചവ, റോഡിന് വീതി കൂട്ടിയ അവസരത്തിൽ മുറിച്ചുമാറ്റുകയും ചെയ്തു. സ്കൂൾ, ആശുപത്രി, ശ്മശാനം എന്നിവിടങ്ങളിൽ 206 മരങ്ങൾ

ശേഖരിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പൊതു പണം ചെലവാക്കമ്പോൾ പാലിക്കേണ്ട ശ്രദ്ധാന്തിയും ഉത്തരവാദിത്വവും നിറവേറ്റാതെയാണ് പഞ്ചായത്ത് കമ്മിറ്റിയും സെക്രട്ടറിയും പെരുമാറിയിരിക്കുന്നത്. പരാമർശ വിധേയമായിട്ടുള്ള തുക ആഡിറ്റിൽ തടസ്സപ്പെടുത്തിയതിനെ തുടർന്ന് വൃക്ഷ തൈകൾ വിതരണം ചെയ്ത DWCRA കൺവീനർ, ശ്രീമതി രമാശിവദാസിൽ നിന്നും തുക ഈടാക്കുന്നതിനുവേണ്ടി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയുണ്ടായി. അതിനെതിരെ ശ്രീമതി രമാശിവദാസൻ ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ പരാതി സമർപ്പിച്ചിരുന്നു. വൃക്ഷ തൈകൾ നൽകുന്നതിനും, നടുന്നതിനും മാത്രമേ DWCRA യൂണിറ്റിന് ബാദ്ധ്യത ഉണ്ടായിരുന്നുള്ളൂ എന്നും, അവർ നൽകിയ Blank മുദ്ര പത്രത്തിൽ തൈകൾ പരിപാലിക്കുന്നതിനുള്ള ചുമതല DWCRA യൂണിറ്റിന് ഉണ്ട് എന്ന് എഴുതി ചേർത്ത്, അവർക്കെതിരെ പഞ്ചായത്ത് നടപടി സ്വീകരിക്കുകയാണ് ഉണ്ടായതെന്നുമാണ് ശ്രീമതി രമയുടെ പരാതി.

ഫയലിൽ സൂക്ഷിച്ചിരിക്കുന്ന കരാർ ഉടമ്പടി പരിശോധിച്ചതിൽ അവരുടെ ആരോപണം താഴെപ്പറയുന്ന കാരണങ്ങളാൽ ശരിയാണെന്ന് ബോദ്ധ്യപ്പെട്ടു

(i) കരാർ ഉടമ്പടി എഴുതിയിരിക്കുന്ന നാല് മുദ്രപത്രങ്ങളിൽ, ആദ്യത്തെ മൂന്ന് എണ്ണവും നെടുകെ വരച്ചതിനുശേഷം, വരയ്ക്ക് മുകളിൽ കൂടിയാണ് എഴുതിയിരിക്കുന്നത്.

(ii) 23-10-1998-ൽ വാങ്ങിയ മുദ്രപത്രങ്ങളിൽ 10-9-1998, 12-10-1998 എന്നീ തീയതികളിലാണ് ശ്രീമതി രമാ ശിവദാസൻ ഒപ്പിട്ടിരിക്കുന്നത്. Agreement-ന്റെ ഒന്നാം പേജിൽ തലവാചകമായി കൊടുത്തിരിക്കുന്നത് Agreement No. 55/98/ dated 25/x/98 എന്നാണ്.

(iii) അക്കാലത്ത് പഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീമതി ഏലിയാമ്മ ചാക്കോയുടെ statement-ൽ പഞ്ചായത്ത് Head Clerk ആണ് ഹരിത DWCRA യൂണിറ്റ് പഞ്ചായത്തുമായി വച്ചിട്ടുള്ള മുദ്ര പത്രത്തിൽ ക്വട്ടേഷൻ നോട്ടീസിലുള്ള നിബന്ധന പ്രകാരം കരാർ എഴുതിയിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(iv) മേൽ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ക്വട്ടേഷൻ നോട്ടീസ് ഫയലിൽ ലഭ്യമായിരുന്നില്ല. എന്നാൽ 30-6-1998-ൽ DWCRA സമർപ്പിച്ച ക്വട്ടേഷനിൽ തൈകൾ വാങ്ങിയതിനുശേഷം ചീഞ്ഞുപോയാൽ, യൂണിറ്റിന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

അതിനാൽ DWCRA കൺവീനർ ശ്രീമതി രമാ ശിവദാസനിൽ നിന്നും പഞ്ചായത്തിനുണ്ടായ നഷ്ടം വസൂലാക്കുന്നതിനുള്ള നടപടി നീതിപൂർവ്വമല്ല. അതുകൊണ്ട് അവർക്ക് എതിരെയുള്ള RR നടപടി പിൻവലിക്കേണ്ടതാണ്.

ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടാനാവാതെ, പാഴ് ചെലവാക്കപ്പെട്ട തുക, തീരുമാനമെടുത്ത പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ, അന്നത്തെ നിർവ്വഹണ ഉദ്യോഗസ്ഥയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കരാർ തയ്യാറാക്കുന്നതിൽ ബോധപൂർവ്വം വീഴ്ച വരുത്തിയ Head Clerk എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>8-9-2008-ലെ യോഗത്തിലെ സമിതി തീരുമാനം</u>

2.12.4 ശ്രീമതി രമാ ശിവദാസന്റെ പരാതിയിന്മേൽ ഗവൺമെന്റ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി 24-9-2008-ലെ സമിതിയുടെ തൃശ്ശൂർ സന്ദർശന വേളയിൽ ശ്രീമതി രമാ ശിവദാസനിൽ നിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു.

<u>24-9-2008-ലെ തെളിവെടുപ്പ് യോഗത്തിൽ DWCRA കൺവീനർ ശ്രീമതി രമാ ശിവദാസൻ സമിതി മുമ്പാകെ നൽകിയ മറുപടി</u>

2.12.5 സാമൂഹ്യ വനവൽക്കരണത്തിനായി അനുവദിച്ച വൃക്ഷങ്ങൾ നട്ടു പിടിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യാമെന്ന് ഏറ്റിട്ടില്ലെന്നും, ബ്ലാങ്ക് മുദ്ര പത്രത്തിൽ ഒപ്പിട്ടുകൊടുത്തിട്ടുണ്ടെന്നും 5000-ൽ അധികം വൃക്ഷത്തൈകൾ സ്കൂൾ കോമ്പൗണ്ടിലും പഞ്ചായത്ത് ഓഫീസിന്റെ പരിസരത്തും നട്ടിട്ടുണ്ടെന്നും, ഒരു തൈക്ക് അഞ്ചു രൂപ നിരക്കിലാണ് വാങ്ങിയതെന്നും, ഒരു തൈ നടുന്നതിന് 25 പൈസ കൂലിയായെന്നും ശ്രീമതി രമാ ശിവദാസൻ സമിതി മുമ്പാകെ ബോധിപ്പിച്ചു. 5000-ൽ അധികം വൃക്ഷത്തൈകൾ വളർത്താൻ പറ്റിയ നഴ്സറി ഡി.ഡബ്ല്യൂ.സി.ആർ.എ. എന്ന സംഘടന ഉണ്ടാക്കിയിരുന്നുവെന്നും അത് നഷ്ടത്തിലാണ് അവസാനിച്ചതെന്നും 56,000 രൂപയാണ് നൽകിയതെന്നും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടു തന്നെയാണ് ടി തുക നൽകിയതെന്നും തങ്ങൾക്ക് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു ലക്ഷം രൂപയോളം നഷ്ടം ഉണ്ടായി എന്നും സാമൂഹ്യ പ്രതിബദ്ധതയുടെ അടിസ്ഥാനത്തിലാണ് ഇത് തുടർന്നതെന്നും ശ്രീമതി രമാ ശിവദാസൻ സമിതി മുമ്പാകെ അറിയിച്ചു.

<u>24-9-2008-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ നൽകിയ മറുപടി</u>

2.12.6 ക്വട്ടേഷൻ നോട്ടീസ് ഫയലിൽ ഇല്ലെന്നും സെക്ഷൻ ക്ലാർക്കാണ് കരാർ എഴുതി തയ്യാറാക്കിയതെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

<u>10-6-2009-ലെ യോഗത്തിലെ സമിതി നിർദ്ദേശം</u>

2.12.7 ശ്രീമതി രമാ ശിവദാസനെതിരെ റവന്യൂ റിക്കവറി നടത്തേണ്ടതില്ലെന്നും പരാമർശ കാലയളവിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഹെഡ് ക്ലാർക്ക് എന്നിവരാണ് നഷ്ടത്തിനുത്തരവാദികൾ എന്നതിനാൽ നഷ്ടം അവരുടെ ബാധ്യതയായി കണക്കാക്കി അവരിൽ നിന്നും ഈടാക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.12.8 വിഷയം പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും 31-12-2007-ലെ 14/1 നമ്പർ തീരുമാനപ്രകാരം ഹരിത DWCRA കൺവീനറായ ശ്രീമതി രമാ ശിവദാസനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ 11-1-2008-ൽ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുകയും ചെയ്യതിന്റെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചെങ്കിലും ടി കക്ഷികൾ ബഹു. കേരള ഹൈക്കോടതിയിൽ നിന്ന് ഇടക്കാല സ്റ്റേ ഉത്തരവ് ലഭ്യമാക്കിയതിനെ തുടർന്ന് റവന്യൂ റിക്കവറി നടപടികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 4-2-2011-ലെ എ 1-56/2011 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്ന് ബോധിപ്പിച്ചുകൊള്ളുന്നു (30-3-2012-ലെ കത്ത് മുഖേന ലഭ്യമായത്).

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.12.9 ഈ വകുപ്പിൽ നിന്നും തുടർ നടപടികൾ നിർദ്ദേശിച്ചിട്ടില്ല.

**തുടർ ശിപാർശ**

**2.12.10 കോടതിയിൽ നിലനില്ക്കുന്ന കേസിന്മേലുള്ള സ്റ്റേ നീക്കം ചെയ്യാനും ബാധ്യത തുക സമിതിയുടെ 10-6-2009-ലെ യോഗ നിർദ്ദേശ പ്രകാരം യഥാർത്ഥ നഷ്ടോത്തരവാദികളിൽ നിന്നും ഈടാക്കാനുമുള്ള നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 130</u>

**ശിപാർശ**

2.13.1 ആഡിറ്റ് റിപ്പോർട്ടിൽ പരാമർശമുള്ള ഫയലുകൾ വിജിലൻസിൽ നിന്നും ലഭ്യമാക്കി വിശദമായി പരിശോധിച്ച് 30 ദിവസത്തിനുള്ളിൽ സർച്ചാർജ് നടപടികൾ പൂർത്തിയാക്കണമെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.13.2 പരാമർശ വിഷയം സംബന്ധിച്ച് വിജിലൻസ് കോടതിയിൽ നിലനിൽക്കുന്ന കേസ് സംബന്ധമായി സമർപ്പിച്ചിരിക്കുന്ന ഫയലുകൾ തിരികെ ലഭ്യമായിട്ടില്ല എന്ന വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 18-2-2011-ലെ എ 1-939/2011 നമ്പർ കത്ത് വഴി അറിയിച്ചിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു. ഫയലുകൾ തിരികെ ലഭ്യമാകുന്ന മുറയ്ക്ക് മറുപടി സമർപ്പിക്കുന്നതാണെന്ന് ബോധിപ്പിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.13.3 തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ നാളിതുവരെ അറിയിച്ചിട്ടില്ല

**തുടർ ശിപാർശ**

**2.13.4 വിജിലൻസ് കോടതിയിൽ നിലനിൽക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 131</u>

**ശിപാർശ**

2.14.1 ഇതു സംബന്ധിച്ച് വിജിലൻസിലുള്ള കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നുള്ള വിവരവും സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.14.2 6-12-2007-ലെ വി.ഇ.27/01/ടി.എസ്.ആർ. കത്ത് പ്രകാരം ഫയലുകൾ വിജിലൻസ് എൻക്വയറി റിപ്പോർട്ടിനൊപ്പം വിജിലൻസ് ഡയറക്ടർ 31-12-2002-ൽ ഗവൺമെന്റിലേയ്ക്ക് അയച്ചിട്ടുള്ളത് തിരികെ ലഭിച്ചിട്ടില്ല എന്ന് തൃശ്ശൂർ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് അറിയിച്ചിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.14.3 തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ നാളിതുവരെ അറിയിച്ചിട്ടില്ല.

**തുടർ ശിപാർശ**

**2.14.4 വിജിലൻസ് കോടതിയിൽ നിലനിൽക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 132</u>

**ശിപാർശ**

2.15.1 വിജിലൻസ് എൻക്വയറി റിപ്പോർട്ടിനോടൊപ്പം വിജിലൻസ് ഡയറക്ടറുടെ ഓഫീസിലേക്ക് അയച്ച ബന്ധപ്പെട്ട ഫയലുകൾ എത്രയും വേഗം പരിശോധനാ വിധേയമാക്കണമെന്നും പരിശോധനാ റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്നും ആഭ്യന്തര വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

<u>തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി</u>

2.15.2 വിജിലൻസ് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ സമർപ്പിക്കപ്പെട്ട ഫയലുകൾ നാളിതുവരെയായി തിരികെ ലഭ്യമായിട്ടില്ലെന്ന് അന്നമനട ഗ്രാമപഞ്ചായത്ത് സെക്രട്ടറി 18-2-2011-ലെ എ 1-939/11 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്ന് ബോധിപ്പിച്ചു കൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.15.3 തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ നാളിതുവരെ അറിയിച്ചിട്ടില്ല.

<u>വിജിലൻസ് വകുപ്പ് സ്വീകരിച്ച നടപടി</u>

2.15.4 തൃശ്ശൂർ ജില്ലയിലെ അന്നമനട ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ചിറയംചാൽ മത്സ്യ ബന്ധന പ്രോജക്ടിലെ ക്രമക്കേടുകൾ സംബന്ധിച്ച വി.ഇ. 27/01/ ടി.എസ്.ആർ. അന്വേഷണ റിപ്പോർട്ട് [വിജിലൻസ് എൻക്വയറി റിപ്പോർട്ടിന്റെയും ഡയറക്ടറുടെ 31-10-2002-ലെ ഇ 8 (വി.ഇ.27/2001 ടി.എസ്.ആർ.) 7067/2001 നമ്പർ കത്തിന്റെയും പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. അനുബന്ധം II] ബന്ധപ്പെട്ട ഫയലുകൾ സഹിതം വിജിലൻസ് ഡയറക്ടർ സർക്കാരിലെ വിജിലൻസ് വകുപ്പിന് സമർപ്പിച്ചിരിക്കുന്നു. ടി റിപ്പോർട്ട് പരിശോധിച്ചതിൽ ചിറയംചാൽ മത്സ്യബന്ധന പ്രോജക്ടിന്റെ കൺവീനർ ശ്രീ. പി. എ. വാസുദേവൻ 68,633 രൂപ അധികമായി കൊടുത്തിട്ടുള്ളതായി കണ്ടെത്തി. ടി പ്രോജക്ടിലെ മെഷർമെന്റ് രേഖപ്പെടുത്തിയിട്ടുള്ള റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. രവീന്ദ്രന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് അന്നമനട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. വി. കെ. ഗോപാലകൃഷ്ണൻ കൺവീനർക്ക് തുക അനുവദിച്ചത്. വിജിലൻസ് അന്വേഷണറിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുമ്പോൾ കൺവീനർ ശ്രീ. പി. എ. വാസുദേവൻ മരണപ്പെട്ടിരുന്നു. കൺവീനർ മരണപ്പെട്ടതിനാലും ടിയാന് അധിക തുക അനുവദിച്ചത് പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള മനഃപൂർവ്വമായ വീഴ്ച കൊണ്ടല്ലാത്തതിനാലും വിജിലൻസ് ഡയറക്ടർ വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്മേൽ നടപടിയൊന്നും ശിപാർശ ചെയ്തിട്ടില്ല. ടി വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്മേൽ ഉചിതമായ നടപടിയെടുക്കാൻ 13-1-2010-ലെ 10901/ഡി3/2002/വി.ജി. നമ്പർ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വിജിലൻസ് അന്വേഷണ റിപ്പോർട്ടിനോടൊപ്പം സർക്കാരിൽ സമർപ്പിച്ചിട്ടുള്ള ബന്ധപ്പെട്ട ഫയലുകൾ/(അനുബന്ധ രേഖകൾ) 27-10-2011-ലെ 3144/ഡി3/2008/ വി.ജി. നമ്പർ കത്ത് പ്രകാരം വിജിലൻസ് ഡയറക്ടർക്ക് തിരികെ അയച്ചിട്ടുള്ളതുമാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.15.5 വിജിലൻസ് വകുപ്പിൽനിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്നമനട ഗ്രാമപഞ്ചായത്തിൽ പോയി മേൽ വിഷയത്തിന്മേൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികൾ എന്തെന്ന് 15-6-2012-ൽ പരിശോധിക്കുകയുണ്ടായി. മേൽ വിഷയത്തിന്മേൽ ഗ്രാമപഞ്ചായത്ത് തുടർനടപടികൾ ഒന്നും സ്വീകരിച്ചു കാണുന്നില്ല. വിജിലൻസ് റിപ്പോർട്ടിൽ (വി.ഇ/27/01/TSR) ചിറയംചാൽ മത്സ്യബന്ധന പ്രോജക്റ്റിലെ കൺവീനർക്ക് 68,633 രൂപ അധികം നൽകിയതായി കണ്ടെത്തിയത് രേഖകൾ പരിശോധിച്ചതിൽനിന്നും ശരിയാണെന്ന് ബോദ്ധ്യമായിട്ടുള്ളതിനാൽ പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദേശിക്കപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്. കൂടാതെ വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്മേൽ ഉചിതമായ നടപടികൾ സ്വീകരിക്കാൻ വിജിലൻസ് ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പിന് ശിപാർശ നല്കിയിരുന്നെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ പ്രസ്തുത വിഷയത്തിന്മേൽ ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കുവാൻ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

### തുടർ ശിപാർശ

**2.15.6 വിജിലൻസ് കോടതിയിൽ നിലനില്ക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പ് കല്പിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 136</u>

### ശിപാർശ

2.16.1 ബന്ധപ്പെട്ട രേഖകൾ 11-11-2005-ന് മുമ്പ് ലോക്കൽ ഫണ്ട് ആഡിറ്റിന് കൈമാറണമെന്ന് തെളിവെടുപ്പുയോഗത്തിൽ സമിതി ബന്ധപ്പെട്ട സെക്രട്ടറിക്ക് നൽകിയ നിർദ്ദേശമനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് അനുബന്ധ രേഖകൾ പരിശോധിച്ച് സമിതിക്ക് നല്കിയ റിപ്പോർട്ടിൽ പദ്ധതിയുടെ പ്രയോജനം നാളിതുവരെ അതിന്റെ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ലെന്നും അതിനാൽ ഇതിനായി ചെലവഴിച്ച തുക പാഴ്ചെലവായെന്നും അഭിപ്രായപ്പെടുന്നു. ആയതിനാൽ പ്രസ്തുത കുടിവെള്ള പദ്ധതി എത്രയും വേഗം പൂർത്തീകരിച്ച് തിരുത്തികളങ്ങര വലിയപറമ്പ് ഹരിജൻ കോളനിയിൽ കുടിവെള്ള വിതരണം ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.16.2 1997-1998-ൽ പണി തുടങ്ങിയ തിരുത്തിക്കുളങ്ങര ലിഫ്റ്റ് ഇറിഗേഷൻ സ്കീം നടപ്പാക്കുന്നതിനുവേണ്ടി 1997-98, 1998-1999 വർഷത്തിൽ രണ്ടാം ഘട്ടമായ 3,50,955 രൂപയും 1999-2000-ൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് വേണ്ടി കെ.എസ്.ഇ.ബി. അന്നമനടയിൽ 6,10,000 രൂപയും, 2005-2006-ൽ മോട്ടോർ വാങ്ങുന്നതിനായി 30,304 രൂപയും പൈപ്പിടുന്നതിനുവേണ്ടി 1,00,355 രൂപയും ചെലവാക്കിയിരുന്നു. എന്നാൽ തിരുത്തിക്കുളങ്ങര ലിഫ്റ്റ് ഇറിഗേഷനുവേണ്ടി പൈപ്പ് വാങ്ങിയതിൽ ക്രമക്കേട് നടത്തിയിട്ടുണ്ടെന്നും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സമീപവാസികൾ വിജിലൻസിൽ പരാതിപ്പെടുകയും അവർ അന്വേഷണം നടത്തി തദ്ദേശസ്വയംഭരണ വകുപ്പിന് റിപ്പോർട്ട് കൈമാറുകയും ചെയ്തു. തുടർന്ന് ടി. എം. രവി, തട്ടാരുപറമ്പിൽ എന്നയാൾ വിജിലൻസ് റിപ്പോർട്ട് പ്രകാരം നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബഹു. ഓംബുഡ്സ്മാനിൽ പരാതി നൽകുകയും ഓംബുഡ്സ്മാൻ നിർദ്ദേശമനുസരിച്ച് സർക്കാരിനുണ്ടായ 1,18,260 രൂപയുടെ നഷ്ടം പദ്ധതിയുടെ ഗുണഭോക്തൃ ചെയർമാനായ ശ്രീ. കാളിദേവൻ നമ്പൂതിരി, തിരുത്തി മനയ്ക്കൽ വീട്, കരുവിലശ്ശേരി, കൺവീനറായിരുന്ന ശ്രീ. എം. മോഹനൻ, മുഴിയ്ക്കൽ വീട്, കരുവിലശ്ശേരി എന്നിവരിൽ നിന്നും ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിരുന്നു. തുടർന്ന് മേൽപ്പറഞ്ഞ രണ്ടുപേരും ബഹു. ഹൈക്കോടതിയെ സമീപിച്ച് WP(c)24377/2010 (5) ആയി 4-8-2010-ൽ റവന്യൂ റിക്കവറി നടപടികൾക്കെതിരായി സ്റ്റേ വാങ്ങിക്കുകയുണ്ടായി എന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.16.3 തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ അറിയിച്ചിട്ടില്ല.

**തുടർ ശിപാർശ**

**2.16.4 റവന്യൂ റിക്കവറി നടപടിക്ക് എതിരെയുള്ള കോടതി വിലക്ക് നീക്കിക്കിട്ടുന്നതിനും, ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക തിരിച്ച് പിടിക്കാനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 160

**ശിപാർശ**

2.17.1 സർക്കാർ പണത്തിന്റെ വിനിയോഗത്തിന്മേൽ മതിയായ രേഖകൾ സൂക്ഷിക്കാതെ നിരുത്തരവാദിത്വപരമായി പെരുമാറിയ സെക്രട്ടറിയുടെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ആഡിറ്റ് പരാമർശങ്ങളിന്മേൽ ബന്ധപ്പെട്ട സെക്രട്ടറിയുടെ വിശദീകരണം അടിയന്തരമായി ലഭ്യമാക്കാൻ നിർദ്ദേശിച്ചുകൊണ്ട്

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകണമെന്നും, ടിയാന്റെ വിശദീകരണത്തിനു ശേഷം ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.17.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 15-ാമത് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ഉപാധിരഹിത ഫണ്ടിന്റെ ദുർവിനിയോഗം മൂലം മുള്ളൂർക്കര ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം 59,794 രൂപ പഞ്ചായത്തിൽ തിരിച്ചടയ്ക്കുന്നതിന് ബന്ധപ്പെട്ട മുൻ സെക്രട്ടറി ശ്രീ. രഘുനാഥൻ പിള്ളയോട് 27-11-2007-ലെ എ-640/07 നമ്പർ കത്ത് പ്രകാരവും 15-12-2007-ലെ ഇതേ നമ്പർ കത്ത് പ്രകാരവും ആവശ്യപ്പെട്ടിരുന്നു. സെക്രട്ടറി പദത്തിൽ നിന്നും റിവേർട്ട് ചെയ്യപ്പെട്ട ടിയാൻ കോട്ടയം ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ ജോലി ചെയ്തിരുന്ന കാലയളവിൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ മുഖേന ടിയാന്റെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തി മുള്ളൂർക്കര പഞ്ചായത്തിന്റെ ഫണ്ടിലേക്ക് ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| | ഡി. ഡി. നമ്പർ | തീയതി | തുക |
|---|---|---|---|
| 1. | 380486 | 31-7-2008 | 2000 |
| 2 | 380762 | 6-8-2008 | 2000 |
| 3 | 382434 | 26-9-2008 | 3940 |
| 4 | 140508 | 15-11-2008 | 970 |
| 5 | 139920 | 6-12-2008 | 970 |
| 6 | 484298 | 17-1-2009 | 970 |
| 7 | 485103 | 9-2-2009 | 970 |
| 8 | 485971 | 12-3-2009 | 970 |
| 9 | 427282 | 25-4-2009 | 970 |
| 10 | 487284 | 25-4-2009 | 970 |
| 11 | 488488 | 9-6-2009 | 970 |
| 12 | 301506 | 6-7-2009 | 970 |
| 13 | 303763 | 10-9-2009 | 1,970 |
| 14 | 1932118 | 11-11-2009 | 1,470 |
| | | ആകെ | 20,110 |

59,794 രൂപയിൽ 20,110 രൂപയാണ് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുള്ളത്. 31-3-2011-ൽ സർവ്വീസിൽ നിന്നും വിരമിച്ച ടിയാന്റെ ബാദ്ധ്യത സാക്ഷ്യപത്രത്തിൽ അടയ്ക്കുവാൻ അവശേഷിക്കുന്ന തുകയായ 39,684 രൂപ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി എ1-640/07 കത്ത് പ്രകാരം 20-7-2011-ൽ അറിയിച്ചിട്ടുണ്ടെന്നും ബോധിപ്പിച്ചുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.17.3 ആകെ ഈടാക്കേണ്ടതായ 59,794 രൂപയിൽ 20,110 രൂപ ഈടാക്കിയത് പഞ്ചായത്തിൽ നിന്ന് രേഖകൾ ലഭ്യമാക്കി പരിശോധിച്ചതിൽ ബോദ്ധ്യമായിട്ടുള്ളതാണ്. അവശേഷിക്കുന്ന 39,684 രൂപ നാളിതുവരെ ഈടാക്കിയതായി കാണുന്നില്ല.

**തുടർ ശിപാർശ**

**2.17.4 ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ബാദ്ധ്യതയായി നിലനില്ക്കുന്ന ബാക്കി തുക കൂടി ഈടാക്കി രേഖകൾ ഓഡിറ്റിന് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 161</u>

**ശിപാർശ**

2.18.1 മുള്ളൂർക്കര ഗ്രാമപഞ്ചായത്തിൽ ഉപാധിരഹിത ഫണ്ടിന്റെ ദുർവിനിയോഗം മൂലം 59,794 രൂപയുടെ നഷ്ടം വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥനായ ശ്രീ. രഘുനാഥന്റെ പേരിൽ സ്വീകരിച്ച നടപടി സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പുതല നടപടി സ്വീകരിച്ച് ആയതും സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സമർപ്പിച്ച മറുപടി</u>

2.18.2 റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള 59,749 രൂപയുടെ നഷ്ടം വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥനായ ശ്രീ. രഘുനാഥപിള്ളയ്ക്കെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുന്നതിനുവേണ്ടി പഞ്ചായത്ത് ഡയറക്ടർ 12-3-2008/13-3-2008 തീയതിയിലെ ഡി12-926/08 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെടുന്നതനുസരിച്ച് ശ്രീ. രഘുനാഥൻ പിള്ളയുടെ അപ്പോഴത്തെ ഔദ്യോഗിക മേൽവിലാസമായ യു.ഡി. ക്ലാർക്ക്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, കോട്ടയം എന്നത് 19-3-2008-ലെ പി.4-1613/07 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.18.3 ആകെ ഈടാക്കേണ്ടതായ 59,794 രൂപയിൽ 20,110 രൂപ ഈടാക്കിയത് പഞ്ചായത്തിൽ നിന്ന് രേഖകൾ ലഭ്യമാക്കി പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. അവശേഷിക്കുന്ന 39,684 രൂപ നാളിതുവരെ ഈടാക്കിയതായി കാണുന്നില്ല

**തുടർ ശിപാർശ**

**2.18.4 ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ബാദ്ധ്യതയായി നിലനില്ക്കുന്ന ബാക്കി തുക കൂടി ഈടാക്കി രേഖകൾ ഓഡിറ്റിന് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 181, 182

**ശിപാർശ**

2.19.1 കൺവീനർമാർ കാശ് കൈപ്പറ്റിയതായിട്ടുള്ള റസീപ്റ്റുകൾ സൂക്ഷിച്ചിട്ടുണ്ടെന്നതൊഴിച്ചാൽ വർക്ക് നടന്നു എന്നുള്ളതിന് യാതൊരു രേഖയും എഴുതി സൂക്ഷിക്കുകയോ വാല്യുവേഷൻ സർട്ടിഫിക്കറ്റ് സൂക്ഷിക്കുകയോ ചെയ്തിട്ടില്ലെന്നും നടപടിക്രമങ്ങൾ പാലിക്കാതെ ക്രമരഹിതമായി പണം ചെലവാക്കിയ നടപടി ന്യായീകരിക്കാനാവുന്നതല്ലെന്നും സമിതി അഭിപ്രായപ്പെടുന്നു.

2.19.2 ക്രമക്കേടിന് കാരണക്കാരനായ ബന്ധപ്പെട്ട സെക്രട്ടറിക്ക് നോട്ടീസ് കൊടുത്ത് അടിയന്തര നടപടികൾ സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ ലോക്കൽഫണ്ട് ഓഡിറ്റിന് വിശദമായ റിപ്പോർട്ടും ബന്ധപ്പെട്ട ഫയലുകളും നൽകണമെന്ന് സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശ വിധേയനായ മുൻ സെക്രട്ടറി ശ്രീ. പി. ആർ. രാമചന്ദ്രനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് കുറ്റപത്രം ഉടൻ നൽകുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ സമിതിക്ക് ഉറപ്പ് നൽകിയിരുന്നുവെങ്കിലും നാളിതുവരെ അത് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി ബന്ധപ്പെട്ട സെക്രട്ടറി ലഭ്യമാക്കാൻ കൂട്ടാക്കുന്നില്ലായെങ്കിൽ ടിയാനെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.19.3 തിരുവില്വാമല ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി. ആർ. രാമചന്ദ്രനിൽ നിന്നും പഞ്ചായത്ത് ഡയറക്ടർ 12-12-2006-ലെ ഡി2-33308/05 നമ്പർ കത്ത് പ്രകാരം 1998-99-ലെ ജനകീയാസൂത്രണ പദ്ധതിയിൽ നടപ്പിലാക്കിയ സാംബവ കോളനി പമ്പ് ഹൗസ് നിർമ്മാണം, പത്തല്ലൂർ റോഡ് നിർമ്മാണം, അറയ്ക്കൽമല കോളനി റോഡ് നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് അളവ് രേഖപ്പെടുത്താതെ പേയ്മെന്റ് നൽകിയതുമൂലം

ഓഡിറ്റ് തടസ്സപ്പെടുത്തിയ 22,500 രൂപ ഈടാക്കുന്നതിന് നിർദ്ദേശിക്കുകയുണ്ടായി. ആയതിന് എതിരായി ടിയാൻ തൃശ്ശൂർ ജില്ലാ കോടതിയിൽ ഒ.പി.191/07 നമ്പരായി കേസ് ഫയൽ ചെയ്യുകയും ആയതിപ്പോഴും നിലനിൽക്കുകയും ചെയ്യുന്നു എന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.19.4 ഈ വകുപ്പിൽ നിന്ന് തുടർ നടപടികളൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

<u>14-8-2013-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം</u>

2.19.5 കോടതിയിൽ നിലവിലുള്ള കേസ് തീർപ്പാക്കാൻ സ്വീകരിച്ച നടപടി, കേസിന്റെ നിലവിലുള്ള സ്ഥിതി എന്നിവ പതിനഞ്ച് ദിവസത്തിനകം അറിയിക്കുക.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.19.6 പരാമർശ വിധേയനായ സെക്രട്ടറി ശ്രീ. പി. ആർ. രാമചന്ദ്രൻ ഫയൽ ചെയ്ത ഒ.പി. 191/2007 നമ്പർ കേസ്, ടിയാന് എതിരെയുള്ള ലോക്കൽ ഫണ്ട് വകുപ്പിന്റെ സർച്ചാർജ്ജ് നടപടിക്കെതിരെയാണെന്നും പഞ്ചായത്ത് ഈ കേസ്സിൽ കക്ഷിയല്ലാത്തതിനാൽ മറ്റു വിവരങ്ങൾ പഞ്ചായത്തിൽ നിന്ന് അറിയാൻ കഴിഞ്ഞില്ല എന്നും ബോധിപ്പിച്ചുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.19.7 പ്രസ്തുത കേസുമായി ബന്ധപ്പെട്ട ഫയൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ ലഭ്യമാണ്. ആയത് പ്രകാരം ടിയാന് എതിരെയുള്ള കേസിൽ കാര്യവിവരണ പത്രിക നല്കിയിട്ടുള്ളതാണെന്നും, കേസ് നിലവിൽ ബഹു. ഹൈക്കോടതിയിൽ നിലനില്ക്കുകയാണെന്നുമുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

<u>14-12-2016-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം</u>

2.19.8 കേസ് നടപടികൾ ത്വരിതപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ടും കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങളടങ്ങിയ റിപ്പോർട്ടും 15 ദിവസത്തിനകം സമിതിയ്ക്ക് ലഭ്യമാക്കുക.

**തുടർ ശിപാർശ**

**2.19.9 കേസ് നടപടികൾ ത്വരിതപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട്, കേസിന്റെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച റിപ്പോർട്ട് പതിനഞ്ച് ദിവസത്തിനകം ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 199

**ശിപാർശ**

2.20.1 പദ്ധതി പ്രകാരം തുക കൈപ്പറ്റിയ ഗ്രൂപ്പുകൾ വ്യവസായ പ്രോജക്ടുകൾ സമർപ്പിക്കാത്തതിനാലും, ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത് ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ, ശരിയായ രീതിയിലുള്ള പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയൊന്നും ലഭ്യമാക്കാത്തതിനാലും ഇതു പ്രകാരം നടന്ന ചെലവിന്റെ കൃത്യത പരിശോധിക്കാൻ സാധിക്കാതെ ആഡിറ്റ് പരാമർശം നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രവർത്തനം നിർത്തിവച്ച രണ്ടു സംഘങ്ങളുൾപ്പെടെ അഞ്ചു സംഘങ്ങളുടെയും ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് ലഭ്യമാക്കണമെന്നും ഇതിന്മേൽ സ്വീകരിക്കുന്ന തുടർ നടപടി റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശപ്രകാരം ലഭിച്ച പുനഃപരിശോധനാക്കുറിപ്പിൽ, നിലവിൽ മൂന്ന് സംഘങ്ങൾ മാത്രമേ പ്രവർത്തിക്കുന്നുള്ളുവെന്നും, ചെലവ് കണക്കുകൾ മാത്രമേ ഹാജരാക്കിയിരുന്നുള്ളുവെന്നും, വരവ്-ചെലവ് കണക്കുകൾ ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ലെന്നും, പാസ്ബുക്ക് ഹാജരാക്കുക ഉണ്ടായില്ലെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഇതിൽ നിന്നും പദ്ധതി നടത്തിപ്പിൽ സാരമായ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയിട്ടുണ്ടെന്നും അനുമാനിക്കാവുന്നതാണ്. ഇത്തരത്തിൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾക്ക് കൂട്ടുനിന്ന ഉദ്യോഗസ്ഥ വൃന്ദത്തിനെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കാൻ ഭരണവകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.20.2 അഞ്ച് വനിതാ സംഘങ്ങൾക്ക് വ്യവസായ പ്രോജക്ടുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകിയതുമായി ബന്ധപ്പെട്ട് പദ്ധതി നടത്തിപ്പിൽ സാരമായ ക്രമക്കേടുകൾ നടത്തിയിട്ടുണ്ടെന്നും ഇത്തരത്തിൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾക്ക് കൂട്ടുനിന്ന ഉദ്യോഗസ്ഥവൃന്ദത്തിനെതിരെ വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുവാനും സമിതി ഭരണവകുപ്പിനോട് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ 24-7-2008-ലെ ഡി.2-926/08 നമ്പർ കത്ത് പ്രകാരം പ്രവർത്തിക്കാത്ത വനിതാ സ്വാശ്രയ ഗ്രൂപ്പിന് അനുവദിച്ച നൽകിയ 50,000 രൂപ അനുവദിച്ച നാൾ മുതൽ 12% പലിശ കൂടി കണക്കാക്കി ഇതിന് ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീമതി കെ. വി. ശാന്തയിൽ നിന്നും റവന്യൂ റിക്കവറി മുഖേന ഈടാക്കി വിവരം അറിയിക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. ആയതിനെ തുടർന്ന് മാടക്കത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റവന്യൂ റിക്കവറി നടപടി ആരംഭിക്കുകയും ശ്രീമതി കെ. വി. ശാന്ത ഹൈക്കോടതിയിൽ WP(c) 33046/08 നമ്പരായി കേസ് ഫയൽ ചെയ്യുകയും ഉണ്ടായിട്ടുണ്ട്. തുടർന്ന് സർക്കാരിന്റെ 74205/എബി3/08 നമ്പരായി 26-12-2010-ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറോട് പദ്ധതി രേഖകൾ പരിശോധിച്ച്

സക്രട്ടറിയുടെ ഭാഗത്തുള്ള വീഴ്ചയെന്തെന്ന് വ്യക്തമാക്കുവാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലെന്നും ഫയലുകൾ മഴമൂലം നനഞ്ഞ് ചിതലായി ദ്രവിച്ച നിലയിലാണെന്നുമാണ് 7-5-2010-ലെ സി1-3163/10 നമ്പർ കത്ത് പ്രകാരം സെക്രട്ടറി അറിയിച്ചിരുന്നത്. തുടർന്ന് 12-5-2010-ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ നേരിട്ട് ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തിയിട്ടുള്ളതും പ്രവർത്തിക്കാത്തതെന്ന് പരാമർശിക്കപ്പെട്ടിട്ടുള്ള രണ്ടു വനിതാ സ്വാശ്രയ ഗ്രൂപ്പുകൾ (സൗഭാഗ്യ, ഗ്രാമശ്രീ) ഇപ്പോഴും പ്രവർത്തിച്ചുവരുന്നതായി ബോദ്ധ്യപ്പെടുകയും ചെയ്തു. സ്വാശ്രയ സംഘങ്ങളായി പ്രവർത്തനം ആരംഭിച്ച ഇവ രണ്ടും കുടുംബശ്രീയുടെ ഭാഗമായാണ് അതേ അംഗങ്ങളോടെ ഇപ്പോഴും പ്രവർത്തിച്ചുവരുന്നത്. ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ സഹിതത്തിൽ ആരംഭിച്ച വിവിധ സംരംഭങ്ങൾ ലാഭമല്ലാതായതോടെ അവ നിർത്തലാക്കി പുതിയ സംരംഭങ്ങൾ സംഘടിപ്പിച്ച് ഇപ്പോഴും ഈ ഗ്രൂപ്പുകൾ പ്രവർത്തിച്ച വരുന്നുണ്ടെന്ന് പരിശോധനയിൽ ബോദ്ധ്യമായി. ടി സ്വശ്രയ ഗ്രൂപ്പുകൾ കുടുംബശ്രീയായി രൂപാന്തരപ്പെട്ട് ഇപ്പോഴും പ്രവർത്തിച്ച വരുന്ന എന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.20.3 തുടർ നടപടികൾ നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

14-8-2013-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

2.20.4 പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ നിഗമനങ്ങൾ തൃപ്തികരമല്ല. ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോ മറ്റ് ഉയർന്ന ഉദ്യോഗസ്ഥരോ അന്വേഷിച്ച് മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് രണ്ടു മാസത്തിനകം നൽകുക. ആവശ്യമുള്ളപക്ഷം സമിതി നേരിട്ട് പരിശോധന നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.20.5 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 15-ാമത് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള മാടക്കത്തറ പഞ്ചായത്തിന്റെ ഖണ്ഡിക 199 സംബന്ധിച്ച് തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ വിശദമായ അന്വേഷണ റിപ്പോർട്ട്:

1998-1999 സാമ്പത്തികവർഷം മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ ഗ്രാമശ്രീ, സൗഭാഗ്യ, ധനം, ശ്രീലക്ഷ്മി, കരുണ എന്നിങ്ങനെ 5 വനിതാ യൂണിറ്റുകൾക്കാണ് വ്യവസായ സംരംഭത്തിനായി ധനസഹായം അനുവദിച്ചത്. ഗ്രാമശ്രീ സ്വാശ്രയ ഗ്രൂപ്പും സൗഭാഗ്യ വനിതാ സ്വാശ്രയ ഗ്രൂപ്പും പ്രവർത്തിക്കുന്നില്ലായെന്നും മറ്റ് 3 ഗ്രൂപ്പുകളും നോട്ട് ബുക്ക് നിർമ്മാണം, ചപ്പാട്ട നിർമ്മാണം തുടങ്ങിയ സംരംഭങ്ങൾ നടത്തി വരുന്നതായും ലോക്കൽ ഫണ്ട് ഓഡിറ്റ്

ഡയറക്ടർ ബഹു. സമിതിയെ അറിയിച്ചിരുന്നതാണ്. പ്രവർത്തനം നിർത്തിവച്ച രണ്ട് യൂണിറ്റുകളോടും ബന്ധപ്പെട്ട രേഖകളുമായി നേരിൽ ഹാജരാകുവാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഗ്രാമശ്രീ യൂണിറ്റ് ഭാരവാഹികൾ മാത്രമാണ് നേരിൽ ഹാജരായത്. സൗഭാഗ്യ വനിതാ സ്വാശ്രയ ഗ്രൂപ്പിന്റെ സെക്രട്ടറി തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തിച്ച് വരുന്നതിനാൽ നേരിൽ ഹാജരാകാൻ കഴിയില്ലായെന്നും പഞ്ചായത്തിൽനിന്നും ലഭിച്ച ധനസഹായമുപയോഗിച്ച് പലചരക്ക് കച്ചവടം ആരംഭിച്ചുവെങ്കിലും പരിചയക്കുറവുമൂലം കാലാന്തരത്തിൽ ഭീമമായ നഷ്ടം വന്ന് സംരംഭം നിലച്ച് പോകുകയാണുണ്ടായതെന്ന് രേഖാമൂലം അറിയിച്ചു. ഗ്രാമശ്രീ വനിതാ സ്വാശ്രയ സംഘം പശു വളർത്തൽ, മുയൽ വളർത്തൽ, അലങ്കാര മാലകളുടെ നിർമ്മാണം എന്നിങ്ങനെ വിവിധങ്ങളായ പ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിലും ലക്ഷ്യപ്രാപ്തി കണ്ടില്ല. ഭീമമായ നഷ്ടംമൂലം ഇരുവരും പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുകയാണുണ്ടായത്. മേപ്പടി യൂണിറ്റിന്റെ രജിസ്റ്റർ പരിശോധിച്ചതിൽ കുറെ കണക്കുകൾ അവർ എഴുതി സൂക്ഷിച്ച് വച്ചിട്ടുള്ളതായും തൊഴിൽ സംരംഭങ്ങൾക്കായി 31,357 രൂപ ചെലവഴിച്ചപ്പോൾ 25,000 രൂപയാണ് ലഭിച്ചതെന്ന് കാണിക്കുന്ന രേഖപ്പെടുത്തലുകൾ വരുത്തിയതായി കണ്ടു. എന്നാലും കൃത്യമായ വരവ് ചെലവ് കണക്കുകളോ, ലാഭ നഷ്ടകണക്കുകളോ, ആകെ എത്ര തുക ലഭിച്ചുവെന്നോ, എല്ലായിനങ്ങളിലുമായി ആകെ എന്ത് ചെലവ് വന്നിട്ടുണ്ടെന്ന് രേഖപ്പെടുത്തി വച്ചിട്ടുള്ളതായി കണ്ടില്ല.

ജനകീയ ആസൂത്രണ പ്രാരംഭ ദിശയിൽ വേണ്ടത്ര മുൻകരുതലുകളോ, പഠനമോ നടത്താതെ ഗ്രാമപഞ്ചായത്ത് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ നടത്തിയ പദ്ധതിയാണ് വനിതാ തൊഴിൽ സംരംഭങ്ങൾ എന്ന് കാണുന്നു. എന്നാൽ ഇത്രയേറെ വർഷങ്ങൾക്കുശേഷം പരിശോധനാ വേളയിൽ ഇത് സംബന്ധിച്ച യാതൊരുവിധ ഫയലുകളോ, രജിസ്റ്ററുകളോ കണ്ടെത്തുവാൻ കഴിഞ്ഞില്ല. ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ ആദ്യഘട്ടത്തിൽ ഒരു മുൻ പരിചയമോ കീഴ്‌വഴക്കമോ ഇല്ലാതിരുന്നതിനാലും സംരംഭകരായ വനിതകൾക്ക് കണക്കുകൾ സൂക്ഷിക്കുന്നതിന്റെയോ ബിസിനസ്സ് നടത്തുന്നതിന്റെയോ പ്രാഥമിക പാഠങ്ങളോ മുൻപരിചയമോ ഇല്ലാതിരുന്നതും ഈ പദ്ധതിയുടെ പരാജയത്തിന് കാരണമായി.

ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്ക് ശേഷം ബഹു. പഞ്ചായത്ത് ഡയറക്ടറുടെ 24-7-2008-ലെ ഡി2-926/2008 നിർദ്ദേശാനുസരണം അക്കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീമതി കെ. വി. ശാന്തയിൽ നിന്നും 50,000 രൂപയും പലിശയുമടക്കം ഈടാക്കുവാൻ മാടക്കത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ മാടക്കത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി കെ. വി. ശാന്തയ്ക്ക് തുക ഒടുക്കണമെന്ന് കാണിച്ച് നോട്ടീസ് നൽകുകയും ചെയ്തു. മേപ്പടി നോട്ടീസ് കൈപ്പറ്റിയ ശ്രീമതി ശാന്ത ബഹു. ഹൈക്കോടതി മുമ്പാകെ ഈ

നോട്ടീസിനെതിരായ ഡബ്ല്യു.പി.(സി.) നമ്പർ 33046/2008 നമ്പരായി ഒരു റിട്ട് പെറ്റീഷൻ സമർപ്പിക്കുകയും ആയതിൽ 10-11-2008-ൽ തുക ഈടാക്കുന്നത് തടഞ്ഞുകൊണ്ട് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളതുമാണ്. ഇതിനുമുമ്പായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും സർചാർജ്ജ് നോട്ടീസ് കൈപ്പറ്റുവാനിടയായ ശ്രീമതി കെ. വി. ശാന്ത അതിനെതിരായി ബഹു. തൃശ്ശൂർ ജില്ലാ കോടതി മുമ്പാകെ ഒ.പി. നമ്പർ 90/07 നമ്പരായി ഒരു കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ടി കേസ് ഇപ്പോഴും തീർന്നിട്ടില്ലാത്തതും തെളിവിനായി മാറ്റി വച്ചിട്ടുള്ളതുമാണ് എന്ന് അറിയുന്ന വിവരം സമിതി മുമ്പാകെ സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.20.6 ഗ്രാമശ്രീ സ്വാശ്രയ ഗ്രൂപ്പ്, സൗഭാഗ്യ വനിതാ സ്വാശ്രയ ഗ്രൂപ്പ് എന്നിവ പഞ്ചായത്തിൽ നിന്നും ധനസഹായം കൈപ്പറ്റിയിട്ടും പ്രവർത്തിക്കുന്നില്ലാ എന്നും അവയുടെ കൃത്യമായ വരവ് ചെലവ് കണക്കുകളോ ലാഭനഷ്ടകണക്കുകളോ സംബന്ധിച്ച് യാതൊരുവിധ ഫയലുകളോ രജിസ്റ്ററുകളോ ലഭ്യമല്ല എന്നും കാണുന്നു. അക്കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീമതി കെ. വി. ശാന്തയോട് 50,000 രൂപയും പലിശയും അടവാക്കണമെന്ന് കാണിച്ച് മാടക്കത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നോട്ടീസ് നൽകിയെങ്കിലും ഈ നോട്ടീസിനെതിരെ ശ്രീമതി ശാന്ത ബഹു. ഹൈക്കോടതി മുമ്പാകെ ഡബ്ല്യു.പി.(സി.) നമ്പർ 33046/2008 നമ്പരായി ഒരു റിട്ട് പെറ്റീഷൻ സമർപ്പിക്കുകയും ആയതിൽ 10-11-2008-ൽ തുക ഈടാക്കുന്നത് തടഞ്ഞുകൊണ്ട് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളതുമാണ്. ഇതിനുമുമ്പായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും സർചാർജ് നോട്ടീസ് കൈപ്പറ്റിയ ശ്രീമതി ശാന്ത അതിനെതിരെ ബഹു. തൃശ്ശൂർ ജില്ലാ കോടതി മുമ്പാകെ ഒ.പി. നമ്പർ 90/07 നമ്പരായി ഒരു കേസ് ഫയൽ ചെയ്യുകയും ടി കേസ് ഇപ്പോഴും തീർന്നിട്ടില്ലാ എന്നും തെളിവിനായി മാറ്റിവച്ചിട്ടുള്ളതായി അറിയിക്കുന്നു എന്നും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

14-12-2016-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

2.20.7 ബഹു. തൃശ്ശൂർ ജില്ലാ കോടതിയിൽ ഒ.പി. നമ്പർ 90/07 ആയി ഫയൽ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുക.

**തുടർ ശിപാർശ**

**2.20.8 ബഹു. തൃശ്ശൂർ ജില്ലാ കോടതിയിൽ ഒ.പി. നമ്പർ 90/07 ആയി ഫയൽ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## അദ്ധ്യായം III

## സർക്കാരിൽ/കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നു ലഭിച്ച മറുപടികളുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും അവയ്ക്കുള്ള മറുപടികളും

### ഖണ്ഡിക നമ്പർ 10

### ശിപാർശ

3.1.1 വാട്ടർ ചാർജ്ജിനത്തിൽ മാത്രമാണ് തുക അടച്ചിട്ടുള്ളതെന്നും പിഴപ്പലിശ അടച്ചിട്ടില്ലെന്നും വ്യക്തമായ സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.1.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ.ടി. എസ്.ആർ.(എസ്.1) നമ്പർ നടപടിക്രമം പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

### ഖണ്ഡിക നമ്പർ 16

### ശിപാർശ

3.2.1 കോഴിവളർത്തൽ പദ്ധതിക്കായി നീക്കിവച്ച തുക മുഴുവൻ നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ ചെലവഴിച്ചിട്ടുണ്ടെന്നും ഇത് സംബന്ധമായ രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുള്ള സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.2.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ.ടി. എസ്.ആർ. (എസ്.1) നമ്പർ നടപടിക്രമം പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

### ഖണ്ഡിക നമ്പർ 30

### ശിപാർശ

3.3.1 വനിതാവ്യവസായ സഹകരണ സംഘത്തിന്റെ രൂപീകരണം മുതൽ പാളിച്ചകൾ ദൃശ്യമാണ്. ഒരു സംഘം രൂപീകരിക്കുന്നതിന് ഒന്നിലധികം കുടുംബങ്ങളിൽ നിന്നായുള്ള 25 പേർ ഉണ്ടായിരിക്കണമെന്നിരിക്കെ 10 പേർ മാത്രമാണ് സംഘം രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ആദ്യയോഗത്തിൽ പങ്കെടുത്തിട്ടുള്ളത്. സംഘത്തിന്

രജിസ്ട്രേഷൻ നൽകുന്നതിന് മുമ്പ് ആവശ്യമായ അംഗങ്ങളെ ചേർത്തിരുന്നുവോയെന്നും ചീഫ് പ്രമോട്ടർ ഓഹരി വിഹിതം അടച്ചിരുന്നുവോയെന്ന കാര്യവും വ്യക്തമല്ല. 30-6-1998-നാണ് സംഘത്തിന് രജിസ്ട്രേഷൻ ലഭിച്ചിരിക്കുന്നത്. എന്നാൽ രജിസ്ട്രേഷൻ ലഭിക്കുന്നതിന് മുമ്പ് തന്നെ സംഘം സെക്രട്ടറിയുടെ പേരിൽ എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 1,89,700 രൂപയുടെ ചെക്ക് 29-6-1998-ൽ നൽകുകയുണ്ടായി. രജിസ്ട്രേഷൻ ലഭിക്കുന്നതിന് മുമ്പ് ഒരു സംഘത്തിന് ഇത്രയും വലിയ തുക ധനസഹായമായി നൽകിയ എരുമപ്പെട്ടി സെക്രട്ടറിയുടെ നടപടി വളരെ ഗുരുതരമായ ക്രമക്കേടാണെന്ന് സമിതി വിലയിരുത്തുന്നു. 30-6-1998-ന് രജിസ്ട്രേഷൻ ലഭിച്ച സംഘം 8/2000-ൽ മാത്രമാണ് പ്രവർത്തനം തുടങ്ങിയതെന്ന കാര്യവും എടുത്തു പറയേണ്ടതുണ്ട്. രജിസ്ട്രേഷൻ ലഭിക്കുന്നതിന്റെ തലേദിവസം തന്നെ 1,89,700 രൂപ ധനസഹായമായി ലഭിച്ചിട്ടും സംഘം പ്രവർത്തനം ആരംഭിക്കുന്നതിന് രണ്ടു വർഷത്തോളം കാലതാമസമുണ്ടായി എന്നതും ഗൗരവമേറിയ വസ്തുതയാണ്. എന്നാൽ ഈ രണ്ടു വർഷവും സംഘത്തിന്റെ പ്രവർത്തനം ബന്ധപ്പെട്ടവർ നിരീക്ഷിക്കുകയോ പ്രസ്തുത 1,89,700 രൂപ നിർജ്ജീവ നിക്ഷേപമായി കിടക്കുന്നതിന്റെ കാര്യകാരണം അന്വേഷിക്കുകയോ ചെയ്യാതിരുന്നത് അധികാരികളുടെ ഭാഗത്തുനിന്ന് വന്ന ഗുരുതരമായ വീഴ്ചയായി സമിതി വിലയിരുത്തുന്നു. ധനസഹായമായി നൽകിയ തുകയുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പുവരുത്തുന്നതിൽ പഞ്ചായത്ത് സെക്രട്ടറി വീഴ്ച വരുത്തിയതായും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ വനിതാ വ്യവസായ സഹകരണ സംഘത്തിന് രജിസ്ട്രേഷൻ ലഭിക്കുന്നതിന് മുമ്പ് തന്നെ 1,89,700 രൂപ ധനസഹായം നൽകിയതിനുത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി വി. എസ്. രമണിക്കെതിരെ പഞ്ചായത്ത് ഡയറക്ടർ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഇത്രയും വലിയ ഒരു തുക രണ്ടു വർഷത്തോളം നിർജ്ജീവമായി സൂക്ഷിക്കപ്പെട്ടതിനുത്തരവാദിയായവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. വനിതാ വ്യവസായ സഹകരണ സംഘത്തിന് നൽകിയ 1,89,700 രൂപയുടെ വിനിയോഗം സംബന്ധിച്ച് പെർഫോമൻസ് ഓഡിറ്റ് വിഭാഗം അന്വേഷിച്ച് വിശദവിവരം സമിതിക്ക് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.3.2 സംഘത്തിന് നൽകിയ 1,89,700 രൂപയുടെ വിനിയോഗം സംബന്ധിച്ച് പെർഫോമൻസ് ഓഡിറ്റ് വിഭാഗം നടത്തിയ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ട വിവരങ്ങൾ താഴെ സമർപ്പിക്കുന്നു:

സംഘത്തിന് രജിസ്ട്രേഷൻ 30-6-1998-ൽ ആണ് ലഭ്യമായിട്ടുള്ളത്. പഞ്ചായത്തിൽ നിന്ന് 29-6-1998-ൽ നൽകിയിട്ടുള്ള ചെക്ക് തുകയായ 1,89,700 രൂപ 30-6-1998-ൽ

ടി.ഡി.സി.ബി.യുടെ സംഘം അക്കൗണ്ടിൽ വരവു വന്നിട്ടുള്ളതായി കാണുന്നു. പശ്ചാത്തല സൗകര്യങ്ങളും അസംസ്കൃത വസ്തുക്കളും ലഭിക്കുന്നതിനുണ്ടായ കാലതാമസവും മറ്റും പൂർണ്ണമായ തോതിൽ പ്രവർത്തനം തുടങ്ങുന്നതിന് തടസ്സം സൃഷ്ടിച്ചു എന്ന് അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും തുക ലഭ്യമായതിനുശേഷം പ്രാരംഭ പ്രവർത്തനങ്ങൾക്ക് സംഘത്തിനുവേണ്ടി തുക പിൻവലിച്ചിട്ടുള്ളതായി ബാങ്ക് രേഖകളിലും യോഗനടപടികളിലും കാണുന്നുണ്ട്.

പഞ്ചായത്തിൽ നിന്നും തുക ലഭിച്ചതിനുശേഷം സംഘാംഗങ്ങൾ പലപ്രാവശ്യം യോഗം കൂടുകയും വരവ് ചെലവു കണക്കുകളുടെ ബഡ്ജറ്റ് അംഗീകരിക്കുകയും അത്യാവശ്യ തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. സംഘത്തിൽ ഒരു പെയ്ഡ് സെക്രട്ടറിയുടെ സേവനം ലഭ്യമാക്കുന്നതിനും കാലതാമസം ഉണ്ടായിട്ടുണ്ട്. ചന്ദനത്തിരി ഉല്പാദനം ആരംഭിച്ചുവെങ്കിലും വിപണന സൗകര്യം ഇല്ലാതിരുന്നത് സംഘത്തിന് കൂടുതൽ ബുദ്ധിമുട്ട് ഉണ്ടാക്കിയതായി മനസ്സിലാക്കുന്നു. ഇപ്പോൾ 25 അംഗങ്ങളുള്ള സംഘം ബൈലോ ഭേദഗതിയിലൂടെ പ്രിന്റിംഗ് പ്രസ്സ് ആരംഭിച്ച് ഭേദപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന വിവരവും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

വനിതാവ്യവസായ സംഘത്തിന് രജിസ്ട്രേഷൻ ലഭിക്കുന്നതിന് മുമ്പ് തന്നെ 1,89,700 രൂപ ധനസഹായം നൽകിയതിന് ഉത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി വി. എസ്. രമണിക്കെതിരെ സെൻഷ്വർ എന്ന ശിക്ഷ നൽകി പഞ്ചായത്ത് ഡയറക്ടർ 15-1-2010-ൽ ഡി2-10384/2008 നമ്പരായി ഉത്തരവായിട്ടുള്ളതുമാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.3.3 ഈ വകുപ്പിൽ നിന്നും തുടർനടപടികൾ ഒന്നും സ്വീകരിക്കുവാൻ ആവശ്യപ്പെട്ടു കാണുന്നില്ല.

<u>ഖണ്ഡിക നമ്പർ 33</u>

**ശിപാർശ**

3.4.1 നെല്ലിക്കുന്ന് ശങ്കരൻ മകൻ അയ്യപ്പൻ വീട്ടുപണി പൂർത്തീകരിച്ചുവെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും സ്വന്തമായുള്ള സ്ഥലത്താണോ വീട് നിർമ്മിച്ചിട്ടുള്ളതെന്ന കാര്യം വ്യക്തമാക്കിയിട്ടില്ല. വീട് പണി

പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പുറമ്പോക്ക് സ്ഥലത്ത് വീട് നിർമ്മിക്കുന്നതിനായി ധനസഹായം നൽകിയത് നടപടിക്രമങ്ങളുടെ ലംഘനം തന്നെയാണ്. ഇതിനുള്ള ഉത്തരവാദിത്വത്തിൽ നിന്ന് പഞ്ചായത്തധികൃതർക്ക് ഒഴിഞ്ഞുമാറാനാവില്ല. എന്നിരുന്നാലും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാളിന് പുറമ്പോക്ക് സ്ഥലത്താണെങ്കിൽ പോലും ഒരു വീട് ലഭ്യമാക്കിക്കൊടുത്തുവെന്നുള്ളതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ പഞ്ചായത്തധികൃതർ ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.4.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ.ടി. എസ്.ആർ. (എസ്.1) നമ്പർ നടപടിക്രമം പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 36</u>

**ശിപാർശ**

3.5.1 പച്ചക്കറി വികസന പ്രോജക്ടിനായി വാങ്ങിയ 11 സ്പ്രേയറുകളും വിതരണം ചെയ്തതായും സ്റ്റോക്ക് രജിസ്റ്ററിൽ കുറവ് വരുത്താതിരുന്നത് ഇപ്പോൾ പരിഹരിച്ചിട്ടുള്ളതായും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ സമിതി നിർദ്ദേശത്തെ തുടർന്നുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഉദ്യോഗസ്ഥരുടെ പരിശോധനാ വേളയിൽപോലും സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാതിരുന്നത് ഗൗരവമേറിയ വീഴ്ചയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത സ്റ്റോക്ക് രജിസ്റ്റർ അടിയന്തരമായി ലോക്കൽ ഫണ്ടിന്റെ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.5.2 എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 7-1-2011-ലെ എ 2-234/2011 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ വാങ്ങിയ 11 സ്പ്രേയറുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ സ്റ്റോക്ക്

രജിസ്റ്റർ പേജ് നമ്പർ 7-ൽ 5 സ്പ്രേയറുകൾ വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രശീതി ഒട്ടിച്ചുവച്ചിട്ടുള്ളത് ഭൗതിക പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. കൈപ്പറ്റ് രശീതി പ്രകാരം വിതരണം ചെയ്ത സ്പ്രേയറുകളുടെ വിവരം താഴെ കൊടുക്കുന്നു:

| പാടശേഖര സമിതിയുടെ പേര് | എണ്ണം | തീയതി |
|---|---|---|
| മങ്ങാട് ചാത്തംകുളം പാടശേഖര സമിതി | 1 | തീയതി ഇല്ല |
| കുട്ടഞ്ചേരി പാടശേഖര സമിതി | 1 | 20-9-1999 |
| കൊട്ടമ്പ് പാടശേഖര നെല്ലുല്പാദക സമിതി | 2 | തീയതി ഇല്ല |
| മങ്ങാട് പാടശേഖരം | 1 | 17-6-1999 |
| | 5 | |

എന്നാൽ അവശേഷിക്കുന്ന 6 സ്പ്രേയറുകൾ എന്തു ചെയ്തു എന്നോ സ്പ്രേയറുകൾ സ്റ്റോക്കിൽ എടുക്കാതിരുന്നത് എന്തുകൊണ്ടാണെന്നോ വ്യക്തമല്ല. മേൽ വിവരങ്ങൾ അനന്തര നടപടികൾക്കായി അറിയിക്കുന്നു.

## 14-8-2013-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

3.5.3 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് 11 സ്പ്രേയറുകളിൽ കൈപ്പറ്റ് രശീതി ലഭ്യമാക്കാതെ അവശേഷിക്കുന്ന 6 സ്പ്രേയറുകൾ വിതരണം ചെയ്തതു സംബന്ധിച്ച വിശദാംശങ്ങൾ പതിനഞ്ചു ദിവസത്തിനകം നൽകുക.

## സർക്കാർ സ്വീകരിച്ച നടപടി

3.5.4 രജിസ്റ്റർ പരിശോധനയിൽ 6 സ്പ്രേയറുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായും വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടുള്ളതായും സ്പ്രേയറുകൾ വിതരണം ചെയ്യുകയും, കൈപ്പറ്റ് രശീതി ഹാജരാക്കുകയും ചെയ്തിട്ടുള്ളതായും ആയത് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഹാജരാക്കുകയും ചെയ്ത വിവരം എതമപ്പെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 5-10-2013-ലെ എ-7190/2013 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിച്ചു കൊള്ളുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.5.5 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട 11 സ്റ്റേയറുകളിൽ കൈപ്പറ്റ് രശീതി ഹാജരാക്കാത്തതായി കണ്ടെത്തിയ 6 സ്റ്റേയറുകൾ കണ്ടെത്തിയിട്ടുണ്ട്. സമിതി ശിപാർശ യിന്മേൽ നടപടി സ്വീകരിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു.

ഖണ്ഡിക നമ്പർ 40

**ശിപാർശ**

3.6.1 ആരോഗ്യശുചിത്വ ബോധവൽക്കരണത്തിനായി വകയിരുത്തിയ പദ്ധതി വിഹിതം തുകയിൽ നിന്ന് 9,000 രൂപ അലമാര വാങ്ങുന്നതിനായി വകമാറ്റി ചെലവഴിച്ചതിലൂടെ നിർവ്വഹണ ഉദ്യോഗസ്ഥയായിരുന്ന ഡോ. കെ. പി. മാലിനി ക്രമവിരുദ്ധമായ ചെലവാണ് നടത്തിയിരിക്കുന്നത്. എന്നിരുന്നാലും അലമാര വാങ്ങിയിട്ടുണ്ടെന്നും അത് പ്രാദേശിക പരിശോധനയിൽ കണ്ട് ബോധ്യപ്പെട്ടുവെന്നുമുള്ള തൃശ്ശൂർ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള ക്രമവിരുദ്ധ ചെലവുകൾ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ജാഗ്രത പാലിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.6.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ.ടി. എസ്.ആർ. (എസ്.1) നമ്പർ നടപടിക്രമം പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 43(A)

**ശിപാർശ**

3.7.1 അധിക നിരക്ക് നൽകുന്നതുവഴി പഞ്ചായത്തിനുണ്ടായ 18,406 രൂപയുടെ നഷ്ടത്തിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. സി. ആർ. പ്രേമചന്ദ്രനിൽ നിന്ന് തുക അടിയന്തരമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കണമെന്നും തുക തിരിച്ചടച്ചത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി.</u>

3.7.2 അധിക നിരക്ക് നൽകിയതുവഴി പഞ്ചായത്തിനുണ്ടായ നഷ്ടം 18,406 രൂപയുടെ നഷ്ടത്തിനുത്തരവാദിയായ സെക്രട്ടറി ശ്രീ. സി. ആർ. പ്രേമചന്ദ്രനിൽ നിന്നും തുക അടിയന്തരമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കണമെന്ന് സമിതി നിർദ്ദേശിച്ചു. എന്നാൽ ഇക്കാര്യത്തിൽ ഉത്തരവാദി ശ്രീ. പ്രേമചന്ദ്രൻ അല്ലാത്തതിനാൽ എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 16-6-2008-ലെ എ 1-561/2005 നമ്പർ കത്തിലൂടെ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് അധിക നിരക്കായി 18,406 രൂപ നൽകിയത് 1994-95 സാമ്പത്തികവർഷ കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. പി. കെ. രാജഗോപാലൻ എന്നവരാകയാൽ ശ്രീ. സി. ആർ. പ്രേമചന്ദ്രനെ ഒഴിവാക്കി ശ്രീ. പി. കെ. രാജഗോപാലനിൽ നിന്നും തുക ഈടാക്കുന്നതിനുള്ള അനുമതിയ്ക്കായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് അപേക്ഷിക്കുകയും ഗവൺമെന്റ് സെക്രട്ടറി 22-3-2012-ലെ 27247/എ.ബി3/2008/ത.സ്വ.ഭ.വ. നമ്പർ കത്തുവഴി ശ്രീ. സി. ആർ. പ്രേമചന്ദ്രനെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിവാക്കി ശ്രീ. പി. കെ. രാജഗോപാലനിൽ നിന്നും തുക ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനെ തുടർന്ന് എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. കെ. രാജഗോപാലനെ രജിസ്റ്റേർഡ് തപാലിൽ വിവരം അറിയിക്കുകയും ചെയ്തു. എന്നാൽ ടിയാൻ തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കാതെ തുക ചെലവഴിച്ചതിനുള്ള വിശദീകരണം പഞ്ചായത്ത് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയാണുണ്ടായത്. തുടർന്ന് എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 5-3-2013-ൽ ടിയാനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് ബഹു. മലപ്പുറം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ് എന്നുള്ള വിവരം ബോധിപ്പിച്ചു കൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.7.3 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 15-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 43(എ)യിൽ പരാമർശിച്ചിട്ടുള്ള 18,406 രൂപ ഈടാക്കുന്നതിനായി മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. എ. രാജഗോപാലന്റെ പേരിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനു മലപ്പുറം ജില്ലാ കളക്ടറോട് 5-3-2013-ൽ അപേക്ഷിച്ചിരുന്നതായി നടപടി വിശദീകരണ പത്രികയിൽ രേഖപ്പെടുത്തിയിരുന്നു. ഈ സ്ഥിതിയാണ് ഇപ്പോഴും നിലനിൽക്കുന്നത്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരമൊന്നും

മലപ്പുറം ജില്ലാ കളക്ടറേറ്റിൽ നിന്നും പഞ്ചായത്തിൽ ലഭിച്ചില്ലെന്ന് പഞ്ചായത്തധികൃതർ അറിയിച്ചു. നടപടി വിശദീകരണ പത്രികയിൽ ശ്രീ. പി. കെ. രാജഗോപാലൻ എന്നും റവന്യൂ റിക്കവറി റിക്വിസിഷൻ ഫോറത്തിൽ പി. എ. രാജഗോപാലൻ എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ശ്രീ. പി. എ. രാജഗോപാലൻ എന്നതാണ് ശരിയായ പേരെന്ന് പഞ്ചായത്തധികൃതർ അറിയിച്ചു.

14-8-2013-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

3.7.4 ആർ.ആർ. നടപടി ത്വരിതപ്പെടുത്തുകയും നിലവിലെ സ്ഥിതി പതിനഞ്ച് ദിവസത്തിനകം അറിയിക്കുകയും ചെയ്യുക.

സർക്കാർ സ്വീകരിച്ച നടപടി

3.7.5 റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിനെ തുടർന്ന് ഗഡുക്കളായി 921 രൂപ വീതം 2013 സെപ്റ്റംബർ, ഒക്ടോബർ, നവംബർ എന്നീ മാസങ്ങളിൽ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട് എന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.7.6 റവന്യൂ റിക്കവറി നടപടിയെ തുടർന്ന് 10-9-2013 മുതൽ 29-5-2014 വരെ 10 തവണകളിലായി 9,210 രൂപ ഈടാക്കിയിട്ടുണ്ട് എന്ന് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

ഖണ്ഡിക നമ്പർ 48

ശിപാർശ

3.8.1 റ്റി. വി. കിയോസ്ക് നിർമ്മാണവുമായി ബന്ധപ്പെട്ട വർക്കിന്റെ വിശദാംശങ്ങൾ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്താതിരുന്നതും മസ്റ്റർറോൾ സൂക്ഷിക്കാതിരുന്നതും പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുള്ള പ്രകടമായ വീഴ്ചതന്നെയാണെന്ന് സമിതി വിലയിരുത്തുന്നു. എന്നിരുന്നാലും റ്റി. വി. കിയോസ്ക് നിർമ്മിച്ച് അതിനുള്ളിൽ റ്റി. വി. സ്ഥാപിച്ചിട്ടുണ്ടെന്ന് പ്രാദേശിക പരിശോധനയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.8.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ.ടി.എസ്. ആർ. (എസ്. 1) നമ്പർ നടപടിക്രമം പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 52</u>

**ശിപാർശ**

3.9.1 ഉപാധിരഹിത ഫണ്ടിൽ നിന്ന് തുക വിനിയോഗിച്ചതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടുവെന്ന തൃശ്ശൂർ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.9.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ.ടി. എസ്.ആർ. (എസ്.1) നമ്പർ നടപടിക്രമം പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 55</u>

**ശിപാർശ**

3.10.1 വരൾച്ച ദുരിതാശ്വാസവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടുവെന്ന തൃശ്ശൂർ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.10.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ.ടി. എസ്.ആർ. (എസ്.1) നമ്പർ നടപടിക്രമം പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 64</u>

**ശിപാർശ**

3.11.1 പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ഇ. ബി. ജോയി യുടെ ഭാഗത്ത് നിന്നുള്ള അനാസ്ഥമൂലമാണ് മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കേണ്ടിയിരുന്ന 77,500 രൂപ നഷ്ടമായതെന്ന് സമിതി വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ പഞ്ചായത്ത് സെക്രട്ടറി ജാഗ്രത പുലർത്തണമെന്നും ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകുന്നില്ലെന്നുറപ്പുവരുത്താൻ ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.11.2 1997-98 കാലയളവിൽ . സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ഇ. ബി. ജോയ് 30-4-2002-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. 12-11-2007-ലെ പഞ്ചായത്ത് സമിതിയോഗം വിഷയം ചർച്ച ചെയ്തു. ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ സെക്രട്ടറിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ 26-11-2007-ലെ 01/07 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകാതിരിക്കുവാൻ എല്ലാ ജീവനക്കാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.11.3 മേൽ വിഷയത്തിൽ ഈ വകുപ്പിൽ നിന്നും തുടർ നടപടികൾ ഒന്നും ആവശ്യമില്ല എന്നുള്ള വിവരം ബോധിപ്പിക്കുന്നു.

ഖണ്ഡിക നമ്പർ 70

**ശിപാർശ**

3.12.1 ശ്രീ. സ്റ്റാൻലി മരണപ്പെട്ട സാഹചര്യത്തിലും ചികിത്സാ സഹായനിധിക്കായി സ്വരൂപിച്ച തുകയിൽ അദ്ദേഹം ഇനിയും അടയ്ക്കുവാനുള്ള 14,925 രൂപയുടെ ആഡിറ്റ് തടസ്സം ഒഴിവാക്കി നൽകണമെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ 24-11-2005-ലെ 446/05-ാം നമ്പർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കി നൽകാൻ സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.12.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ.ടി. എസ്.ആർ(എസ്.1) നമ്പർ നടപടിക്രമം പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 82

**ശിപാർശ**

3.13.1 പ്രാദേശിക പരിശോധനയിൽ അളവ് പുസ്തകവും മറ്റ് രേഖകളും പരിശോധിച്ച് ചെലവ് ബോധ്യപ്പെട്ടിട്ടുണ്ടെന്ന തൃശ്ശൂർ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.13.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ. ടി.എസ്.ആർ(എസ്.1) നമ്പർ നടപടിക്രമം പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 87

**ശിപാർശ**

3.14.1 ആയതിനാൽ ടെണ്ടർ വിളിക്കാതെയും ഒരു നിശ്ചിത നിരക്ക് രേഖപ്പെടുത്താതെയും ഗുണഭോക്തൃ സമിതി മുഖേന നടത്തുവാൻ വിഭാവനം ചെയ്തിരുന്നതുമായ സ്കൂൾ കെട്ടിട നിർമ്മാണവും ചുറ്റുമതിൽ നിർമ്മാണവും കരാറുകാരനെ ഏൽപ്പിക്കുകയും പണി പൂർത്തിയായിട്ടുണ്ടോയെന്ന് പരിശോധിക്കുക പോലും ചെയ്യാതെ കരാറുകാരന് മുഴുവൻ തുകയും നൽകിയതിന് ഉത്തരവാദികളായ പഞ്ചായത്ത് സെക്രട്ടറി, മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരിൽ നിന്ന് ഈ പ്രവൃത്തികളുമായി ബന്ധപ്പെട്ട് പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.14.2 പരാമർശത്തിന് ഉത്തരവാദികളായ നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരം താഴെ പറയും പ്രകാരം മേൽ നടപടികൾക്കായി സമർപ്പിക്കുന്നു :

1. ശ്രീമതി പി.എ. സൂസന്ന, ഹെഡ്മിസ്ട്രസ്സ്, പള്ളം എൽ.പി.സ്കൂൾ (റിട്ടയേർഡ്)
2. ശ്രീമതി വിലാസിനി, ഹെഡ്മിസ്ട്രസ്സ്, പള്ളം എൽ.പി.സ്കൂൾ (റിട്ടയേർഡ്)
3. 30-3-1998-ലെ ശ്രീ. കെ. മുകന്ദൻ (റിട്ടയേർഡ് സെക്രട്ടറി)
4. 12-3-1999-ലെ ശ്രീ. വി.എം. രാജൻ (റിട്ടയേർഡ് സെക്രട്ടറി)
5. 24-3-1999-ലെ ശ്രീ. വി.എം. രാജൻ (റിട്ടയേർഡ് സെക്രട്ടറി)
6. 14-7-1999-ലെ ശ്രീ. പി.എ. സുകുമാരൻ (റിട്ടയേർഡ് സെക്രട്ടറി)

പ്രസ്തുത പ്രവൃത്തിയുടെ കൺവീനറായ ശ്രീമതി പി.എ. സൂസന്ന (റിട്ടയേർഡ് ഹെഡ്മിസ്ട്രസ്സ്), ഡെൻസൻ, എല്ലുവൃത്തിങ്കൽ ഹൗസ്, പി. ഒ. എഞ്ചിനീയറിംഗ് കോളേജ്, ചേറൂർ, തൃശ്ശൂർ-9 എന്നവർക്ക് നടപടിയുടെ ഭാഗമായി 18-6-2008-ന് ഡി 421/2005 നമ്പരായി കത്ത് നൽകിയിരുന്നു. ടിയാരി 26-6-2008-ന് സെക്രട്ടറിക്കയച്ച മറുപടിയിൽ പി.ടി.എ. കമ്മിറ്റി വിളിച്ചു കൂട്ടി ആ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ക്വട്ടേഷൻ വച്ചു രണ്ടുപേരിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത പരിചയസമ്പന്നയായ ഒരാളെ പി.ടി.എ. കമ്മിറ്റി തന്നെ പണി നടത്തുന്നതിന് ഏൽപ്പിക്കുകയുമായിരുന്നു എന്നു പറയുന്നു. ഇക്കാര്യങ്ങളെല്ലാം പി.ടി.എ.യുടെ മിനിറ്റ്സിലും രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ടിയാരിയുടെ കത്തിൽ പറഞ്ഞിട്ടുണ്ട്. പി.ടി.എ.യുടെ മിനിട്സ് പരിശോധിച്ചതിൽ പി.ടി.എ.യുടെ തീരുമാനപ്രകാരമാണ് കരാറുകാരനെ നിശ്ചയിച്ചത് എന്ന് കാണുന്നു. കെട്ടിട നിർമ്മാണത്തിൽ

നടപടിക്രമം പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിലും പണി പിന്നീട് പൂർത്തീകരിച്ചിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അറിയിച്ചു കൊള്ളുന്നു. ഈ വിഷയത്തിൽ മറ്റു നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല എന്നും അങ്ങയുടെ അറിവിലേയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.14.3 ഈ വകുപ്പിൽ തുടർ നടപടിയൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ അറിയിച്ചിട്ടില്ല.

<u>ഖണ്ഡിക നമ്പർ 94</u>

**ശിപാർശ**

3.15.1 എരുമപ്പെട്ടി പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് ജെ.ആർ.വൈ. ഫണ്ടിൽ നിന്ന് 75,000 രൂപ ധനസഹായമായി നൽകിയ എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് നടപടിക്ക് സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.15.2 21-6-2006-ലെ 3764/പി.എ.3/2006/ത.സ്വ.ഭ.വ. നമ്പർ കത്തിലെ നിർദ്ദേശപ്രകാരം 2011-12 വാർഷിക പദ്ധതിയിൽ വികസന ഫണ്ടിൽ നിന്നും പ്രത്യേക പ്രോജക്ട് തയ്യാറാക്കി പ്രസ്തുത തുക 7-1-2011-ൽ 27143/എ.ബി3/2008 തദ്ദേശസ്വയംഭരണ വകുപ്പ് നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് എന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.15.3 തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 21-6-2006-ലെ 3764/പി.എ.3/ 2006 നമ്പർ കത്ത് പ്രകാരം എരുമപ്പെട്ടി പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് ജെ.ആർ.വൈ. ഫണ്ടിൽ നിന്ന് ധനസഹായം നൽകിയത് സാധൂകരിക്കാൻ കഴിയാത്തതിനാൽ സാധൂകരണം നൽകാൻ കഴിയില്ലെന്നും എന്നാൽ ആയതിനു വേണ്ടി ചെലവഴിച്ച തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നോ പ്രത്യേക പ്രോജക്ട് തയ്യാറാക്കി വികസന ഫണ്ടിൽ നിന്നോ ജെ.ആർ.വൈ. ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നമ്പർ എസ്.0105/12 ആയി "എരുമപ്പെട്ടി പോലീസ് സ്റ്റേഷൻ നിർമ്മാണം-പഞ്ചായത്ത് വിഹിതം നൽകൽ" എന്ന പേരിൽ പ്രോജക്ട് ആവിഷ്കരിച്ച് ജില്ലാ ആസൂത്രണ

സമിതിയുടെ അംഗീകാരം നേടി ബിൽ നമ്പർ 25/11-12 പ്രകാരം 16-2-2012-ന് 75,000 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 7-1-2012-ൽ 27143/എ.ബി3/2008/ ത.സ്വ.ഭ.വ. നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 75,000 രൂപയുള്ള ഡി.ഡി. എടുക്കുകയും (ഡി.ഡി. നമ്പർ 802949/6-2-2012) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18-2-2012-ലെ എ 4/7290/10 നമ്പർ കത്ത് പ്രകാരം തുക ജില്ലാ റൂറൽ ഡെവലപ്മെന്റ് ഏജൻസിക്ക് കൈമാറി. തുക കൈപ്പറ്റിയതിന് ഏജൻസിയിൽ നിന്നും രസീത് നമ്പർ 9304/21-2-2012 ആയി കൈപ്പറ്റ് രസീത് ലഭിക്കുകയും ചെയ്തത് പ്രാദേശിക പരിശോധനാവേളയിൽ ബോദ്ധ്യമായിട്ടുണ്ട്. എന്നാൽ ചെലവിന് സാധൂകരണം നൽകാൻ സാധിക്കാത്തതിനാൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നോ പ്രത്യേക പ്രോജക്ട് തയ്യാറാക്കി വികസന ഫണ്ടിൽ നിന്നോ തുക തിരിച്ചടയ്ക്കാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയിൽ നിന്നും ലഭിച്ചതായി പറയുന്ന 21.06.2006-ലെ 3764/പിഎ.3/06 നമ്പർ കത്ത് പ്രാദേശിക പരിശോധനാ വേളയിൽ ലഭ്യമാക്കിയിരുന്നില്ല എന്നുള്ള വിവരം കൂടി അറിയിക്കുന്നു.

<u>ഖണ്ഡിക നമ്പർ 109</u>

**ശിപാർശ**

3.16.1 മുൻകൂർ ഇൻഷ്വറൻസ് പ്രീമിയം അടച്ചതായി കാണിച്ച് 50,000 രൂപയും, ഗ്രാന്റ് എന്ന നിലയിൽ 70,000 രൂപയും വരന്തരപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിന്ന് കൈപ്പറ്റുകയും എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത തുകകൾ പഞ്ചായത്ത് സെക്രട്ടറിയായും "വർഷ സൊസൈറ്റി" കൺവീനറുമായി ഒരേ സമയം പ്രവർത്തിച്ച അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സി.എം. കുമാരനിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.16.2 വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ നിവാസികൾക്ക് അപകട ഇൻഷ്വറൻസ് സംരക്ഷണം നൽകുന്നതിനായി 12-3-1998-ൽ വർഷ എന്ന പേരിലുള്ള ഒരു ഗുണഭോക്തൃ സൊസൈറ്റിക്ക് 50,000 രൂപയും ഗ്രാന്റ് എന്ന നിലയിൽ 70,000 രൂപയും നൽകിയത് സംബന്ധിച്ച് വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് മുൻസെക്രട്ടറി ശ്രീ. സി. എം. കുമാരന് 20.11.2007-ൽ രജിസ്റ്റേഡ് നോട്ടീസ് നൽകിയതിന് 24-12-2007-ന് ശ്രീ. സി. എം. കുമാരൻ സമർപ്പിച്ച മറുപടിയിൽ വർഷ ഗുണഭോക്തൃ സൊസൈറ്റിയുടെ സെക്രട്ടറി, പഞ്ചായത്ത് സെക്രട്ടറി അല്ലായെന്നും ശ്രീ. ഇ. കെ. സത്യൻ, എരുമക്കാടൻ ഹൗസ്,

മൂപ്പിയം എന്നവരാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ഇ. കെ. സത്യന് 1-1-2008-ൽ പഞ്ചായത്തിൽ നിന്നും നൽകിയ നോട്ടീസിന് 14-1-2008-ൽ ടിയാൻ സമർപ്പിച്ച മറുപടിയിൽ സൊസൈറ്റിക്ക് നൽകിയ 1,20,000 രൂപയിൽ ചെലവാക്കിയ സംഖ്യ കഴിച്ച് ബാക്കി സംഖ്യ 44,500 രൂപ 21-11-2000-ൽ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് 1998-99-ൽ ഖണ്ഡിക 25(ബി), (സി)യിൽ പരാമർശിച്ചിരിക്കുന്ന രേഖകൾ ടിയാൻ 14-1-2008-ൽ പഞ്ചായത്തിൽ ഹാജരാക്കിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.16.3 മേൽ വിഷയത്തിൽ, മേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 14-1-2008-ന് എ 1-207/07 ആയി സമർപ്പിച്ച രേഖകൾ പ്രാദേശിക പരിശോധന നടത്തിയതിൽ വർഷാ സൊസൈറ്റി 50,000 രൂപ ഇൻഷ്വറൻസ് കമ്പനിയിൽ അടച്ചതു സംബന്ധിച്ച രേഖകളോ, ലഭ്യമാക്കിയ പോളിസികളുടെ വിവരങ്ങളോ ഫയലിൽ ലഭ്യമായിരുന്നില്ല. 50,000 രൂപയുടെ ചെലവിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ ആയതിന്മേൽ ഉള്ള ഓഡിറ്റ് തടസ്സവാദം നിലനിൽക്കുന്നു.

<u>14-8-2013-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം</u>

3.16.4 അവശേഷിക്കുന്ന 50,000 രൂപ ചെലവഴിച്ചതിനുള്ള രേഖ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുകയോ അല്ലാത്ത പക്ഷം പ്രസ്തുത തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്ത് പതിനഞ്ച് ദിവസത്തിനകം റിപ്പോർട്ട് നൽകുക.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.16.5 അവശേഷിക്കുന്ന 50,000 രൂപ ചെലവഴിച്ചതിനുള്ള രേഖ കണ്ടെടുക്കുവാൻ കഴിയാതിരുന്നതിനാൽ ടി തുക അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. സി.എം. കുമാരൻ, ചുള്ളിക്കാട്ടിൽ വീട്, മണ്ണുംപേട്ട, പൂക്കോട് പി.ഒ., വരാക്കര, തൃശ്ശൂർ ജില്ല, പിൻ-680 302-ൽ നിന്ന് റവന്യൂ റിക്കവറി നടപടി വഴി ഈടാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ 13-11-2013-ലെ 979-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ 15-11-2013-ലെ എ 4-101/2013 നമ്പർ കത്തു മുഖേന ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുള്ളതായും എന്നാൽ റവന്യൂ റിക്കവറി നടപടിക്കായി ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതിനെ തുടർന്ന് ഓൺലൈൻ അപേക്ഷ സമർപ്പിച്ചതായും തൃശ്ശൂർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ 20-12-2013-ലെ പി4-1613/2007 നമ്പർ കത്തു പ്രകാരം അറിയിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു. (11-9-2014-ലെ കത്തുപ്രകാരം ലഭിച്ചത്)

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.16.6 ഓൺലൈൻ അപേക്ഷ പരിഗണിച്ച് ശ്രീ. സി. എം. കുമാരന് കളക്ടറേറ്റിൽ നിന്നും ഡിമാന്റ് നോട്ടീസ് നൽകുകയും ആയതിന് എതിരെ ടിയാൻ 10-1-2014-ന് കളക്ടർക്ക് അപ്പീൽ നൽകുകയും ചെയ്തിരുന്നു. ജില്ലാ കളക്ടറുടെ 2-5-2014-ലെ ജി4-4193/14/ കെ.ഡി.എസ്. കത്ത് പ്രകാരം ആയത് നിരസിച്ചിട്ടുള്ളതാണ്. എന്നാൽ 17-5-2014-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 16/2014-15 നമ്പർ തീരുമാനപ്രകാരം ശ്രീ. സി. എം. കുമാരന് എതിരെയുള്ള ആർ.ആർ. നടപടികൾ നിർത്തി വയ്ക്കുന്നതിന് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുള്ളതും നിലവിൽ ആർ.ആർ. നടപടി വഴി തുക ഈടാക്കിയിട്ടില്ലാത്തതുമാണ് എന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.16.7 അവശേഷിക്കുന്ന 50,000 രൂപ ചെലവഴിച്ചതിനുള്ള രേഖ കണ്ടെടുക്കുവാൻ കഴിയാതിരുന്നതിനാൽ ടി തുക അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. സി. എം. കുമാരൻ, ചുള്ളിക്കാട്ടിൽ വീട്, മണ്ണുംപേട്ട, പൂക്കോട്, പി.ഒ. വരാക്കര, തൃശ്ശൂർ ജില്ല എന്നവരിൽ നിന്ന് റവന്യൂ റിക്കവറി നടപടി വഴി ഈടാക്കുകയും പ്രസ്തുത തുക 22-11-2014-ലെ 11401400017, 11401400018 നമ്പർ രശീതുകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചിട്ടുണ്ടെന്ന് വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 25-11-2014-ലെ എ 4-101/13 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്ന് ബോധിപ്പിച്ചു കൊള്ളുന്നു. (11-8-2015-ലെ കത്തുപ്രകാരം ലഭിച്ചത്)

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.16.8 മുകുന്ദപുരം തഹസിൽദാരുടെ ഡി5/24749/13 തീയതി 18-11-2014- 50,000 രൂപ (ഡി.ഡി.നമ്പർ769453/18-11-2014-15,000, 769454/18-11-2014-35,000) ആർ.ആർ. നടപടികളിലൂടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചത് പ്രാദേശിക പരിശോധനാ വേളയിൽ ബോദ്ധ്യമായതിനാൽ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

<u>ഖണ്ഡിക നമ്പർ 114, 115</u>

**ശിപാർശ**

3.17.1 ഈ പദ്ധതി പ്രകാരം 23,384 രൂപ അധികരിച്ച് ചെലവ് ചെയ്തിരിക്കുകയാണ്. പ്രസ്തുത ചെലവിന് സാധൂകരണം ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും അനുബന്ധരേഖകളും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ പരിശോധിച്ച് ഇതു സംബന്ധിച്ച റിപ്പോർട്ട് 15 ദിവസത്തിനുള്ളിൽ സമിതിക്ക്

ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും നാളിതുവരെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇതിന്മേലുള്ള റിപ്പോർട്ട് അടിയന്തരമായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3.17.2 പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് പുനഃപരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അധികചെലവിന് സാധൂകരണം ലഭിച്ചിട്ടില്ലായെന്നാണ് കാണുന്നതെങ്കിൽ ഇതിന്മേൽ വരുന്ന ബാദ്ധ്യത അന്നത്തെ നിർവ്വഹണോദ്യോഗസ്ഥന്റെ പേരിൽ നിജപ്പെടുത്തി തുടർനടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.17.3 ഈ ഖണ്ഡികയിലെ പരാമർശങ്ങളെ സംബന്ധിച്ചുള്ള പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, തൃശ്ശൂരിന്റെ പരിശോധനാ റിപ്പോർട്ട് പരിശോധിച്ചുള്ള പുനരഭിപ്രായ കുറിപ്പുകൾ.

രണ്ടു ലക്ഷം രൂപ വകയിരുത്തിയ ആദ്യ പദ്ധതി പുതുക്കിയതായി കൃഷി ആഫീസർ നൽകിയ മറുപടിയിൽ കാണുന്നു. പഞ്ചായത്ത് കമ്മിറ്റി തീരുമാനം 109/5-3-1999 പ്രകാരം പദ്ധതി 2,26,634.00 രൂപയുടെയെന്നാക്കി പുതുക്കിയതായി പറയുന്നു. ആയതുപ്രകാരം 4 എച്ച്.പി. എഞ്ചിൻ ഉപയോഗിച്ച് പ്രവർത്തിക്കുന്ന നടീൽ യന്ത്രം, എൻജിൻ ഉപയോഗിച്ച് പ്രവർത്തിക്കുന്ന കൊയ്ത്തു-മെതിയന്ത്രം എന്നിവ വാങ്ങാനാണ് തീരുമാനം എന്നു ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ പുതുക്കിയ പദ്ധതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ച് രേഖകൾ ഹാജരാക്കിയിട്ടില്ല. ആകെ ചെലവ് 2,21,634 രൂപ [റെയ്ഡ്കോ 1,68,714 രൂപ, അഗ്രോ മെഷീനറി കോർപ്പറേഷൻ 52,920 രൂപ] ആണ്. ഇതു പുതുക്കിയ പദ്ധതിയിൽ വകയിരുത്തിയ തുകയ്ക്കുള്ളിൽ തന്നെയാണ്. എന്നാൽ ചെലവ് അംഗീകരിക്കുവാൻ പദ്ധതിയുടെ അംഗീകാരം സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതുണ്ട്.

ഈ ഖണ്ഡികയിൽ തടസ്സപ്പെടുത്തിയ സംഖ്യയായ 2,23,384 രൂപ ബാക്കി തുക 1750 രൂപ പട്ടിക വർഗ്ഗക്കാർക്കുള്ള ടി.എസ്.പി. പദ്ധതി ചെലവാണ് എന്നാണ് കൃഷി ആഫീസറുടെ മറുപടിയിൽ പറയുന്നത്. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 3-4-2008-ലെ പി2-283/02 കത്തുപ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് പ്രകാരം അഗ്രോ ക്ലിനിക് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, ടി സമിതിയ്ക്ക് നിയമാവലി ഉണ്ടെന്നും, കൃഷി ഭവനുമായി കരാർ ഉണ്ടെന്നും, വാടക പിരിക്കുന്നുണ്ടെന്നും വരവ് ചെലവ് കണക്കുകളും, മിനിറ്റ്സും ഉണ്ടെന്നും യന്ത്ര സാമഗ്രികൾ പഞ്ചായത്ത് കോമ്പൗണ്ടിലെ അഗ്രോ ക്ലിനിക്കിൽ ഉണ്ടെന്നും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

മേൽക്കാണിച്ച സാഹചര്യത്തിൽ പുതിയ പദ്ധതിയും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെടാവുന്നതും ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം നിയമസഭാ സമിതിയുടെ അംഗീകാരത്തിന് വിധേയമായി ഒഴിവാക്കാവുന്നതും ആകുന്നു.

## 8-12-2009-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

3.17.4 "പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ നെൽകൃഷി യന്ത്രവൽക്കരണം യന്ത്രങ്ങൾ ലഭിച്ചതിന് രേഖയില്ല" എന്ന ഓഡിറ്റ് പരാമർശത്തിന്റെ നിജസ്ഥിതി പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് നിർദ്ദേശിച്ചു.

## 8-12-2009-ലെ യോഗനിർദ്ദേശപ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട്

3.17.5 നെൽകൃഷി ഭാഗിക യന്ത്രവൽക്കരണം എന്ന 1998-99 വർഷത്തെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ട് അനുസരിച്ച് ചാരിറ്റബിൾ സൊസൈറ്റി നിയമപ്രകാരം രജിസ്റ്റർ ചെയ്ത അഗ്രോക്ലിനിക് സ്ഥാപിച്ച് അതിന്റെ കീഴിൽ യന്ത്രസാമഗ്രികൾ സൂക്ഷിക്കാനും, യന്ത്രങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള ചട്ടം രൂപപ്പെടുത്തി, കാര്യക്ഷമമായി പ്രവർത്തനം നടത്തുന്നതിനും ഒരു തൊഴിൽരഹിതനെ ഏർപ്പെടുത്തി വാടകയിൽ നിന്നും കിട്ടുന്ന വരുമാനത്തിൽ നിന്നും ടിയാന്റെ ഹോണറേറിയം നൽകാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

താഴെ പറയുന്ന യന്ത്രങ്ങൾ വാങ്ങിക്കുന്നതിന് 2 ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിന് അംഗീകാരം ലഭിച്ചിരുന്നു :

| | |
|---|---|
| നടീൽ യന്ത്രങ്ങൾ | 10 എണ്ണം |
| മെതി, പാറ്റ് യന്ത്രം | 1 എണ്ണം |
| കൊയ്ത്ത് യന്ത്രം | 1 എണ്ണം |
| കൊയ്ത്ത് യന്ത്രം ട്രാക്ടറിൽ ഘടിപ്പിക്കാവുന്നത് | 1 എണ്ണം |

നടീൽ യന്ത്രം, മെതി, പാറ്റ് യന്ത്രം എന്നിവയ്ക്ക് റെയ്ഡ്കോയ്ക്ക് (തൃശ്ശൂർ) 1,68,714 രൂപയും കൊയ്ത്ത് യന്ത്രത്തിന്റെ വില 52,920 രൂപയും 10 ടീ സ്പ്രെയറിന് 1,750 രൂപയും (ഈ തുക പട്ടികവർഗ്ഗക്കാർക്കുള്ള ടി.എസ്.പി. പദ്ധതി ചെലവാണെന്ന് കൃഷി ഓഫീസർ മറുപടിയിൽ പറയുന്നുണ്ടെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല) കൂടി മൊത്തം 2,23,384 രൂപ ചെലവായി.

5-3-1999-ലെ 109/99-ാം പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മനുഷ്യ ശക്തി ഉപയോഗിച്ച് പ്രവർത്തിപ്പിക്കാവുന്ന 12 ഞാറുനടീൽ യന്ത്രങ്ങൾ വാങ്ങാനായി ഉദ്ദേശിച്ചിരുന്നെങ്കിലും അത്തരം യന്ത്രങ്ങൾ ഇപ്പോൾ ലഭ്യമല്ലാത്തതിനാൽ 4 എച്ച്.പി. ഡീസൽ എഞ്ചിൻ ഘടിപ്പിച്ച ഒരു ഞാറുനടീൽ യന്ത്രം വാങ്ങിക്കുന്നതിനും, ട്രാക്ടറിൽ ഘടിപ്പിക്കുന്ന കൊയ്ത്തുയന്ത്രം വാങ്ങാൻ ലക്ഷ്യമിട്ടിരുന്നെങ്കിലും ട്രാക്ടർ സ്വന്തമായി ഇല്ലാത്തതിനാൽ മണ്ണെണ്ണ ഉപയോഗിച്ച് പ്രവർത്തിക്കാവുന്ന ഒരു കൊയ്ത്ത് യന്ത്രം വാങ്ങുന്നതിനും തീരുമാനിക്കുകയുണ്ടായി.

(1999-2000 വർഷത്തിലെ "അഗ്രോക്ലിനിക് ശക്തിപ്പെടുത്തൽ" എന്ന പ്രോജക്ട് പ്രകാരം 31-3-2000-ൽ 3,75,920 രൂപ ചെലവഴിച്ച് ട്രാക്ടർ വാങ്ങിയിട്ടുണ്ട്)

മേൽപ്പറഞ്ഞ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ ധനകാര്യ വിനിയോഗം താഴെപറയുന്ന വിധം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു :

| | |
|---|---|
| നടീൽ യന്ത്രം | 1,03,350 രൂപ |
| മെതി യന്ത്രം | 65,364 രൂപ |
| കൊയ്ത്തുയന്ത്രം | 52,920 രൂപ |
| ബോധവൽക്കരണം/അച്ചടി രജിസ്ട്രേഷൻ | 5,000 രൂപ |
| ആകെ | 2,26,634 രൂപ |

പദ്ധതി വിഹിതമായിരുന്ന 2 ലക്ഷം രൂപയിൽ അധികം വേണ്ടി വരുന്ന 26,634 രൂപ കാർഷിക മേഖലയിലെ ഇതര പ്രോജക്ടുകളിൽ നടപ്പാക്കാൻ പറ്റാത്ത തുകയിൽ നിന്നും എടുക്കുന്നതിനും തീരുമാനിക്കുകയുണ്ടായി.

പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 3-4-2008-ലെ ഡി2-283/02 നമ്പർ കത്തു പ്രകാരമുള്ള റിപ്പോർട്ടനുസരിച്ച് അഗ്രോക്ലിനിക് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, ടി സമിതിക്ക് നിയമാവലി ഉണ്ടെന്നും കൃഷിഭവനുമായി കരാർ വച്ചിട്ടുണ്ടെന്നും, വാടക പിരിക്കുകയും, വരവുചെലവ് കണക്കുകളും, മിനിട്സും സൂക്ഷിക്കുന്നുണ്ടെന്നും, ട്രാക്ടർ അടക്കമുള്ള യന്ത്രസാമഗ്രികൾ പഞ്ചായത്ത് കോമ്പൗണ്ടിലുള്ള അഗ്രോക്ലിനിക്കിൽ സൂക്ഷിക്കുന്നുണ്ടെന്നും പറഞ്ഞിട്ടുണ്ട്. (ഇതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല)

8-7-2010-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 5(15)-ാം തീരുമാനപ്രകാരം പദ്ധതി വിഹിതം വർദ്ധിപ്പിച്ച് ഭേദഗതി വരുത്തിയതിന് അംഗീകാരം വാങ്ങുന്നതിൽ സംഭവിച്ച വീഴ്ച മാപ്പാക്കി പ്രസ്തുത ചെലവ് യഥാർത്ഥത്തിൽ നടത്തിയിട്ടുള്ളതിനാലും ആയതിന് സാധൂകരണം നൽകുന്നതിന് സർക്കാരിനോട് അപേക്ഷിക്കുവാൻ ഭരണസമിതി ഐകകണ്ഠേന തീരുമാനിച്ചുവെങ്കിലും 8-10-2010 വരെ സർക്കാരിലേക്ക് കത്തിടപാടുകളൊന്നും നടത്തിയതായി കാണുന്നില്ല. അതായത് 23,384 രൂപയ്ക്ക് സർക്കാരിൽ നിന്നും ഇതുവരെ സാധൂകരണം ലഭിച്ചിട്ടില്ല എന്നുള്ള വിവരവും അറിയിക്കുന്നു.

30-3-2012-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടി

3.17.6 നെൽകൃഷി യന്ത്രവൽക്കരണം എന്ന പദ്ധതി പ്രകാരം 23,384 രൂപ അധികരിച്ച് ചെലവ് ചെയ്തത് സംബന്ധിച്ച് ബന്ധപ്പെട്ട ഫയലുകളും അനുബന്ധ രേഖകളും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ നേരിട്ട് പരിശോധിച്ചിട്ടുള്ളതാണ്. റിപ്പോർട്ട് പി2-283/02, 3-4-2008 തീയതിയിലെ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

23,384 രൂപ അധിക ചെലവിന് നാളിതുവരെ സാധൂകരണം ലഭ്യമാക്കിയിട്ടില്ല. എന്നാൽ 8-7-2010-ലെ 5(15) നമ്പർ തീരുമാനപ്രകാരം ആയതിന് സാധൂകരണം നൽകുന്നതിന് സർക്കാരിനോടപേക്ഷിക്കാൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. എന്നിരുന്നാലും ജില്ലാതല മോണിറ്ററിംഗ് സമിതിക്ക് ഗ്രാമപഞ്ചായത്ത് നാളിതുവരെയും അപേക്ഷ സമർപ്പിച്ചിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലാണെന്ന വിവരം ശരിയല്ല. ഫയലുകൾ കൃഷി ഓഫീസിൽ തന്നെ ഉള്ളതായി അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഫയലുകൾ അടിയന്തരമായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് കൈമാറണമെന്ന് കാണിച്ച് ഈ ഓഫീസിൽ നിന്ന് 3-4-2008-ന് പി2-283/02 നമ്പർ കത്ത് പ്രകാരം ഇപ്പോഴത്തെ കൃഷി ഓഫീസർക്ക് അറിയിപ്പ് നൽകിയിരുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.17.7 ഖണ്ഡിക 114, 115 പ്രകാരമുള്ള അധിക ചെലവിന് സർക്കാരിൽ നിന്നും ഇതുവരെ സാധൂകരണം ലഭിച്ചിട്ടില്ല.

14-8-2013-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

3.17.8 അധിക ചെലവിന് സർക്കാർ സാധൂകരണം ലഭിച്ചത് സംബന്ധിച്ച വിശദാംശം നൽകുക. പ്രസ്തുത അധിക ചെലവിന് സാധൂകരണം ലഭിച്ചിട്ടില്ലെങ്കിൽ മൂന്നു മാസത്തിനകം സാധൂകരണം നേടിയോ സാധൂകരണം ലഭിക്കാത്ത പക്ഷം അധികം ചെലവായ തുക നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും ഈടാക്കിയോ റിപ്പോർട്ട് നൽകുക.

സർക്കാർ സ്വീകരിച്ച നടപടി

3.17.9 അധിക ചെലവിന് സാധൂകരണത്തിനായി 8-7-2010-ലെ 5(15) നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിനെ തുടർന്ന് 5-11-2013-ൽ സാധൂകരണത്തിനായി ജില്ലാതല മോണിറ്ററിംഗ് സമിതി മുമ്പാകെ അപേക്ഷിച്ചതായി പാണഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 6-11-2013-ലെ എ-11347/13 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിച്ചു കൊള്ളുന്നു. അടുത്ത ജില്ലാതല

മോണിറ്ററിംഗ് സമിതിയിൽ പഞ്ചായത്തിന്റെ പ്രോപ്പോസൽ സമർപ്പിക്കണമെന്നും, തുടർ നടപടി സ്വീകരിക്കണമെന്നുമാണെന്ന് ബോധിപ്പിച്ചു കൊള്ളുന്നു. (11-8-2015-ലെ കത്ത് പ്രകാരം ലഭിച്ചത്)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.17.10 12-5-2014-ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ അധികം ചെലവഴിച്ച 23,384 രൂപയുടെ ചെലവിന് സാധൂകരണം ലഭിക്കുന്നതിനായി 5-11-2013-ലെ എ-11347/13 നമ്പർ കത്തായി സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട് എന്നുള്ള മറുപടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയിട്ടുണ്ട് എന്ന് അറിയിക്കുന്നു.

5-10-2015-ലെ കത്തുപ്രകാരം ലഭിച്ച സർക്കാർ മറുപടി

3.17.11 പ്രസ്തുത പരാമർശത്തിൽ പറയുന്ന നെൽകൃഷി ഭാഗിക യന്ത്രവത്കരണം പദ്ധതിക്ക് വകയിരുത്തിയതിലും അധികമായി ചെലവഴിച്ച 23,384 രൂപയ്ക്ക് സർക്കാരിന്റെ 17-4-2015-ലെ സ.ഉ.(സാധാ)നമ്പർ1151/15/ത.സ്വ.ഭ.വ. പ്രകാരം സാധൂകരണം ലഭ്യമായിട്ടുണ്ട്. ടി വിവരം 20-5-2014-ലെ ബി.1-3474/15 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ അറിയിച്ചിട്ടുണ്ടെന്ന് പാണഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 20-5-2015-ലെ ബി1-3474/15 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്നും ബോധിപ്പിച്ചു കൊള്ളുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.17.12 പ്രോജക്ട് പ്രകാരം 10 നടീൽ യന്ത്രങ്ങളും മെതി/പാറ്റ് യന്ത്രം, കൊയ്ത്ത് യന്ത്രം, ട്രാക്ടറിൽ ഘടിപ്പിക്കാവുന്ന കൊയ്ത്ത് യന്ത്രം എന്നിവയാണ് വാങ്ങിയത്. പ്രാദേശിക പരിശോധനാ വേളയിൽ 4 നടീൽ യന്ത്രങ്ങളും, 1 മെതിയന്ത്രവും, മഴയും വെയിലുമേറ്റ് തുരുമ്പെടുത്ത അവസ്ഥയിൽ ഉപയോഗശൂന്യമായി കിടക്കുന്നത് കാണുകയുണ്ടായി. ബാക്കിയുള്ള ആറ് നടീൽ യന്ത്രങ്ങളും ഒരു മെതി/പാറ്റ് യന്ത്രവും ട്രാക്ടറിൽ ഘടിപ്പിക്കാവുന്ന കൊയ്ത്ത് യന്ത്രവും എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്ന വിവരം പഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ല.

പദ്ധതിയിൽ വകയിരുത്തിയെങ്കിലും അധികമായി ചെലവഴിച്ച 23,384 രൂപയ്ക്ക് സർക്കാരിന്റെ 17-4-2015-ലെ സ.ഉ. (സാധാ) നമ്പർ. 1151/15/ത.സ്വ.ഭ.വ. പ്രകാരം സാധൂകരണം ലഭ്യമായിട്ടുള്ളത് പരിശോധിച്ച് ബോധ്യമായിട്ടുള്ളതാണ്.

14-12-2016 -ലെ യോഗത്തിലെ സമിതി തീരുമാനം

3.17.13 കാണാതായ യന്ത്രങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ച് 15 ദിവസത്തിനുള്ളിൽ സമിതിയ്ക്ക് റിപ്പോർട്ട് ചെയ്യുക. പ്രസ്തുത സമയപരിധിക്കുള്ളിൽ റിപ്പോർട്ട് ലഭ്യമാകാത്ത പക്ഷം ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്താനും തീരുമാനിച്ചു.

19-10-2017-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ നൽകിയ മറുപടി

3.17.14 കൊയ്ത്ത് യന്ത്രങ്ങൾ കുറച്ചുകാലം ഉപയോഗിക്കുകയും പിന്നീട് പഞ്ചായത്ത് കോമ്പൗണ്ടിൽ തന്നെ ഇട്ടിരിക്കുന്നതായാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്നും പി.ഡബ്ല്യു.ഡി. (മെക്കാനിക്കൽ) യുടെ സർട്ടിഫിക്കേഷനോടെ മൂല്യനിർണ്ണയം നടത്തി ടി യന്ത്രങ്ങൾ ഡിസ്പോസ് ചെയ്യുകയേ മാർഗ്ഗമുള്ളുവെന്നും പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് സമിതിയെ ബോധ്യപ്പെടുത്തി. നിലവിൽ കൊയ്ത്ത് യന്ത്രങ്ങൾ വാങ്ങൽ സർക്കാർ പ്രോത്സാഹിപ്പിക്കുന്നില്ലെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 118

ശിപാർശ

3.18.1 സമിതി നിർദ്ദേശപ്രകാരം ബന്ധപ്പെട്ട രേഖകളെല്ലാം തന്നെ പരിശോധിച്ചതായും ചെലവുകളെ സംബന്ധിച്ച് എല്ലാ വിവരങ്ങളും ബോധ്യപ്പെട്ടതായും, സമിതിയുടെ തീർപ്പിന് വിധേയമായി തടസ്സം ഒഴിവാക്കാവുന്നതാണെന്നും എൽ.എഫ്.എ. അറിയിച്ചിരിക്കുന്ന സാഹചര്യത്തിന്മേൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.18.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ.ടി.എസ്. ആർ (എസ്.1) നമ്പർ നടപടിക്രമം പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 122

ശിപാർശ

3.19.1 സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് കിണർ കുഴിക്കുന്നതിനും മറ്റുമായി മണക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ സ്കീം എന്ന പേരിൽ ചട്ടവിരുദ്ധമായി ഗുണഭോക്തൃ സമിതി കൺവീനർക്ക് തുക മുൻകൂറായി നൽകുകയും, നൽകിയ തുകയുടെ ചെലവ് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കാതെയുമുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലാണെന്ന വിവരം ബന്ധപ്പെട്ട കൃഷി ഓഫീസർ അറിയിച്ചിരുന്നുവെന്ന് ഇപ്പോഴത്തെ കൃഷി ഓഫീസർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ ആഫീസിലുള്ള ഫയലുകൾ ലോക്കൽ ഫണ്ട് ഓഡിറ്റിന് കൈമാറണമെന്നും ഇതിന്മേൽ സ്വീകരിക്കുന്ന തുടർ നടപടികൾ സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ. എം. ഡി. രവീന്ദ്രനെതിരെ സർച്ചാർജ്ജ് നടപടികൾ ആരംഭിച്ചുവെന്ന ലോക്കൽ ഫണ്ട് ഡയറക്ടറുടെ അറിയിപ്പിന്റെ അടിസ്ഥാനത്തിൽ മേൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.19.2 ഈ ഖണ്ഡികയിലെ പദ്ധതിയെക്കുറിച്ച് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, തൃശ്ശൂർ ഹാജരാക്കിയ പാണഞ്ചേരി കൃഷി ഭവന്റെ ഫയൽ പരിശോധിച്ചുള്ള പുനരഭിപ്രായക്കുറിപ്പുകൾ :

1. പദ്ധതി പ്രകാരമുള്ള കൃഷിക്ക് വേണ്ടിയുള്ള കിണർ കുഴിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്ത്/കൃഷി ഭവൻ/കേരവികസന സമിതി എന്നിവർക്ക് ഉടവസ്ഥാവകാശം കൈമാറിയതായി രേഖ കാണുന്നില്ല. ശ്രീ. കൈമല ഐവ്വ മകൻ മനോജ്കുമാർ നൽകിയ 1129 സർവ്വേ നമ്പരിൽ 0.13½ സെന്റിൽ നിന്ന് 0.06 സെന്റ് വിട്ടുകൊടുക്കുന്നതിനുള്ള ലാന്റ് റിലിങ്കിഷ്മെന്റ് അപേക്ഷ മാത്രമേ ഫയലിൽ ഉള്ളൂ. ഇതുപ്രകാരമുള്ള ഭൂമി രേഖാമൂലം ഏറ്റെടുത്തതായി ഒരു രേഖയും കാണുന്നില്ല.

2. ഈ പദ്ധതിയ്ക്കുവേണ്ടി പാണഞ്ചേരി പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ചെലവ് 2,15,000 രൂപ ആണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) അരണാട്ടുകര എസ്റ്റിമേറ്റ് പരിശോധിച്ച് അംഗീകാരം നൽകിയത് രൂപ 1,65,000-നാണ് ഭരണാനുമതി നൽകിയത് - 8.5% പദ്ധതി വിഹിതം ഹെക്ടറിന് 15,000 എന്ന പരിധിക്ക് വിധേയം, 15% ഗുണഭോക്തൃ വിഹിതം എസ്റ്റിമേറ്റ് പ്രകാരം കിണറിന്റെ താഴ്ച 9 മീറ്ററും മോട്ടോർ 15 എച്ച്.പി.യുടേതുമായിരുന്നു. എന്നാൽ കൺവീനറുടെ ആവശ്യപ്രകാരം കിണറിന്റെ താഴ്ച 4.5 മീറ്ററായും മോട്ടോർ 10 എച്ച്.പി.യുടേതായും മാറ്റിയതായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) യുടെ 25-11-1998-ലെ കത്തിൽ കാണുന്നു. എന്നാൽ ഇതിനനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കിയതായി കാണുന്നില്ല. ഫയൽ പ്രകാരം ഈ പദ്ധതിയ്ക്ക് വേണ്ടി അനുവദിച്ച തുക താഴെ കൊടുക്കുന്നു :

| പാണഞ്ചേരി കൃഷി ആഫീസറുടെ ഉത്തരവ് | സംഖ്യ | ഇനവിവരം |
|---|---|---|
| കെ.ബി.പി.18/97-98<br>തീയതി 29-12-2007 | 50,000.00 | മുൻകൂർ കൺവീനർക്ക് 10 എച്ച്.പി. മോട്ടോറും അനുബന്ധ സാധനങ്ങളും പി.വി.സി. പൈപ്പുകളും അനുബന്ധ സാധനങ്ങളും |
| ടി | 28,579.00 | |
| ടി | 27,698.00 | |
| **ആകെ** | **1,06,277.00** | |

എന്നാൽ പണികൾ പൂർത്തിയായി എന്നു പറയുന്നതല്ലാതെ നടന്ന പണികളുടെ അളവെടുത്ത് ഫൈനൽ ബിൽ തയ്യാറാക്കിയതായി കാണുന്നില്ല. ഇങ്ങനെ ഫൈനൽ ബിൽ തയ്യാറാക്കുന്നതിന് മുമ്പ് കിണറിന്റെ ആഴം കുറഞ്ഞതിനാലും ചെലവ് കുറയുന്നതനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കേണ്ടതും ആയതിന്റെ 85% എന്ന പദ്ധതി വിഹിതത്തിലേക്ക് കൺവീനർക്ക് കൊടുക്കേണ്ട തുക കണക്കാക്കേണ്ടതുമാണ്.

ഫൈനൽ ബിൽ, പുതുക്കിയ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കൺവീനർക്ക് കൊടുത്ത സംഖ്യ ശരിയാണോ എന്ന് ഓഡിറ്റർക്ക് കണക്കാക്കുവാൻ സാധിക്കുന്നതല്ല.

3. കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഒല്ലൂക്കരയുടെ 20-6-1997-ലെ ഉത്തരവിൽ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) 310-96 (കൃഷി) തീയതി 8-10-1996 പ്രകാരം ഹെക്ടറിന് 15,000 രൂപ വച്ച് സബ്സിഡി നൽകാമെന്ന് കാണിച്ചിട്ടുണ്ട്. ആയതിനാൽ പദ്ധതിയിൽ 10.9 ഹെക്ടർ സ്ഥലത്ത് കൃഷി നടത്തുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത് എന്നതിനാൽ പദ്ധതി വിഹിതം 1,63,500 രൂപ കാണിച്ചിരിക്കുന്നത് ശരിയാണ്. എന്നാൽ പദ്ധതി വിഭാവനം ചെയ്തതു പോലെ പൂർത്തിയായതായും ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട് എന്നതിന് തെളിവായി മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭിച്ചതായി കാണുന്നില്ല. കിണറിന്റെ ആഴം കുറച്ചതും മോട്ടോറിന്റെ എച്ച്.പി.കാരണം പദ്ധതിയിൽ കാണിച്ചതുപോലെ 10.9 ഹെക്ടറിലെ എല്ലാ കൃഷിക്കാർക്കും പ്രയോജനപ്പെടുന്നുണ്ടോ എന്ന കാര്യം പ്രത്യേകമായി അന്വേഷിക്കേണ്ട ഒന്നായി വരുന്നതായി ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

4. ഖണ്ഡിക 50-ന് ശ്രീ. രവീന്ദ്രൻ, എൽ.എഫ്. 722/സ്പെ.സെൽ. എസ്.സി./4/06 തീയതി 25-11-2006/16-4-2007 ആയി നൽകിയ സർച്ചാർജ്ജ് നോട്ടീസ് സംബന്ധിച്ച മറുപടി.

സർച്ചാർജ്ജ് നോട്ടീസിന് ശ്രീ. രവീന്ദ്രൻ നൽകിയ മറുപടി പരിശോധിച്ച് അഭിപ്രായം അറിയിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു. എന്നാൽ 22-1-2008-ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ടിയാൻ വരുകയോ പഞ്ചായത്തിൽ രേഖകൾ ലഭ്യമാക്കുകയോ ഉണ്ടായില്ല.

മേൽ ഖണ്ഡിക 2000-01 സമാഹൃത റിപ്പോർട്ടിൽ ഉള്ളതാണ്. ഇതിന് നിയമസഭാ സമിതിയുടെ നിർദ്ദേശം അനുസരിച്ച് ലഭിച്ച ഫയൽ പരിശോധിച്ചുള്ള അഭിപ്രായം മുകളിൽ കൊടുത്തിട്ടുണ്ട്. ടി റിപ്പോർട്ട് പരിശോധിച്ചാൽ സർച്ചാർജ്ജ് ചെയ്യാവുന്ന വിധത്തിൽ വ്യക്തമായ നഷ്ടം ചൂണ്ടിക്കാണിക്കുവാൻ സാധിക്കുന്നതല്ല എന്ന് കാണാം. ആയതിനാൽ ടിയാനെ സർച്ചാർജ്ജ് നടപടികളിൽ നിന്നും ഒഴിവാക്കാനും നിയമസഭാ സമിതിയുടെ തീരുമാനങ്ങൾക്കനുസരിച്ചുള്ള നടപടികളിൽ മാത്രമായി ഭാവിയിൽ എടുത്താൽ മതി എന്നും അഭിപ്രായപ്പെടുന്നു.

8-12-2009-ലെ യോഗ തീരുമാനം

3.19.3 പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ "മണക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ പൊതു പണത്തിന്റെ ദുർവിനിയോഗം" എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ടിലെ വിവരങ്ങൾ പരസ്പരവിരുദ്ധമായതിനാൽ പ്രസ്തുത പദ്ധതിയുടെ നിജസ്ഥിതി നേരിൽ കണ്ട് മനസ്സിലാക്കുന്നതിന് 30-12-2009-ന് പ്രസ്തുത സ്ഥലം സന്ദർശിക്കുന്നതിന് സമിതി തീരുമാനിച്ചു.

30-12-2009-ലെ തെളിവെടുപ്പ് യോഗത്തിലെ സമിതി നിർദ്ദേശം

3.19.4 സ്ഥലത്തിന്റെ ഉടമസ്ഥത ഉറപ്പാക്കാതെ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് സ്വകാര്യ ഭൂമിയിൽ കിണർ കുഴിക്കുകയും സ്ഥലം വിട്ടുകൊടുക്കാൻ ഭൂവുടമ തയ്യാറാകാത്തതുമായ സാഹചര്യത്തിൽ ഇതിനായി വിനിയോഗിച്ച ഫണ്ട് പാഴ്ചെലവായി മാറിയിരിക്കുകയാണെന്നും സ്വകാര്യ ഭൂമിയിൽ കിണർ കുഴിക്കാൻ തീരുമാനിച്ചപ്പോൾത്തന്നെ സ്ഥലം രേഖാമൂലം ഏറ്റെടുക്കുന്നതിൽ തുടർനടപടികൾ സ്വീകരിക്കാതിരുന്നത് പഞ്ചായത്ത് അധികൃതരുടെ വീഴ്ചയായി സമിതി വിലയിരുത്തി.

സ്ഥലം വിട്ടുകൊടുക്കാൻ ഉടമ തയ്യാറാകാത്ത സാഹചര്യത്തിൽ, പ്രശ്നം പരിഹരിക്കുന്നതിനും പഞ്ചായത്ത് ഫണ്ട് പാഴായിപ്പോവാതിരിക്കുന്നതിനുമായി പദ്ധതിക്കു വേണ്ടി ചെലവഴിച്ച 1,06,277 രൂപ മനോജ്കുമാർ കെ. എ., കൈമല ഹൗസ്, മടപ്പല്ലൂർ പി. ഒ., പാലക്കാട് (ജില്ല) എന്നയാളിൽ നിന്നും അവസാന പേയ്മെന്റ് കൊടുത്ത ദിവസമായ 2-6-1999 മുതൽ എസ്. ബി. നിക്ഷേപത്തിന് നിലവിലുള്ള നിരക്കിൽ പലിശ സഹിതം (പരമാവധി 5%) തിരിച്ചുപിടിക്കാൻ സമിതി പഞ്ചായത്തിന് നിർദ്ദേശം നൽകി. യോഗതീയതി മുതൽ മൂന്ന് മാസത്തിനകം തുക പലിശ സഹിതം പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചുകൊള്ളാമെന്ന് സമ്മതം രേഖാമൂലം സ്ഥലം ഉടമയിൽ നിന്നും എഴുതി വാങ്ങിക്കണമെന്നും സമിതി പഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് നൽകുക എന്ന് സമിതി നിർദ്ദേശിച്ചു.

സർക്കാർ സ്വീകരിച്ച നടപടി

3.19.5 30-12-2009-ന് നിയമസഭാ സമിതി മണക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ സ്കീം സംബന്ധിച്ച് നടത്തിയ തെളിവെടുപ്പിൽ ശ്രീ. മനോജ്കുമാർ എന്ന വ്യക്തി സ്വന്തം ആവശ്യത്തിന് ലിഫ്റ്റ് ഇറിഗേഷൻ സ്കീം ഉപയോഗിച്ച് വരുന്നതായി കണ്ടെത്തുകയും ടി പദ്ധതിക്കുവേണ്ടി വിനിയോഗിച്ച 1,06,277 രൂപ ആയതിന്റെ 5% പലിശ സഹിതം ടിയാനിൽ നിന്നും ഈടാക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടി തുക 31-3-2010 നകം പഞ്ചായത്തിൽ ഒടുക്ക് വരുത്തുന്നതാണെന്ന് ടിയാൻ സമിതി മുമ്പാകെ സമ്മതിച്ച്

രേഖാമൂലം എഴുതി നൽകിയിരുന്നു. ടി തുകയും ആയതിന്റെ പലിശയായ 57,124 രൂപയടക്കം 1,63,401 രൂപ, ടിയാൻ അടവാക്കിയിട്ടുണ്ടെന്ന് 26-4-2010-ൽ പാണഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 5044/10 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്ന് ബോധിപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.19.6 മണക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ ഭാഗമായി സ്വകാര്യ വ്യക്തി സ്വന്തം ആവശ്യത്തിന് ലിഫ്റ്റ് ഇറിഗേഷൻ സ്കീം ഉപയോഗിച്ചുവരുന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ടി പദ്ധതിക്കുവേണ്ടി വിനിയോഗിച്ച 1,06,277 രൂപയും 5% പലിശ 57,124 രൂപയും അടക്കം 1,63,401 രൂപ രസീത് നമ്പർ 20/50761 തീയതി 10-3-2010 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയത് സൂക്ഷ്മപരിശോധനാ വേളയിൽ ബോധ്യമായിട്ടുണ്ട്.

ഖണ്ഡിക നമ്പർ 137

**ശിപാർശ**

3.20.1 പദ്ധതിയുടെ അളവെടുത്ത അന്നത്തെ ഓവർസീയർ ശ്രീമതി വി. എസ്. സരസ്വതി പൊതുമരാമത്ത് ചട്ടങ്ങളുടെ ലംഘനമാണ് നടത്തിയിരിക്കുന്നതെന്ന് രേഖപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ ഇതിനെതിരെ വകുപ്പുതല നടപടി കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.20.2 ഉത്തരവാദിയായ ഓവർസീയർ ശ്രീമതി വി. എസ്. സരസ്വതി മാള ഗ്രാമപഞ്ചായത്തിൽ നിന്നും വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറി പോയിരുന്നു. വകുപ്പുതല നടപടി കൈക്കൊള്ളുന്നതിനുവേണ്ടി 12-3-2008-ലെ ഡി2-926/08 നമ്പർ കത്തുപ്രകാരം പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടതനുസരിച്ച് പ്രസ്തുത വിവരം 19-3-2008-ലെ പി4-1613/07 നമ്പർ കത്ത് മുഖേന ഈ ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ടെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.20.3 തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ അറിയിച്ചിട്ടില്ല.

14-8-2013-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം

3.20.4 ഉത്തരവാദിയായ ഉദ്യോഗസ്ഥയ്ക്കെതിരെ സ്വീകരിച്ച വകുപ്പുതല നടപടിയുടെ വിശദാംശങ്ങൾ 15 ദിവസത്തിനകം അറിയിക്കുക.

സർക്കാർ സ്വീകരിച്ച നടപടി

3.20.5 തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിലെ തിരുത്തിക്കളങ്ങര വലിയപറമ്പ് ഹരിജൻ കോളനിയിലെ പൈപ്പ് ലൈൻ പണിയിൽ പദ്ധതിയുടെ അളവെടുത്ത അന്നത്തെ ഓവർസീയർ ശ്രീമതി വി. എസ്. സരസ്വതി പൊതുമരാമത്ത് ചട്ടങ്ങളുടെ ലംഘനം നടത്തിയെന്നും ടിയാളിൽ നിക്ഷിപ്തമല്ലാത്ത അധികാരം ഉപയോഗിച്ചതിനാൽ അച്ചടക്ക നടപടി സ്വീകരിക്കാൻ നിയമസഭാ സമിതി നിർദ്ദേശിച്ചിരിക്കുന്നതിനാൽ ടിയാൾ മനഃപൂർവ്വമല്ലെങ്കിലും ചട്ടലംഘനം നടത്തിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ടിയാളുടെ വാർഷിക വേതനവർദ്ധനവ് 6 മാസത്തേക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞുകൊണ്ട് ടിയാളുടെ പേരിലുള്ള അച്ചടക്ക നടപടി തീർപ്പ് കല്പിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ 29-8-2014-ലെ E10-12734/13/CE2/LSGD-ാം നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള വിവരം ബോധിപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.20.6 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 15-ാമത് റിപ്പോർട്ടിലെ മാള ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് പരാമർശ വിഷയത്തിന്മേൽ കമ്മിറ്റി നിർദ്ദേശിച്ച പരിഹാര നടപടികളിന്മേൽ, ഖണ്ഡിക 137-ലെ നിർദ്ദേശത്തിന്മേൽ ബന്ധപ്പെട്ട വകുപ്പ്, വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുള്ളത് ബോധ്യമായിട്ടുണ്ട്. മറ്റ് നിഗമനങ്ങളിന്മേൽ/ ശിപാർശ കളിന്മേൽ സമിതി നിർദ്ദേശിച്ച നടപടിക്രമങ്ങൾ പൂർത്തീകരിച്ചതായി ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ നിന്നും അറിയിച്ചിട്ടില്ല.

ഖണ്ഡിക നമ്പർ 138

**ശിപാർശ**

3.21.1 പൈപ്പുകൾ വാങ്ങിയതിൽ വ്യക്തമായ ക്രമക്കേടുകൾ കാണുന്നതിനാൽ ഒരു ബാഹ്യ ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.21.2 ബാഹ്യ ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് 11-1-2008-ലെ ബി-782/07 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷിച്ചതിനെ തുടർന്ന് മേൽ നടപടികൾക്കായി 19-3-2008-ലെ പി4-1613/07 നമ്പരായി പഞ്ചായത്ത് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.21.3 തുടർ നടപടി സംബന്ധിച്ച വിവരങ്ങൾ അറിയിച്ചിട്ടില്ല.

<u>14-8-2013-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം</u>

3.21.4 ക്രമക്കേടുകളെപ്പറ്റി അന്വേഷിച്ച ബാഹ്യ ഏജൻസിയുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങളും പതിനഞ്ച് ദിവസത്തിനകം നൽകുക.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.21.5 ക്രമക്കേടുകളെപ്പറ്റി അന്വേഷിച്ച വിജിലൻസ് റിപ്പോർട്ട് ഇതുസഹിതം സമർപ്പിക്കുന്നു (അനുബന്ധം III). ഈ വിഷയത്തിൽ വിജിലൻസ് അന്വേഷണ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 10-2-2014-ാം തീയതി 296/14 ആയി മാള പോലീസ് സ്റ്റേഷനിൽ ക്രൈം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

പ്രസ്തുത പദ്ധതിയുടെ കൺവീനറായിരുന്ന ശ്രീ. എം. മോഹനന് 59,130 രൂപ അടയ്ക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് 17-6-2010-ൽ നോട്ടീസ് നൽകിയിരുന്നുവെങ്കിലും ടിയാൻ തുക യഥാസമയം അടച്ചിരുന്നില്ല. തുടർന്ന് റവന്യൂ റിക്കവറി തുക ഈടാക്കാതിരിക്കുവാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ട് ടിയാന് 20-11-2013-ൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് ടിയാൻ നൽകിയ മറുപടി സംബന്ധിച്ച് പഞ്ചായത്തിന്റെ സ്റ്റാന്റിംഗ് കൗൺസിലിനോട് നിയമോപദേശം ആരാഞ്ഞപ്പോൾ ടി പ്രവൃത്തിയുടെ ചെയർമാനായ ശ്രീ. കാളിദേവൻ നമ്പൂതിരി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(c) 24377/2010 നമ്പർ അന്യായത്തിലെ Exhibit P2-വിന്റെ ആനുകൂല്യം ശ്രീ. എം. മോഹനനും ലഭിക്കും എന്ന് അറിയിച്ചിട്ടുള്ളതായി ബോധിപ്പിച്ചുകൊള്ളുന്നു.

ബഹു. കേരള ഹൈക്കോടതിയിൽ ശ്രീ. കാളിദേവൻ നമ്പൂതിരി ഫയൽ ചെയ്ത WP(c) 24377/2010 നമ്പർ കേസിൽ പഞ്ചായത്തിന്റെ സ്റ്റാന്റിംഗ് കൗൺസിലായ അഡ്വ. എ. സി. ഡേവിയെ 2010-ൽ നിയോഗിച്ചിരുന്നുവെങ്കിലും ടിയാൻ കൗണ്ടർ അഫിഡവിറ്റ് യഥാസമയം ഫയൽ ചെയ്യുകയുണ്ടായില്ല. ഇപ്പോൾ ഈ കേസിന്റെ നടത്തിപ്പിനായി പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അഡ്വ. പി. കെ. സജീവിനെ നിയോഗിക്കുകയും 25-3-2014-ൽ എതിർ സത്യവാങ്മൂലം സമർപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.21.6 വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ സെല്ലിന്റെ അന്വേഷണ റിപ്പോർട്ടിലെ നിർദ്ദേശപ്രകാരം പ്രതികൾക്കെതിരെ ക്രൈം നമ്പർ 296/14 ആയി 10-2-2014-ൽ മാള പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. എന്നാൽ റിപ്പോർട്ടിലെ മറ്റൊരു നിർദ്ദേശമായ ഉത്തരവാദികളായവരിൽ നിന്നും 1,18,260 രൂപ ഈടാക്കണമെന്ന

നിർദ്ദേശം ഇതുവരെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്ന് അറിയിക്കുന്നു. തുക ഈടാക്കാൻ സാധിക്കാത്തതിന് കാരണമായി നിലനിൽക്കുന്നത് പ്രസ്തുത പ്രവൃത്തിയുടെ ചെയർമാനായ കാളിദേവൻ നമ്പൂതിരി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(c) 24377/2010 നമ്പർ കേസിലെ വിധി ഇതുവരെ പുറപ്പെടുവിച്ചിട്ടില്ലാത്തതും, മേൽ അന്യായത്തിലെ Exhibit P2-വിന്റെ ആനുകൂല്യം കൺവീനർ കൂടിയായ ശ്രീ. എം. മോഹനന് ലഭിക്കും എന്നുള്ള പഞ്ചായത്ത് സ്റ്റാന്റിംഗ് കൗൺസിലിന്റെ നിയമോപദേശത്തിന്റെ ഫലമായി ടിയാനെതിരെ ആർ. ആർ. നടപടികൾ സ്വീകരിക്കുവാൻ സാധിക്കാതിരുന്നതുമാണെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 14-12-2016-ലെ യോഗത്തിലെ സമിതി നിർദ്ദേശം

3.21.7 പരാമർശ വിഷയവുമായി ബന്ധപ്പെട്ട കേസിന്റെ കോടതി വിധി സംബന്ധിച്ച വിവരം 15 ദിവസത്തിനകം സമിതിക്ക് നൽകുക. പ്രസ്തുത മറുപടി ലഭ്യമാകാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിച്ചു.

## 19-10-2017-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ നൽകിയ മറുപടി

3.21.8 പൈപ്പുകൾ വാങ്ങിയതിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനാൽ വിജിലൻസ് അന്വേഷണം നടത്തുകയും 1,18,260 രൂപ ഈടാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നുവെന്നും ഇതിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ തുക ഈടാക്കാൻ സാധ്യമല്ലെന്ന് സിംഗിൾ ബെഞ്ചിന്റെ വിധി 22-1-2016-ൽ വന്നതായും അപ്പീൽ സമർപ്പിക്കാനുള്ള കാലാവധി കഴിഞ്ഞതായും സർക്കാർ മറുപടി നൽകി.

## ഖണ്ഡിക നമ്പർ 141

### ശിപാർശ

3.22.1 ഓഡിറ്റ് പരാമർശത്തിന് യഥാസമയം മറുപടി കൊടുത്തിരുന്നുവെങ്കിൽ ഈ വിഷയം സമിതി മുമ്പാകെ വരുമായിരുന്നില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. വീടിന്റെ അറ്റകുറ്റപ്പണിക്കായി പണം വാങ്ങിയവരെല്ലാം പ്രസ്തുത തുക മുഴുവനും വീടിന്റെ അറ്റകുറ്റപ്പണിക്കായി ഉപയോഗിച്ചിട്ടുണ്ടെന്നും, അസ്സസ്സ്മെന്റ് രജിസ്റ്ററിൽ വീട്ട് നമ്പർ മാറി വേറെ ആൾക്കാരുടെ പേരിലാണ് കിടക്കുന്നതെങ്കിലും അവകാശികളാണെന്നുള്ളതിന് ചിലർ രേഖകൾ ഹാജരാക്കിയിട്ടുണ്ടെന്നും വീടിന്റെ ഉടമസ്ഥർക്ക് തന്നെയാണ് തുക കൊടുത്തിട്ടുള്ളതെന്നുമാണ് അരിമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ്ജ് സമിതിയെ അറിയിച്ചത്. ഓഡിറ്റ് പരാമർശം സംബന്ധിച്ച് നിജസ്ഥിതി വ്യക്തമാക്കിക്കൊണ്ടുള്ള റിപ്പോർട്ടും, ഇത് സംബന്ധിച്ച ഫയലുകളും ലോക്കൽ ഫണ്ട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് പരിശോധനയ്ക്കായി നൽകി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് നടപടി

കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം ഗുണഭോക്താക്കൾക്ക് നിലവിൽ വീടുള്ളതായും നികുതി നിർണ്ണയിച്ചിട്ടുള്ളതായും ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത പരാമർശം തീർപ്പാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.22.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ.ടി. എസ്.ആർ (എസ്.1) നമ്പർ നടപടിക്രമം പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 144</u>

**ശിപാർശ**

3.23.1 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മഹാത്മ ഗ്രന്ഥശാലാ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിയതുമായി ബന്ധപ്പെട്ട ബില്ലും മെഷർമെന്റ് ബുക്കും ലോക്കൽ ഫണ്ട് ഓഡിറ്റിന് പരിശോധനയ്ക്കായി കൈമാറിയതിന്റെ അടിസ്ഥാനത്തിൽ മഹാത്മ ഗ്രന്ഥശാലയുടെ പണി പൂർത്തിയായതായി ബോദ്ധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ മേൽ പരാമർശം ഒഴിവാക്കാവുന്നതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.23.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ.ടി. എസ്.ആർ (എസ്.1) നമ്പർ നടപടിക്രമം പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 148</u>

**ശിപാർശ**

3.24.1 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നൽകിയ പരിശോധനാ റിപ്പോർട്ട് പ്രകാരം രണ്ടാം ഗഡുവായി 200 പേർക്ക് തുക നൽകിയത് സംബന്ധിച്ച കൈപ്പറ്റ് രേഖകൾ യഥാസമയം രേഖപ്പെടുത്തിയിട്ടില്ല. എങ്കിലും എല്ലാ ഗുണഭോക്താക്കളും കക്കൂസ് നിർമ്മിച്ചിരിക്കുന്നു എന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.24.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ.ടി. എസ്.ആർ (എസ്.1) നമ്പർ നടപടിക്രമം പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 152

### ശിപാർശ

3.25.1 എടത്തുരുത്തി ഗ്രാമപഞ്ചായത്തിൽ 1998-99 സാമ്പത്തിക വർഷത്തെ പദ്ധതികൾ സമയ പരിധിക്കുള്ളിൽ നടപ്പിലാക്കുന്നതിൽ ബന്ധപ്പെട്ടവർ വീഴ്ച വരുത്തിയതുമൂലം അടുത്ത വർഷത്തെ പദ്ധതി വിഹിതത്തിൽ ഭീമമായ ഒരു സംഖ്യയാണ് പഞ്ചായത്തിന് നഷ്ടപ്പെട്ടതെന്നും ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥന് നൽകിയതിൽ കാലതാമസം ഉണ്ടായിട്ടുണ്ടെന്നും അത് പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണെന്നും സമിതി വിലയിരുത്തുന്നു. ഇത്തരത്തിലുള്ള വീഴ്ചകൾ ഒഴിവാക്കാൻ വകുപ്പ് തലത്തിൽ കർശന നിർദ്ദേശം നൽകണമെന്നും ഇതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.25.2 എടത്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 4-1-2008-ൽ കൂടിയ ഭരണസമിതി യോഗം വിഷയം ചർച്ച ചെയ്തു. പഞ്ചായത്ത് തീരുമാനം നമ്പർ (27) പ്രകാരം പഞ്ചായത്ത് ഭരണസമിതി ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ച വരുത്തില്ലെന്ന് തീരുമാനമെടുത്തിട്ടുണ്ട്. ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരവും ബോധിപ്പിക്കുന്നു. ഇതുസംബന്ധിച്ച് ജില്ലയിലെ സെക്രട്ടറിമാർക്ക് പി4-1613/07 തീയതി 27-6-2006 പ്രകാരം കത്ത് നൽകിയിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.25.3 തുടർ നടപടികൾ ഒന്നുംതന്നെ നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

## ഖണ്ഡിക നമ്പർ 153

### ശിപാർശ

3.26.1 ടി കാലയളവിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെയും കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുമായും ബന്ധപ്പെട്ട എല്ലാ ഫയലുകളും അതോടൊപ്പം പദ്ധതികൾ നടപ്പിലാക്കുന്നതിന് താമസം നേരിട്ടതിന്റെ കാരണങ്ങളും സംബന്ധിച്ച വിശദമായ റിപ്പോർട്ടും ഒരാഴ്ചയ്ക്കുള്ളിൽ ബന്ധപ്പെട്ട ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി നൽകിയ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച തുടർനടപടി റിപ്പോർട്ട് സമിതിയ്ക്ക് അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശം നൽകിയിരുന്നു. ഇതനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റിൽ നിന്നും ലഭിച്ച

പുനഃപരിശോധനാ റിപ്പോർട്ടിൽ, ഇക്കാര്യത്തിലുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം തൃപ്തികരമാണെന്ന് അറിയിച്ചിട്ടുള്ളതിനാൽ മേൽ പരാമർശം തീർപ്പാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.26.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ.ടി. എസ്.ആർ.(എസ്.1) നമ്പർ നടപടിക്രമം പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 156

**ശിപാർശ**

3.27.1 ഡി. & ഒ. ലൈസൻസ് ഫീസ് നിരക്കുകൾ 10-1-1996-ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ 14/96-ൽ വ്യക്തമായി പ്രസ്താവിച്ചിരിക്കെ വളരെ കുറഞ്ഞ നിരക്കിൽ ഫീസ് ചുമത്തുവാനുണ്ടായ സാഹചര്യത്തെക്കുറിച്ച് ചുമതലപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ആവശ്യപ്പെടുന്നതോടൊപ്പം അദ്ദേഹത്തിനെതിരെ ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നും ആയതിനെ സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.27.2 പഞ്ചായത്തിന് നഷ്ടമായ 9,399 രൂപയും ലേറ്റ് ഫീസും ഉൾപ്പെടെ 11,749 രൂപ 7-7-2003-ൽ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടെന്നും ആയതിന് ഉത്തരവാദിയായിട്ടുള്ള ശ്രീ. വി. എ. തോമൻ, യു. ഡി. ക്ലാർക്ക് സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടില്ലെന്നും ബോധിപ്പിക്കുന്നു. ടിയാൻ എറണാകുളം ജില്ലയിലെ മുക്കന്നൂർ ഗ്രാമപഞ്ചായത്തിൽ നിന്നും 31-1-2002-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. അഡ്രസ്സ് ശ്രീ. വി. എ. തോമൻ, വെളിയത്തു വീട്, തിരുമുടിക്കുന്ന് പി.ഒ., കൊരട്ടി ഈസ്റ്റ്, തൃശ്ശൂർ.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.27.3 ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിരുന്നതും പഞ്ചായത്തിന് നഷ്ടം സംഭവിച്ചതുമായ ഡി & ഒ ലൈസൻസ് ഇനത്തിലെ 9,399 രൂപയും പലിശയും അടക്കം 11,749 രൂപ മാനേജർ, ശ്രീ ശക്തി പേപ്പർ മിൽസ് ലിമിറ്റഡ്, കാഞ്ഞിരപ്പിള്ളി എന്ന സ്ഥാപനത്തിൽ നിന്നും 7-7-2003-ലെ രസീത് നമ്പർ 62/53252 പ്രകാരം ഈടാക്കിയത് ഓഡിറ്റ് പരിശോധനയിൽ ബോദ്ധ്യമായിട്ടുള്ളതാണ്.

## ഖണ്ഡിക നമ്പർ 164

### ശിപാർശ

3.28.1 പദ്ധതിയുമായി ബന്ധപ്പെട്ട എം. ബുക്കും മറ്റു രേഖകളും 30 ദിവസത്തിനുള്ളിൽ ലോക്കൽ ഫണ്ട് ആഡിറ്റിന് കൈമാറാമെന്ന് തെളിവെടുപ്പു വേളയിൽ സമിതിയെ അറിയിച്ചിരുന്നതാണ്. ആയത് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് കൈമാറിയോ എന്നും ഇല്ലെങ്കിൽ അടിയന്തരമായി കൈമാറി വിവരം സമിതിയെ അറിയിക്കണമെന്നും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഇക്കാര്യത്തിലുള്ള ആഡിറ്റ് വകുപ്പിന്റെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.28.2 പദ്ധതിയുമായി ബന്ധപ്പെട്ട് എം. ബുക്കടക്കമുള്ള രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റിന് 26-10-2005-ന് എ 7-04/07 ആയി കൈമാറിയിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിക്കുന്നു.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.28.3 മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട എം. ബുക്കും (നമ്പർ4/95-96) രേഖകളും 22-11-2007-ൽ പരിശോധിച്ചിരുന്നു. കൺവീനർ ശ്രീ. പി. പി. മനാഫ് സമർപ്പിച്ച ഫോറം IV-ലും 50 രൂപയുടെ മുദ്രപത്രത്തിലും എഗ്രിമെന്റ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ശ്രീ. കുഞ്ഞുമോൻ 18-11-1997-ൽ സമർപ്പിച്ച ഫോറം IV-ലും, മുദ്രപ്പത്രത്തിലും എഗ്രിമെന്റ് നമ്പർ 1/1997-98 എന്ന് രേഖപ്പെടുത്തി കാണുന്നു. അളവ് പുസ്തകത്തിലെ 80-85 വരെയുള്ള പേജുകളിൽ അളവുകൾ ചെക്ക് മെഷർമെന്റ് നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. ഈ പേജുകളിൽ കൺവീനറുടെ പേര് രേഖപ്പെടുത്തിയിട്ടില്ല. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട വർക്ക ബില്ലുകൾ ഒന്നും ഹാജരാക്കിയിട്ടില്ല. ശ്രീ. കുഞ്ഞുമോൻ കൺവീനറായി നടത്തിയ പ്രവൃത്തിയുടെ അളവു പുസ്തകം, വർക്ക് ബിൽ എന്നിവയും ഓഡിറ്റ് പരിശോധനയ്ക്ക് വേണ്ടി ഹാജരാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ അയച്ചുതന്ന മറുപടിയുടെ നിജസ്ഥിതി ഓഡിറ്റിന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

### 14-8-2013-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

3.28.4 സമിതിയുടെ ശിപാർശ പ്രകാരം ഓഡിറ്റിന് ഹാജരാക്കിയ എം. ബുക്കും രേഖകളും പരിശോധിച്ചതിനുശേഷം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിക്ക് സമർപ്പിച്ച റിപ്പോർട്ടിൽ താഴെ പറയും പ്രകാരം പരാമർശിച്ചിരിക്കുന്നു :

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട എം. ബുക്കും (നമ്പർ4/95-96), രേഖകളും 22-11-2007-ൽ പരിശോധിച്ചിരുന്നു. കൺവീനർ ശ്രീ. പി. പി. മനാഫ് സമർപ്പിച്ച

ഫോറം IV-ലും, മുദ്രപ്പത്രത്തിലും എഗ്രിമെന്റ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ, ശ്രീ. കുഞ്ഞുമോൻ 18-11-1997-ൽ സമർപ്പിച്ച ഫോറം IV-ലും മുദ്രപ്പത്രത്തിലും എഗ്രിമെന്റ് നമ്പർ 1/97-98 എന്ന് രേഖപ്പെടുത്തി കാണുന്നു. അളവ് പുസ്തകത്തിലെ 80-85 വരെയുള്ള പേജുകളിൽ അളവുകൾ ചെക്ക് മെഷർമെന്റ് നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. ഈ പേജുകളിൽ കൺവീനറുടെ പേര് രേഖപ്പെടുത്തിയിട്ടില്ല. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട വർക്ക് ബില്ലുകൾ ഒന്നും ഹാജരാക്കിയിട്ടില്ല. ശ്രീ. കുഞ്ഞുമോൻ കൺവീനറായി നടത്തിയ പ്രവൃത്തിയുടെ അളവു പുസ്തകം, വർക്ക് ബിൽ എന്നിവയും ഓഡിറ്റ് പരിശോധനയ്ക്ക് വേണ്ടി ഹാജരാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ അയച്ചു തന്ന മറുപടിയുടെ നിജസ്ഥിതി ഓഡിറ്റിന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. പരാമർശ വിഷയം സംബന്ധിച്ച മുഴുവൻ രേഖകളും ഓഡിറ്റിന് ഹാജരാക്കാത്തത് സമിതി ഗൗരവമായി വീക്ഷിക്കുന്നു. രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തവരുടെ പേരിൽ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുക. മേൽപ്പറഞ്ഞ രേഖകൾ ഓഡിറ്റിന് ഹാജരാക്കി പതിനഞ്ച് ദിവസത്തിനകം റിപ്പോർട്ട് നൽകുക.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.28.5 ഗ്രാമപഞ്ചായത്ത് സെക്രട്ടറി 5-11-2013-ലെ എ-5242/2013 നമ്പറായി തന്ന മറുപടിയിലും അനുബന്ധമായി തന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിലും കാണുന്നത് 1996-97 വർഷം ജെ.ആർ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തിയ ഇസ്മയിൽ സേഠ് റോഡിന് നല്കിയ മൊബിലൈസേഷൻ അഡ്വാൻസ് തുകയായ 17,500 രൂപ മെഷർമെന്റ് ബുക്ക് 4/95-96-ൽ പേജ് 83 മുതൽ 85 വരെയായി അസിസ്റ്റന്റ് എഞ്ചിനീയർ മെഷർമെന്റ് രേഖപ്പെടുത്തിയതായും പിന്നീട് ടി റോഡിൽ ഉയർന്ന് വന്ന തർക്കങ്ങളിൽ ടി പ്രവൃത്തി തടസ്സപ്പെടുത്തിയതിനാലാണ് വർക്ക് ബില്ല് തയ്യാറാക്കാതിരുന്നതുമെന്നുമാണ്.

മെഷർമെന്റ് ബുക്കിന്റെ പേജ് 83-ൽ കൺവീനർ കുഞ്ഞുമോന്റെ പേരും പ്രവൃത്തിയുടെ പേരും അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. 1996-97-ൽ നടന്ന മേൽ പ്രവൃത്തിക്കുശേഷം ഇസ്മയിൽ സേഠ് റോഡിന് ധാരാളം വികസന പ്രവർത്തനം നടന്നിട്ടുള്ളതിനാൽ ആയത് ഇപ്പോൾ ചെക്ക് മെഷർ ചെയ്യുവാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറല്ലാത്തതിനാലും ടി മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ തുകയ്ക്ക് പ്രവൃത്തി നടന്നിട്ടുണ്ടെന്ന് കമ്മിറ്റിയ്ക്ക് ഉത്തമ ബോദ്ധ്യമുള്ളതായും 5-11-2013-ലെ 7(1) നമ്പർ കമ്മിറ്റി തീരുമാനത്തിൽ പറയുന്നു. ആയതിനാൽ ടി പ്രവൃത്തിക്ക് മേലുള്ള തടസ്സം ഒഴിവാക്കി തരുവാൻ ഗ്രാമപഞ്ചായത്ത് നിയമസഭാ സമിതിയോട് അപേക്ഷിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.28.6 ഇനത്തിൽ സെറ്റ് റോഡ് പ്രവൃത്തി സംബന്ധിച്ച അളവ് പുസ്തകം 4/95-96 പരിശോധനയ്ക്ക് ഹാജരാക്കി. മൊബിലൈസേഷൻ അഡ്വാൻസ് 17,500 രൂപ നൽകിയതായാണ് റിപ്പോർട്ടിൽ പറയുന്നത്. എന്നാൽ പരിശോധനയിൽ 17,504 രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചത് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ഖണ്ഡിക നമ്പർ 168

**ശിപാർശ**

3.29.1 ഓഡിറ്റ് പരാമർശത്തിന്മേൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രോജക്ട് പൂർത്തിയാക്കിയിട്ടുള്ളതായും രേഖകൾ പരിശോധിച്ച് നിജസ്ഥിതി ബോദ്ധ്യപ്പെട്ടതായും സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ് എന്ന് സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.29.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ.ടി. എസ്.ആർ.(എസ്.1) നമ്പർ നടപടിക്രമം പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 173

**ശിപാർശ**

3.30.1 സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ഇക്കാര്യം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിക്കുകയും ഒരേ പേര് വരുന്ന രണ്ടു ഗുണഭോക്താക്കളാണെന്നും, ഇവർ രണ്ടു വാർഡുകളിൽപ്പെട്ടയാളുകളും രണ്ടു വ്യക്തികളാണെന്നും ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.30.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ.ടി. എസ്.ആർ.(എസ്.1) നമ്പർ നടപടിക്രമം പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 176

**ശിപാർശ**

3.31.1 അംഗൻവാടി കെട്ടിട നിർമ്മാണത്തിന് ആദ്യ പ്രോജക്ടിൽ 30,000 രൂപ വകകൊള്ളിച്ചെങ്കിലും തുടർന്ന് 15-2-1999-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 68(1) നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റ് പുതുക്കുകയും പി.ഡബ്ല്യു.ഡി. നിരക്കിൽ 42,683 രൂപയുടെ എസ്റ്റിമേറ്റിന് 25-2-1999-ൽ ബി.എൽ.ടി.സി.-യുടെ അംഗീകാരം നൽകുകയും ഈ പ്രവൃത്തി പൂർത്തിയാക്കി അളവു പുസ്തകത്തിൽ രേഖപ്പെടുത്തി ഫൈനൽ ബില്ല് തയ്യാറാക്കി 2-6-2000-ൽ കൺവീനർക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ഉൾപ്പെടെയുള്ള തുക നൽകിയിട്ടുണ്ടെന്നും തുക നൽകിയതിന്റെ നിജസ്ഥിതി പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1-12-2005-ലെ എൽ.എഫ്. 19282/സ്പെ.സെൽ.(ജി1) 2005 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ പ്രാദേശിക പരിശോധനാ റിപ്പോർട്ടിൽ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.31.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ.ടി.എസ്. ആർ. (എസ്.1) നമ്പർ നടപടിക്രമം പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 185

**ശിപാർശ**

3.32.1 ഈ ഓഡിറ്റ് പരാമർശം വന്നതിനുശേഷവും പ്രസ്തുത നടപടിയ്ക്ക് ഗവൺമെന്റിൽ നിന്നും സാധൂകരണം ലഭ്യമാക്കുവാൻ ബന്ധപ്പെട്ടവർ നടപടി സ്വീകരിച്ചിട്ടില്ലെന്നാണ് സമിതി മനസ്സിലാക്കുന്നത്. ആയതിനാൽ സെക്രട്ടറി സമിതിയെ അറിയിച്ച തരത്തിൽ എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടെങ്കിൽ പ്രസ്തുത നടപടിക്ക് ഗവൺമെന്റിൽ നിന്നും സാധൂകരണം ലഭ്യമാക്കി ഒരു മാസത്തിനുള്ളിൽ സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും, സാധൂകരണം ലഭ്യമാകുന്നില്ലെങ്കിൽ ഇതിന്മേൽ വരുന്ന ബാധ്യത ബന്ധപ്പെട്ട സെക്രട്ടറിയുടെ പേരിൽ നിജപ്പെടുത്തി ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ഓഡിറ്റ് പരാമർശത്തിന്മേൽ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കാൻ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നുവെന്നും നാളിതുവരെ ആയത് ലഭ്യമാക്കിയില്ല എന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത മറുപടി അടിയന്തരമായി സമിതിക്ക് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.32.2 ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് 7-9-2001-ൽ 427 നമ്പരായി വിശദമായ ഒരു തീരുമാനം ഗ്രാമപഞ്ചായത്ത് എടുത്ത് ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. ഓവർസിയറുടെ തസ്തികയിൽ ഒരു ജീവനക്കാരൻ ജോലി ചെയ്തുവരവെ അപ്രന്റീസ് എഞ്ചിനീയറായി ഒരു ബിടെക് ബിരുദധാരിയെ നിയമിച്ചതിനാൽ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിയെന്ന നിഗമനം ശരിയല്ല. അപ്രന്റീസ് എഞ്ചിനീയർക്ക് പരിധി കൂടാതെ എസ്റ്റിമേറ്റ്/സൂപ്പർവിഷൻ/ ബില്ലെഴുതൽ തുടങ്ങിയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് അധികാരമുണ്ട്. ടിയാൻ ജോലി ചെയ്ത കാലയളവിൽ 40 ലക്ഷത്തിൽ അധികം വരുന്ന സംഖ്യയുള്ള പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയും മറ്റ് നിർവ്വഹണ ജോലികൾ ചെയ്തിട്ടുള്ളതുമാണ്. എഞ്ചിനീയർ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പ്രൈവറ്റ് എഞ്ചിനീയറെ ഈ ജോലികൾ ഏൽപ്പിക്കുന്ന പക്ഷം എസ്റ്റിമേറ്റിന്റെ 1/2% പരമാവധി 2,000 രൂപ എസ്റ്റിമേറ്റിനും ഒന്നര ശതമാനം പരമാവധി 10,000 രൂപ സൂപ്പർവിഷൻ ചാർജ്ജും നൽകേണ്ടതുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.32.3 സമിതി ആവശ്യപ്പെട്ട പ്രകാരം പ്രസ്തുത ഓഡിറ്റ് പരാമർശ വിഷയത്തിന്മേൽ ഉള്ള തടസ്സം ഒഴിവാക്കി കിട്ടുന്നതിലേയ്ക്കായി സാധൂകരണം ലഭ്യമാക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്ത് ഗവൺമെന്റിലേയ്ക്ക് എഴുതുകയും, ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ (പി.എ.) വകുപ്പിന്റെ 4-5-2007-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 1365/07/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള സാധൂകരണം നൽകിയിട്ടുള്ളതും പ്രാദേശിക പരിശോധനാവേളയിൽ ബോദ്ധ്യമായിട്ടുള്ളതിനാൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ് എന്നുള്ള വിവരം അറിയിക്കുന്നു.

<u>ഖണ്ഡിക നമ്പർ 193</u>

**ശിപാർശ**

3.33.1 സമിതി നിർദ്ദേശ പ്രകാരം ലഭ്യമാക്കിയ സംയുക്ത പരിശോധനാ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.33.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ.ടി. എസ്.ആർ.(എസ്.1) നമ്പർ നടപടിക്രമം പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 206

**ശിപാർശ**

3.34.1 പ്രോജക്ട് തയ്യാറാക്കാതെയും, ഡി.പി.സി. അംഗീകാരം ലഭ്യമാക്കാതെയും 12,500 രൂപ ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കിയിട്ടില്ല എന്ന വസ്തുതയും ഗുണഭോക്താക്കൾ പണം കൈപ്പറ്റിയതിനുള്ള രസീതുകൾ ഇതുവരെയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല എന്ന വസ്തുതയും കണക്കിലെടുത്ത് നിർവ്വഹണോദ്യോഗസ്ഥന് ഇക്കാര്യത്തിൽ ഉത്തരവാദിത്വം ചുമത്തുകയും അനധികൃതമായി ചെലവഴിച്ച തുക അദ്ദേഹത്തിൽ നിന്ന് ഈടാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.34.2 റിപ്പോർട്ടിൽ ശിപാർശ ചെയ്ത പ്രകാരം സംഖ്യ അടയ്ക്കണമെന്ന് കാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ഡോ. കെ. കെ. അരവിന്ദാക്ഷൻ, റിട്ട. സീനിയർ വെറ്ററിനറി സർജൻ, കറിയത്ത് ഹൗസ്, തളിക്കുളം പി.ഒ. എന്നയാൾക്ക് ശിപാർശയുടെ പകർപ്പ് സഹിതം 24-11-2007-ൽ എ1-669/07 നമ്പരായി രജിസ്റ്റേർഡ് കത്ത് അയച്ചിരുന്നു. എന്നാൽ ടിയാൻ സംഖ്യ അടയ്ക്കാത്ത സാഹചര്യത്തിൽ 11-1-2008-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ 05/08 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് സംഖ്യ ഈടാക്കിത്തരുന്നതിന് 14-1-2008-ൽ ബഹു. ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരുന്നു. ആയത് പ്രകാരം സംഖ്യ ഈടാക്കുന്നതിന് ചാവക്കാട് തഹസിൽദാർക്ക് ജി4-ഫയൽ നമ്പർ 2008/4749 തീയതി 2-2-2008 നമ്പർ കത്ത് പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന വിവരം ഇതിനാൽ ബോധിപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.34.3 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും തുടർ നടപടികൾ ആവശ്യമില്ല എന്ന് കാണുന്നു.

ഖണ്ഡിക നമ്പർ 212

**ശിപാർശ**

3.35.1 തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും വിജിലൻസ് അന്വേഷണത്തിനായി ഫയലുകൾ നൽകുമ്പോൾ പ്രസ്തുത ഫയലുകളുടെ ഫോട്ടോകോപ്പി നിർബന്ധമായും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കുന്നതിന് കർശന നിർദ്ദേശം നൽകണമെന്ന 22-ാമത് റിപ്പോർട്ടിലെ ശിപാർശ സമിതി ആവർത്തിക്കുന്നു. മണലൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിന്മേലുള്ള വിജിലൻസ്

അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി അന്വേഷണ റിപ്പോർട്ടും അതിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദമായ റിപ്പോർട്ടും അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.35.2 തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളിൽ നിന്നും വിജിലൻസ് അന്വേഷണത്തിനായി ഫയലുകൾ നൽകുമ്പോൾ പ്രസ്തുത ഫയലുകളുടെ ഫോട്ടോകോപ്പി നിർബന്ധമായും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കണമെന്നുള്ള കർശന നിർദ്ദേശം മേലിൽ നിർബന്ധമായും പാലിക്കുന്നതാണെന്ന് ബോധിപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.35.3 തുടർനടപടി വിവരങ്ങൾ നാളിതുവരെ അറിയിച്ചിട്ടില്ലാത്തതാകുന്നു.

14-8-2013-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം

3.35.4 · വിജിലൻസ് അന്വേഷണ റിപ്പോർട്ടും ആയതിന്മേൽ വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടും പതിനഞ്ച് ദിവസത്തിനകം നൽകുക.

14-8-2013-ലെ അധികവിവരത്തിന് സർക്കാർ സമർപ്പിച്ച മറുപടി

3.35.5 വിജിലൻസ് അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടെന്നും 15-12-2006-ലെ ജി.ഒ.(ആർ.ടി) നമ്പർ 3218/2006/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിന്റെ കോപ്പി അനുവദിക്കുന്നതിനു വേണ്ടി മണലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രത്യേക ദൂതൻവശം തൃശ്ശൂർ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, പോലീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലേയ്ക്ക് 17-7-2008-ന് കത്ത് നൽകിയെങ്കിലും വിജിലൻസ് ഡയറക്ടറുടെ നിർദ്ദേശം കൂടാതെ ടി ഉത്തരവിന്റെ കോപ്പി അനുവദിക്കുവാൻ നിർവ്വാഹമില്ല എന്ന വിവരമാണ് പ്രസ്തുത ഓഫീസിൽ നിന്നും അറിയുവാൻ കഴിഞ്ഞതെന്ന വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 8-11-2013-ലെ സി1/57/2001 നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിച്ചു കൊള്ളുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.35.6 പൂർത്തീകരിച്ച വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തൃശ്ശൂരിന് കത്ത് നൽകിയതും ആയതിന് വിജിലൻസ് ഡയറക്ടറുടെ അനുമതിയില്ലാതെ പകർപ്പ് ലഭ്യമാക്കുവാൻ സാധിക്കുകയില്ല എന്ന് ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മറുപടി ലഭ്യമാക്കിയിട്ടുള്ളതും പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. ഈ വിഷയത്തിന്മേൽ മറ്റു തുടർ നടപടികളൊന്നും തന്നെ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല എന്ന് അറിയിച്ചു കൊള്ളുന്നു.

14-12-2016-ലെ യോഗത്തിലെ സമിതി നിർദ്ദേശം

3.35.7 വിജിലൻസ് ഡയറക്ടറുടെ അനുമതിയോടുകൂടി വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് 15 ദിവസത്തിനകം ലഭ്യമാക്കുക. റിപ്പോർട്ട് ലഭ്യമാകാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്താനും തീരുമാനിച്ചു.

19-10-2017-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ നൽകിയ മറുപടി

3.35.8 വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരോപണ വിധേയനായ സെക്രട്ടറിയെ നടപടികളിൽ നിന്നും ഒഴിവാക്കികൊണ്ട് എൽ.എസ്.ജി.ഡി. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി സർക്കാർ അറിയിച്ചു.

ഖണ്ഡിക നമ്പർ 217

ശിപാർശ

3.36.1 കൺവീനർക്ക് അധികം നൽകിയ തുക തിരിച്ച് പിടിച്ചതിനാൽ ഇക്കാര്യത്തിന്മേൽ നടപടി ആവശ്യമില്ലായെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.36.2 തൃശ്ശൂർ ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)-ന്റെ 10-1-2008-ലെ എൽ.എഫ്.ടി.15-188/01 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 226

ശിപാർശ

3.37.1 നിർമ്മാണം പൂർത്തീകരിക്കുവാനുള്ള 3 വീടുകൾ കൂടി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.37.2 നിർമ്മാണം പൂർത്തീകരിക്കുവാനുള്ള 3 വീടുകളുടെ നിർമ്മാണം പൂർത്തിയായതായി നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി മണലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സി.1/114/11 നമ്പർ കത്തായി 22-2-2001-ൽ അറിയിച്ചിട്ടുള്ളതായി ബോധിപ്പിച്ചുകൊള്ളുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.37.3 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും തുടർനടപടികൾ ആവശ്യമില്ല എന്ന് കാണുന്നു.

ഖണ്ഡിക നമ്പർ 227

**ശിപാർശ**

3.38.1 ഭവന നിർമ്മാണ പദ്ധതികൾ ഏറ്റെടുക്കുമ്പോൾ ഇത്തരം പദ്ധതികൾ ഏറ്റെടുത്തു നടത്തുന്ന നിർമ്മിതി കേന്ദ്രം, കോസ്റ്റ് ഫോഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ വിദഗ്ദ്ധോപദേശം കൂടി തേടണമെന്നും അവരുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സമയബന്ധിതമായി ഭവന നിർമ്മാണ പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.38.2 നിർദ്ദേശപ്രകാരം ചെയ്യുന്നതാണെന്ന് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.38.3 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും തുടർനടപടികൾ ആവശ്യമില്ല എന്ന് കാണുന്നു.

ഖണ്ഡിക നമ്പർ 230

**ശിപാർശ**

3.39.1 തുക തിരിച്ചടച്ചതിനാൽ ഇതു സംബന്ധിച്ച് നടപടി ആവശ്യമില്ലെന്നു സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.39.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ.ടി. എസ്. ആർ.(എസ്.1) നമ്പർ നടപടിക്രമം പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിരിക്കുന്നു.

ഖണ്ഡിക നമ്പർ 235

**ശിപാർശ**

3.40.1 അനുവദനീയമായതിൽ കൂടുതൽ തുക ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സമിതിയുടെ ശിപാർശയിന്മേൽ പഞ്ചായത്തു സ്വീകരിച്ച തുടർനടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.40.2 ബഹുമാനപ്പെട്ട നിയമസഭാ സമിതിയുടെ നിർദ്ദേശപ്രകാരം സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ എം1-1987/08 നമ്പരായി 23-3-2008-ന് പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.40.3 ഈ വകുപ്പിൽ നിന്നും തുടർ നടപടികൾ ഒന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

<u>14-8-2013-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം</u>

3.40.4 അനുവദനീയമായതിൽ കൂടുതൽ തുക ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സമിതിയുടെ ശിപാർശ യിന്മേൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടി സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>14-8-2013-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന്മേൽ സർക്കാർ സ്വീകരിച്ച നടപടി</u>

3.40.5 പ്രസ്തുത പരാമർശത്തിൽ പറയുന്ന പട്ടികജാതി കുടുംബങ്ങളിലെ ഗുണഭോക്താവിന് ഒരു വീട് വയറിംഗിന് 400 രൂപ നൽകണമെന്ന അംഗീകൃത പ്രോജക്ടിലെ വ്യവസ്ഥയ്ക്കു പകരം 750 രൂപ വീതം നൽകിയതിനാൽ 69 ഗുണഭോക്താക്കൾക്ക് 350 രൂപ വീതം അധികം നൽകിയ 24,150 രൂപയ്ക്ക് സർക്കാരിന്റെ 13-5-2015-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1424/15/ത.സ്വ.ഭ.വ. പ്രകാരം സാധൂകരണം ലഭിച്ചിട്ടുണ്ട്. ടി വിവരം 18-5-2015-ലെ എ 2-4836/15 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ അറിയിച്ചിട്ടുണ്ടെന്ന് അവണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 20-5-2015-ലെ എ 2-4836/15 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.40.6 അധിക ചെലവിന് തദ്ദേശ സ്വയംഭരണ (എ.ബി.) വകുപ്പ് 23-3-2015-ലും 13-5-2015-ലും, സ.ഉ (സാധാ.) നമ്പർ 852/15/ത.സ്വ.ഭ.വ., സ.ഉ (സാധാ.) നമ്പർ 1424/15/ ത.സ്വ.ഭ.വ. പ്രകാരം സാധൂകരണം നൽകിയത് പ്രാദേശിക പരിശോധനാ വേളയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 238</u>

**ശിപാർശ**

3.41.1 സംയോജിത നെൽകൃഷി വികസനം, പച്ചക്കറികൃഷി വികസനം, വാഴകൃഷി വികസനം എന്നീ 3 പദ്ധതികളും ജൈവവളത്തിന് സഹായം നൽകുവാനുള്ള പദ്ധതിയായി പരിമിതപ്പെടുത്തിയതും സബ്സിഡി തുക മുഴുവൻ ജൈവ വളത്തിന് മാത്രമായി

ഉപയോഗിച്ചതും പഴയ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനമനുസരിച്ചാണെന്ന വാദഗതി സമിതി അംഗീകരിക്കുന്നു. ആയതിനാൽ പ്രസ്തുത പഞ്ചായത്ത് തീരുമാനത്തിന്റെ പകർപ്പ് ഡി.പി.സി.-യ്ക്കും സർക്കാരിലേയ്ക്കും അയച്ച് ഇക്കാര്യത്തിൽ ഡി.പി.സി.-യുടെ അംഗീകാരവും സർക്കാരിൽ നിന്നും സാധൂകരണവും വാങ്ങി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. സമിതിയുടെ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.41.2 സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സാധൂകരണം ലഭിക്കുന്നതിന് സർക്കാരിലേയ്ക്ക് എഴുതുകയും സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 3154/06/ ത.സ്വ.ഭ.വ. തീയതി 7-12-2005 പ്രകാരം സാധൂകരണം ലഭിക്കുകയും ടി വിവരം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണെന്ന് ബോധിപ്പിച്ച് കൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.41.3 ഖണ്ഡിക 238 (ഓ.റി.ഖ 26) നമേൽ ഉള്ള ഓഡിറ്റ് പരാമർശത്തിന്മേൽ സമിതിയുടെ നിർദ്ദേശ പ്രകാരം ഗവൺമെന്റിലേക്ക് സാധൂകരണത്തിനായി അയയ്ക്കുകയും, ഗവൺമെന്റിൽ നിന്നും 7-12-2006-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3154/06/ ത.സ്വ.ഭ.വ. (പി.എ.) വകുപ്പ് പ്രകാരം സാധൂകരണം ലഭിക്കുകയും ചെയ്തത് ഈ ഓഫീസിൽ നിന്നും പരിശോധന നടത്തി ബോദ്ധ്യമായിട്ടുള്ളതാണ്.

<u>ഖണ്ഡിക നമ്പർ 243</u>

**ശിപാർശ**

3.42.1 ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പോലുള്ള വൻകിട പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കാൻ ശ്രമിച്ചതുമൂലമാണ് എടവിലങ്ങാട് ഗ്രാമപഞ്ചായത്തിന് കടക്കെണിയിലകപ്പെടേണ്ടി വന്നത് എന്ന് സമിതി വിലയിരുത്തുന്നു. ഇത്തരം സാമ്പത്തിക ബാദ്ധ്യതകൾ ഏറ്റെടുത്തതുമൂലം പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. അതിനാൽ അടിയന്തരമായി ടി ഗ്രാമപഞ്ചായത്തു കമ്മിറ്റി ഈ വിഷയം പഞ്ചായത്തു വകുപ്പിനെ ബോദ്ധ്യപ്പെടുത്തുകയും ബാദ്ധ്യതയിൽ നിന്ന് ഒഴിവാകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഭീമമായ ഇത്തരം സാമ്പത്തിക ബാദ്ധ്യതകൾ എഴുതി തള്ളുകയോ അല്ലാത്ത പക്ഷം ഇവ തീർക്കുന്നതിനാവശ്യമായ ധനസഹായം സർക്കാരിൽ നിന്നും അനുവദിക്കുകയോ ചെയ്യേണ്ടതാണ് എന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.42.2 എടവിലങ്ങ് ഗ്രാമപഞ്ചായത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് വേണ്ടി 1990-ൽ ഗ്രാമവികസന ബോർഡിൽ നിന്നും 12,22,942 രൂപ വായ്പയായി വാങ്ങിയ തുക തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച് നിയമസഭാ സമിതിയുടെ നിഗമനങ്ങൾ/ ശിപാർശകൾ ഖണ്ഡിക 243 പ്രകാരം തദ്ദേശ സ്വയംഭരണ (എൽ.വകുപ്പ്) പ്രിൻസിപ്പൽ സെക്രട്ടറിയുടെ 8-5-2006-ലെ 3177/എൽ2/06 തദ്ദേശ സ്വയംഭരണ വകുപ്പ് നമ്പർ കത്ത് പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അനുസരിച്ച് 9,32,352 രൂപ ബോർഡിൽ ഒടുക്കി ബാദ്ധ്യത അവസാനിപ്പിക്കാൻ അഭ്യർത്ഥിച്ചതനുസരിച്ച് പഞ്ചായത്തിന്റെ 27-5-2006-ലെ 169/06 നമ്പർ തീരുമാനപ്രകാരം 9,32,352 രൂപ ഗ്രാമ വികസന ബോർഡിൽ അടച്ച് ബാദ്ധ്യത അവസാനിപ്പിച്ചിട്ടുള്ളതാണെന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.42.3 തുടർനടപടികൾ നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

<u>ഖണ്ഡിക നമ്പർ 249</u>

**ശിപാർശ**

3.43.1 ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ പ്രാദേശിക പരിശോധനാവേളയിലും മേൽ പരാമർശവുമായി ബന്ധപ്പെട്ട് അധിക ചെലവുകൾ സാധൂകരിക്കുന്നതിനുള്ള ഗവൺമെന്റ് ഉത്തരവുകളോ രേഖകളോ ഹാജരാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ ബലിപ്പറമ്പ് കോളനി റോഡ് എന്ന മരാമത്ത് വേലയ്ക്കുവേണ്ടി സാധനസാമഗ്രികൾ വാങ്ങിയതിലും കടത്തു കൂലിയിനത്തിലും അംഗീകൃത നിരക്കിനേക്കാൾ അധികമായി നൽകിയ 22,389 രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ച് പിടിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.43.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 15-ാമത് റിപ്പോർട്ടിലെ പരാമർശമായ ബലിപ്പറമ്പ് കോളനി റോഡ് നിർമ്മാണം എന്ന മരാമത്ത് വേലയ്ക്ക് അധിക നിരക്ക് നൽകിയ ബന്ധപ്പെട്ട എഞ്ചിനീയർമാരായ ശ്രീ. പവിത്രൻ ഇയ്യാനി, ലൈസൻസ് എഞ്ചിനീയർ, സെറിൻ കൺസൾട്ട് തൃപ്രയാർ, വലപ്പാട്-680567, ശ്രീമതി കെ.പി. ബിന്ദു, കൊല്ലാട്ട് ഹൗസ്, ബിടെക്ക് എഞ്ചിനീയർ, പി.ഒ. കണ്ശ്ശാം കടവ് - 680613 എന്നിവരിൽ നിന്നും ഓഡിറ്റ് റിപ്പോർട്ടിൽ പഞ്ചായത്തിന് നഷ്ടം വരുത്തിയിട്ടുള്ള 22,389 രൂപയുടെ 12% പലിശയടക്കം റവന്യൂ റിക്കവറി നടത്തി പിരിച്ചെടുത്ത് പഞ്ചായത്തിൽ ഒടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടറോട് അപേക്ഷിച്ചതിനെ തുടർന്ന്

25,076 രൂപ ചാവക്കാട് തഹസിൽദാർ വഴി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | ഡി.ഡി.നമ്പർ 640149/തീയതി 15-3-2008 | 10,000 രൂപ |
| 2. | ഡി.ഡി.നമ്പർ 900451/തീയതി 31-5-2008 | 5000 രൂപ |
| 3. | ഡി.ഡി.നമ്പർ 521415/ തീയതി 30-4-2008 | 5000 രൂപ |
| 4. | ഡി.ഡി.നമ്പർ 903227/തീയതി 15-9-2008 | 5076 രൂപ |
| | ആകെ | 25,076 രൂപ |

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.43.3 പ്രസ്തുത ഓഡിറ്റ് പരാമർശത്തിൽ ഈടാക്കാൻ ആവശ്യപ്പെട്ട തുകയായ 22,389 രൂപയും പലിശയും അടക്കം 25,076 രൂപ പ്രസ്തുത പ്രവൃത്തിയുടെ എഞ്ചിനീയറായ ശ്രീ. പി. വി. പവിത്രൻ ഇയ്യാനി, തൃപ്രയാർ എന്നയാളിൽ നിന്നും റവന്യൂ റിക്കവറി വഴി ഈടാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 256</u>

**ശിപാർശ**

3.44.1 ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പുനഃപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവിണിശ്ശേരി ഗ്രാമപഞ്ചായത്ത് മൃഗസംരക്ഷണ പ്രോജക്ടുകളിൽ അധിക സബ്സിഡി നൽകിയതിന്മേലുള്ള നടപടികൾ അവസാനിപ്പിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.44.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ.ടി. എസ്.ആർ.(എസ്.1) നമ്പർ നടപടിക്രമം പ്രകാരം പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കിയിരിക്കുന്നു.

<u>ഖണ്ഡിക നമ്പർ 261</u>

**ശിപാർശ**

3.45.1 പഞ്ചായത്ത് ഫണ്ടിൽ നിന്നും അനധികൃതമായി ചെലവഴിച്ച തുക അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമിതി നല്കിയ നിർദ്ദേശത്തിന്മേൽ പഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.45.2 പഞ്ചായത്ത് ഓഫീസ് ഉദ്ഘാടനത്തോടനുബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും പിരിച്ചെടുത്ത 34,621 രൂപ ചെലവ് ബാക്കി നിൽക്കെ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 6,700 രൂപ ചെലവ് ചെയ്ത നടപടി ഓഡിറ്റ് റിപ്പോർട്ടിൽ നിരാകരിച്ചിരുന്നു. സെക്രട്ടറി ശ്രീ. പി. എ. ഫ്രാൻസിസിന്റെ ഡി.സി.ആർ.ജി. യിൽ നിന്നും 6700 രൂപ റിക്കവറി ചെയ്തത് 02/07-ൽ ചാവക്കാട് സബ് ട്രഷറിയിലെ പഞ്ചായത്ത് വക വി.പി.എഫ്. അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.45.3 തുടർ നടപടികൾ നിർദ്ദേശിക്കപ്പെട്ടിട്ടില്ല

<u>ഖണ്ഡിക നമ്പർ 265</u>

**ശിപാർശ**

3.46.1 ധനസഹായം കൈപ്പറ്റിയതിനുശേഷം വീടുപണി പൂർത്തിയാക്കാത്തവർ പിന്നീട് പണി നടത്തിയിട്ടുണ്ടോയെന്നും, ഇല്ലെങ്കിൽ ഇവർക്ക് നൽകിയ ധനസഹായം എത്രയെന്നും, ആയത് തിരികെ അടപ്പിക്കുവാനോ അല്ലെങ്കിൽ അവരെ വീട് നിർമ്മിക്കുവാനോ പ്രേരിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള വിശദവിവരം സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.46.2 കടവല്ലൂർ ഗ്രാമപഞ്ചായത്തിലെ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഭൗതിക പരിശോധന നടത്തുകയും ഭവന നിർമ്മാണ പദ്ധതി പ്രകാരം ആദ്യ ഗഡു ധനസഹായം കൈപ്പറ്റിയ എല്ലാ ഗുണഭോക്താക്കളും തറ പണി പൂർത്തിയാക്കി യിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടെന്ന വിവരവും റിപ്പോർട്ട് ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.46.3 1997-98 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ദുർബല വിഭാഗക്കാർക്ക് ധനസഹായം നൽകിയതിൽ 5 ഗുണഭോക്താക്കൾക്ക് നൽകിയ 45,000 രൂപ സംബന്ധിച്ച് ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു:

1. ഫാത്തിമ മുഹമ്മദ്, കള്ളിവളപ്പിൽ എന്നവർ ആദ്യ ഗഡു ധനസഹായം കൈപ്പറ്റിയിട്ട് വീട് പണി പൂർത്തീകരിക്കാത്തതിനെ തുടർന്ന് തുക തിരിച്ച് പിടിക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയുണ്ടായി. ആയതിനെ തുടർന്ന് ടിയാരി വീട് പണി പൂർത്തിയാക്കുകയും റവന്യൂ റിക്കവറി നടപടികളിൽ നിന്നും

ഒഴിവാക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. തുടർന്ന് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിന്റെയും പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ടിയാരിയെ റവന്യൂ റിക്കവറി നടപടികളിൽ നിന്ന് ഒഴിവാക്കുന്നതിന് ബഹു.ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുണ്ട്.

2. ശ്രീമതി പ്രേമ അറുമുഖൻ, w/o. പെരുമ്പിലാവ് പാണൻ അറുമുഖൻ എന്നവർ 2 ഗഡുക്കളുടെ സംഖ്യയായ 10,000 രൂപ കൈപ്പറ്റി തറ പണി മാത്രം പൂർത്തീകരിച്ച് ടി സ്ഥലം വിറ്റ് കാട്ടാകാമ്പൽ പഞ്ചായത്തിലെ അരുവായ്, പഴഞ്ഞി എന്ന സ്ഥലത്തേയ്ക്ക് താമസം മാറ്റി. ടിയാരിക്ക് റവന്യൂ റിക്കവറി നടപടികൾക്കായി നോട്ടീസ് നൽകിയിട്ടുള്ളതും ബഹു. ജില്ലാ കളക്ടർ ആയതിന്മേൽ നടപടികൾക്കായി തലപ്പിള്ളി താലൂക്ക് തഹസിൽദാർക്ക് അയച്ചുകൊടുത്തിട്ടുള്ളതുമാണ്.

3. ശ്രീമതി സുബൈദ അബൂബക്കർ, വട്ടം പറമ്പിൽ വീട്, കടവല്ലൂർ എന്നവർ വീടുപണിയുടെ രണ്ടു ഗഡുക്കളുടെ സംഖ്യയായ 10,000 രൂപ വാങ്ങി തറപണി മാത്രം പൂർത്തിയാക്കുകയും പിന്നീട് പൊളിച്ചുകഴിഞ്ഞ് സ്ഥലം മാറി പോയിട്ടുള്ളതുമാണ്. ശ്രീമതി സുബൈദ അബൂബക്കറുടെ പുതിയ അഡ്രസ് ലഭ്യമല്ലാത്തതിനാൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. പുതിയ അഡ്രസ് കണ്ടെത്തി റവന്യൂ റിക്കവറി നടപടികൾ പൂർത്തീകരിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

4. ശ്രീ. വേലായുധൻ, അയ്യപ്പൻ വിളപ്പിൽ, കോട്ടോൽ (5) ശ്രീ. ഉണ്ണികുഞ്ഞുമോൻ കടവല്ലൂർ എന്നിവർ വീട് പണി പൂർത്തിയാക്കിയിട്ടുള്ളതാണ്.

മേൽ പറഞ്ഞ വീടുകൾ സ്ഥലത്ത് പോയി പരിശോധിച്ച് ഇപ്പോഴത്തെ നിജസ്ഥിതിയും, ഫോട്ടോകളും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ് എന്നുള്ള വിവരവും ബോധിപ്പിച്ചുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.46.4 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 15-ാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-6-2008-ലെ എ 1/459/05 കത്ത് പ്രകാരം വീട് പണിക്ക് ധനസഹായം കൈപ്പറ്റി പണി പൂർത്തീകരിച്ച ശ്രീ. ഉണ്ണികുഞ്ഞുമോൻ, ശ്രീ. വേലായുധൻ എന്നിവരുടെ ഭവനങ്ങളുടെ ഫോട്ടോ ഈ ഓഫീസിലേക്ക് അയച്ചുതന്നിരുന്നു. എന്നാൽ ടെക്നിക്കൽ അതോറിറ്റിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, ഗുണഭോക്താക്കൾ വീട് പണി പൂർത്തിയാക്കി എന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ സാക്ഷ്യപ്പെടുത്തൽ എന്നിവ ഹാജരാക്കിയിരുന്നില്ല. സെക്രട്ടറിയുടെ 5-1-2009-ലെ എ 1/1087/08 നമ്പർ കത്ത് പ്രകാരം ശ്രീമതി ഫാത്തിമ മുഹമ്മദ് വീടു പണി പൂർത്തീകരിച്ചതിന്റെ വിനിയോഗ

വിവരങ്ങൾ, ടെക്നിക്കൽ അതോറിറ്റിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, പഞ്ചായത്ത് കമ്മിറ്റി സാക്ഷ്യപ്പെടുത്തൽ എന്നിവ ഓഡിറ്റിന് പരിശോധിക്കാനായി ഹാജരാക്കിയത് പരിശോധിച്ച് ബോദ്ധ്യമായിട്ടുള്ളതാണ്. ആകെ 5 പേർക്ക് ഭവന നിർമ്മാണത്തിന് സഹായം നൽകിയതിൽ 3 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 271</u>

**ശിപാർശ**

3.47.1 പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തിയ പുനഃപരിശോധനയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പിഴവുകൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.47.2 ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ കണ്ടെത്തലുകൾ ശരിയാണ്. 62 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിന് ബി.എൽ.ഇ.സി. അംഗീകാരം നൽകിയിരുന്നുവെങ്കിലും ഗുണഭോക്താക്കളെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതായി കാണുന്നില്ല. എന്നാൽ ഗ്രാമസഭകളിൽ നിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതായി കാണുന്നുണ്ട്. ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയത് സംബന്ധിച്ച് പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ അതു സംബന്ധിച്ചുള്ള തടസ്സം ഒഴിവാക്കുവാൻ അപേക്ഷിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.47.3 വകുപ്പിൽ നിന്നും തുടർ നടപടികളൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

<u>ഖണ്ഡിക നമ്പർ 275</u>

**ശിപാർശ**

3.48.1 പുതുക്കിയ പദ്ധതിക്ക് ബി.എൽ.ഇ.സി.-യുടെ അംഗീകാരം ലഭിച്ചതു സംബന്ധിച്ച രേഖകൾ ലോക്കൽ ഫണ്ട് വകുപ്പിന്റെ പരിശോധനയ്ക്കായി ഹാജരാക്കുവാൻ സമിതി നിർദ്ദേശിച്ചിട്ടും ആയത് ഹാജരാക്കിയിട്ടില്ലാത്തതാണ്. ഈ സാഹചര്യത്തിൽ ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.48.2 ബി.എൽ.ഇ.സി.-യുടെ അംഗീകാരം ലഭിച്ചത് സംബന്ധിച്ച രേഖകൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് ഓഫീസ് ഷിഫ്റ്റ് ചെയ്ത സാഹചര്യത്തിൽ നഷ്ടപ്പെട്ടതായി കരുതുന്നു. ഈ പദ്ധതി കൊണ്ട് നിരവധി ജനങ്ങൾക്ക് ഗുണം ലഭിച്ചിട്ടുണ്ട്. തുക മുഴുവനായി വിനിയോഗിച്ചതായി കെ.എസ്.ഇ.ബി. യുടെ സർട്ടിഫിക്കറ്റും ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തടസ്സം ഒഴിവാക്കാൻ അപേക്ഷിക്കുന്നു. പഞ്ചായത്തിൽ ചെന്ന് നേരിട്ട് അന്വേഷണം നടത്തിയതിലും ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിലും തടസ്സം ഒഴിവാക്കാവുന്നതാണെന്ന് കണ്ടെത്തിയിരിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.48.3 വകുപ്പിൽ നിന്നും തുടർ നടപടികളൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

<u>ഖണ്ഡിക നമ്പർ 278 (എ)</u>

<u>ശിപാർശ</u>

3.49.1 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് തീർപ്പാക്കിയത് സമിതി അംഗീകരിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.49.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ.ടി. എസ്.ആർ.(എസ്.1) നമ്പർ നടപടിക്രമം പ്രകാരം ഒഴിവാക്കിയിട്ടുണ്ട്

<u>ഖണ്ഡിക നമ്പർ 283</u>

<u>ശിപാർശ</u>

3.50.1 പ്രസ്തുത കറിപൗഡർ യൂണിറ്റ് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോയെന്നും ടി യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച വിശദമായ റിപ്പോർട്ടും ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.50.2 കാട്ടകുറ്റി ഗ്രാമപഞ്ചായത്തിലെ നിർധനരായ തൊഴിലില്ലാത്ത സ്ത്രീകളുടെ കൂട്ടായ്മയും, തൊഴിലില്ലാത്ത സ്ത്രീകൾക്ക് സ്വന്തമായി എങ്ങനെ തൊഴിലിൽ ഏർപ്പെടാമെന്നും ഒരു മാതൃക കാട്ടുക എന്നതായിരുന്നു ഈ പ്രോജക്ട് രൂപീകരിച്ചതിന് പിന്നിലുള്ള പഞ്ചായത്തിന്റെ ലക്ഷ്യം. ഈ മേഖലയിലെ പ്രതിസന്ധികളെപ്പറ്റി യാതൊരു മുന്നറിവും ഈ പ്രോജക്ട് രൂപീകരിക്കുമ്പോൾ ഇല്ലായിരുന്നു. മുൻ പരിചയക്കുറവും മാർക്കറ്റിങ്ങിനെപ്പറ്റിയുള്ള ധാരണാപിശകും എല്ലാം കൂടി ഈ യൂണിറ്റ് നടത്തുവാൻ നാളിതുവരെ

സാധിച്ചിട്ടില്ലെന്ന് ബോധിപ്പിക്കുന്നു. ആവശ്യമായ മെഷിനറികൾ സ്ഥാപിച്ച കെട്ടിട ഉടമയുടെ അമിതമായ ഡിമാന്റുകൾ മെഷിനറി ഉടനടി അവിടെ നിന്നും മാറ്റേണ്ട സാഹചര്യം സൃഷ്ടിച്ചു. ഈ പ്രോജക്ടിന്റെ കൺവീനറായ ഡെയ്സി ജോയ്, ചെയർ പേഴ്സൺ, കെ. ആർ. ഷീല എന്നിവർ പരിചയക്കുറവുമൂലം പിന്മാറുകയും തന്മൂലം പ്രോജക്ട് നടത്തികൊണ്ടുപോകുവാൻ കുടുംബശ്രീ യൂണിറ്റുകളുടെ സഹകരണം തേടുവാൻ 2-11-2005-ലെ 522-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുക യുണ്ടായി. എന്നാൽ പഞ്ചായത്ത് പല കുടുംബശ്രീ യൂണിറ്റുകളോടും ചർച്ച നടത്തിയെങ്കിലും ആരും തന്നെ യൂണിറ്റ് ഏറ്റെടുത്ത് നടത്തുവാൻ സന്നദ്ധരായില്ല. ഈ മേഖലയിലെ വൻകിട കമ്പനിക്കാരോട് മൽസരിക്കുവാൻ സാധിക്കുകയില്ലെന്നും പിടിച്ചുനിൽക്കാനാകി ല്ലെന്നുമാണ് കുടുംബശ്രീ യൂണിറ്റുകൾ പറയുന്നത്. ഈ സാഹചര്യത്തിൽ ഈ യൂണിറ്റ് നടത്തുവാൻ സാദ്ധ്യമല്ലെന്ന് പഞ്ചായത്ത് 21-1-2008-ാം തീയതി ചേർന്ന യോഗത്തിൽ 1-ാം നമ്പരായി തീരുമാനിക്കുകയും മെഷിനറികൾ ലേലം ചെയ്ത് വിൽക്കാൻ സർക്കാരിനോട് അനുവാദത്തിന് അഭ്യർത്ഥിക്കുവാനും തീരുമാനിച്ചു.

പഞ്ചായത്തിൽ നേരിട്ട് അന്വേഷണം നടത്തിയെങ്കിലും ബന്ധപ്പെട്ട ഫയലുകൾ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ അനുവാദം കൊടുക്കാവുന്നതാണെന്നു ബോധിപ്പിച്ചുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.50.3 വകുപ്പിൽ നിന്നും തുടർ നടപടികൾ നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

<u>ഖണ്ഡിക നമ്പർ 286</u>

<u>ശിപാർശ</u>

3.51.1 കാട്ടുകറ്റി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ വെളിച്ചത്തിൽ തുടർനടപടി അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.51.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016 ലെ കെ.എസ്.എ.ടി. എസ്. ആർ.(എസ്.1)നമ്പർ നടപടിക്രമം പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 288</u>

**ശിപാർശ**

3.52.1 ഓഡിറ്റ് തടസ്സത്തിനുള്ള പഞ്ചായത്തിന്റെ വിശദീകരണം പ്രാദേശിക പരിശോധനയിൽ ശരിയാണെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്ന്, ലോക്കൽ ഫണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കിയത് സമിതി അംഗീകരിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.52.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ.ടി. എസ്.ആർ.(എസ്.1) നമ്പർ നടപടിക്രമം പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 291</u>

**ശിപാർശ**

3.53.1 കാട്ടകാമ്പൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ തൃപ്തികരമായ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഓഡിറ്റ് പരാമർശം ഒഴിവാക്കിയത് സമിതി അംഗീകരിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.53.2 തൃശ്ശൂർ ജില്ലാ ഓഡിറ്റ് മേധാവിയുടെ 5-12-2016-ലെ കെ.എസ്.എ.ടി. എസ്.ആർ.(എസ്.1) നമ്പർ നടപടിക്രമം പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 298</u>

**ശിപാർശ**

3.54.1 നെടുമ്പറമ്പ് ഫാർമസി-കൈതക്കോട് റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് അധിക വർദ്ധന നല്കിയതുമൂലം പഞ്ചായത്തിന് 4,998 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് തന്നെയാണ് സമിതി നിർദ്ദേശ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തിയ പുനഃപരിശോധനയിലും വ്യക്തമാകുന്നത്. ആയതിനാൽ ടി തുക (4,998 രൂപ) സർക്കാർ ഉത്തരവ് മറികടന്ന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും അധികം തുക പാസ്സാക്കുകയും ചെയ്ത ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി നിശ്ചയിച്ച് തുക അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.54.2 ശിപാർശയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ റിട്ട.പി.ഡബ്ല്യൂ.ഡി.അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. കെ. ബി. ബാപ്പുവിനോടും, അധികം തുക നൽകിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ടി. എസ്. പരമേശ്വരനോടും സംഖ്യ ഗ്രാമപഞ്ചായത്തിൽ അടയ്ക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് 20-11-2007-ൽ രജിസ്റ്റേർഡ് തപാലിൽ കത്തയച്ചിരുന്നു.

തൃശ്ശൂർ ജില്ലാ കോടതിയുടെ 7-11-2005-ലെ 304/2005 ഒ.പി. യിലെ ഐ.എ. 2747/05 നമ്പർ ഉത്തരവ് പ്രകാരം സർചാർജ്ജ് തുകയ്ക്ക് 26-11-2007-ൽ ശ്രീ. ടി. എസ്. പരമേശ്വരൻ സ്റ്റേ സമ്പാദിച്ചിരുന്നു. സ്റ്റേ ഇപ്പോഴും നിലനിൽക്കുന്നു. തുടർന്ന് അധികമായി നൽകിയ തുക

എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറിൽ നിന്നും ഈടാക്കുന്നതിന് പഞ്ചായത്തിന്റെ 28-1-2011-ലെ 13-ാം നമ്പർ തീരുമാന പ്രകാരം നടപടി സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട ജില്ലാ കളക്ടറോട് ഡി.243/11 നമ്പർ കത്ത് പ്രകാരം അപേക്ഷിച്ചിട്ടുണ്ടെന്ന വിവരം കൂടി ബോധിപ്പിച്ചുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.54.3 തുടർ നടപടി വിവരങ്ങൾ അറിയിച്ചിട്ടില്ലാത്തതാകുന്നു.

തിരുവനന്തപുരം,
2019 ഫെബ്രുവരി 7.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

## അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങൾ/തുടർശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനം | നിഗമനങ്ങൾ/തുടർശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 2.1.4 | തദ്ദേശ സ്വയംഭരണം | ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസിന്മേലുള്ള നടപടികൾ ത്വരിതപ്പെടുത്തി അതിനനുസൃതമായി മേൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 2.2.4 | ,, | ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസിന്മേലുള്ള നടപടികൾ ത്വരിതപ്പെടുത്തി അതിനനുസൃതമായി മേൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 2.3.4 | ,, | പ്രസ്തുത പരാമർശം സംബന്ധിച്ച നിലവിലെ സ്ഥിതി ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി അവസാനിപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 2.4.4 | ,, | പരാമർശ വിധേയമായ കാലയളവിലെ മേത്തല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്കെതിരെയുള്ള അച്ചടക്ക നടപടി എത്രയും വേഗം പൂർത്തിയാക്കണമെന്നും ടിയാന്റെ പേരിൽ സ്ഥാവരജംഗമ വസ്തുക്കൾ ഒന്നുമില്ലെന്ന സർക്കാർ മറുപടിയുടെ പശ്ചാത്തലത്തിൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 2.5.10 | ,, | പരാമർശിത വിഷയവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി അന്തിമ വിധി പുറപ്പെടുവിച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ചും പ്രസ്തുത ശിപാർശ സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു. കൂടാതെ പ്രസ്തുത വിഷയത്തിന്മേൽ ബഹു. ഹൈക്കോടതിയുടെ അന്തിമ വിധി അനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | 2.6.8 | തദ്ദേശ സ്വയംഭരണം | തോളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വി. കെ. സുകമാരൻ പെൻഷൻ വാങ്ങുന്ന ട്രഷറിയുമായി ബന്ധപ്പെട്ട് ടിയാന്റെ നിലവിലെ വിലാസം കണ്ടെത്തി റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 2.7.4 | ,, | ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 2.8.4 | ,, | മുൻ അയ്യന്തോൾ ഗ്രാമപഞ്ചായത്തിലെ പരാമർശ വിധേയമായ 10 വർക്കുകളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തി അവരിൽ നിന്നും തുക ഈടാക്കണമെന്നുള്ള സമിതിയുടെ നിലവിലുള്ള ശിപാർശയിന്മേൽ നടപടി സ്വീകരിക്കണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യുന്നു. |
| 9 | 2.9.4 | ,, | ഗ്രാമപഞ്ചായത്ത് മുൻസെക്രട്ടറിക്കെതിരായ അച്ചടക്ക നടപടി പൂർത്തിയാക്കി ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 2.10.4 | ,, | പലിശയിനത്തിൽ കൂടുതൽ ബാധ്യത ഉണ്ടാകാതിരിക്കുവാൻ അവശേഷിക്കുന്ന തുക സമയബന്ധിതമായി അടച്ചുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 2.11.8 | തദ്ദേശ സ്വയംഭരണം | കൊമ്പത്തുകടവ് കുടിവെള്ള പദ്ധതിയ്ക്കായി വാങ്ങിയ പൈപ്പുകൾ ഉപയോഗിച്ച് നടപ്പിലാക്കാവുന്ന എസ്.സി.പി. പദ്ധതികൾ കണ്ടെത്തി പൈപ്പുകൾ ഉപയോഗയോഗ്യമാക്കുവാൻ നടപടി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സ്വീകരിക്കുവാനും അതിന് സാധിക്കാത്ത പക്ഷം ഇല്ലാത്ത പ്രോജക്ടിനുവേണ്ടി ചെലവായ തുക പലിശ സഹിതം ടി പ്രോജക്ട് ആരംഭിക്കാൻ തീരുമാനമെടുത്ത ഭരണ സമിതി അംഗങ്ങൾ, പഞ്ചായത്ത് സെക്രട്ടറിയടക്കമുള്ള ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 2.12.10 | തദ്ദേശ സ്വയംഭരണം | കോടതിയിൽ നിലനില്ക്കുന്ന കേസിന്മേലുള്ള സ്റ്റേ നീക്കം ചെയ്യാനും ബാധ്യത തുക സമിതിയുടെ 10-6-2009-ലെ യോഗ നിർദ്ദേശ പ്രകാരം യഥാർത്ഥ നഷ്ടോത്തരവാദികളിൽ നിന്നും ഈടാക്കുവാനുമുള്ള നടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 2.13.4 | തദ്ദേശ സ്വയംഭരണം, വിജിലൻസ് | വിജിലൻസ് കോടതിയിൽ നിലനിൽക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 2.14.4 | തദ്ദേശ സ്വയംഭരണം, വിജിലൻസ് | വിജിലൻസ് കോടതിയിൽ നിലനിൽക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 2.15.6 | തദ്ദേശ സ്വയംഭരണം, വിജിലൻസ് | വിജിലൻസ് കോടതിയിൽ നിലനിൽക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 2.16.4 | തദ്ദേശ സ്വയംഭരണം | റവന്യൂ റിക്കവറി നടപടിക്ക് എതിരെയുള്ള കോടതി വിലക്ക് നീക്കിക്കിട്ടുന്നതിനും, ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക തിരിച്ചുപിടിക്കാനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 17 | 2.17.4 | തദ്ദേശ സ്വയംഭരണം | ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ബാദ്ധ്യതയായി നിലനിൽക്കുന്ന ബാക്കി തുക കൂടി ഈടാക്കി രേഖകൾ ഓഡിറ്റിന് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 18 | 2.18.4 | തദ്ദേശ സ്വയംഭരണം | ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ബാദ്ധ്യതയായി നിലനില്ലുന്ന ബാക്കി തുക കൂടി ഈടാക്കി രേഖകൾ ഓഡിറ്റിന് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 2.19.9 | തദ്ദേശ സ്വയംഭരണം | കേസ് നടപടികൾ ത്വരിതപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട്, കേസിന്റെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച റിപ്പോർട്ട് പതിനഞ്ച് ദിവസത്തിനകം ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 2.20.8 | തദ്ദേശ സ്വയംഭരണം | ബഹു. തൃശ്ശൂർ ജില്ലാ കോടതിയിൽ ഒ.പി. നമ്പർ 90/07 ആയി ഫയൽ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

അനുബന്ധം II

# VE-27/01/TSR

# ENQUIRY REPORT

Office of the Dy Supdt of Police,
Vigilance & Anticorruption Bureau,
Thrissur Unit.

No.VB.27/01-TSR. Date : 16.3.02.

## VIGILANCE ENQUIRY REPORT

Sub:- Allegation against former President of Annamanada Panchayath and others - Vigilance Enquiry Report forwarding of - reg.

Ref:- Letter No.E8(VB.27/01-TSR)17067/01 dated 25.7.01 of Vigilance Directorate, Thiruvananthapuram.

......

[redacted] Sri.P.D.Jose, President of Annamanada Grama Panchayath filed a petition before the Court of Enquiry Commissioner and Special Judge, Trissur. The Court filed the petition as CMP 271/01. The Court vide order dated 12.6.01 forwarded the petition to the Director, Vigilance & Anticorruption Bureau, Thiruvananthapuram for conducting a Vigilance Enquiry. Accordingly the Director, VACB, Thiruvananthapuram forwarded the same to this unit with direction to conduct a Vigilance Enquiry vide reference cited. Accordingly Vigilance Enquiry was conducted by me and hence this report.

[redacted] 1. V.V.Jayanandan, S/o Parameswara Menon, Vadakevettat house, Annamanada desom, Kallur Thekkumuri village. (formerly President of Annamanada Grama Panchayath). (Now a Private Individual)

2. Satheesan, S/o Karappan, Thanikkal house, Meladoor desom, Alathur village. (formerly Chairman Standing Committee, Annamanada Grama Panchayath). Now a Private Individual

3. Devassy, S/o Joseph, Madavanakkad house, Alathur desom and village. - A Private Individual

PARA-III
PARTICULARS OF SUSPECT OFFICER
(Additionally found)

4. P.A.Vasudevan, Punnedath house, Meladoor desom, Alathur village. (He is no more)

5. V.K.Gopalakrishnan, Special Grade Secretary, Annamanada Grama Panchayath (now working as Special Grade Secretary, Varapuzha Grama Panchayath, Ernakulam District). His date of retirement is 31-7-2010

PARA-IV
GIST OF THE ALLEGATION

S03 was the Chairman and S04 Convenor of the beneficiary committee constituted for the implementation of Chirayanchal Fisheries Project under Annamanada Grama Panchayath during 98-99. The accused colluded together and an amount of Rs.3,33,200/- was paid to S04 for the implementation of the Project. But the actual cost of the work executed was only Rs.2,75,241/- thereby the panchayath sustained a loss of about Rs.57959/-.

PARA-V
GIST OF THE ALLEGATION
(Additionally found)

Nil.

PARA-VI
PARTICULARS OF WITNESS QUESTIONED

| Name and address | Date of questioning |
|---|---|
| 1. P.D.Jose, S/o Devassy, Paravekaran house, Mambra desom, Kallur Thekkumuri village. | 7.2.01. |
| 2. Vidhu.A.Menon, U.D.Clerk, Kadukutty Panchayath. | 28.1.01. |
| 3. P.Raveendran, S/o Cherunny Thirumulpad, 'Raj Vihar', Ashtamichira, Vadama Vadakkumbhagam village. | ~~28.11.01~~ & 1.2.01. |
| 4. M.Parameswaran, Secretary, Kunnukara Panchayath, Ernakulam District. | 9.1.01. |
| 5. Gopalan, Special Grade Secretary, Annamanada Grama Panchayath. | 7.2.01. |

: 3 :

permanent nature. Hence I reccomend no action on this Vigilance Enquiry.

6. The Vigilance Enquiry report of the Deputy Superintendent of Police with its enclosures and the Forwarding Endorsement of the Superintendent are forwarded herewith.

7. Please acknowledge.

Yours faithfully,

Superintendent of Police(Int
For Director.

Enclosures:List
attached.

Copy to: The Deputy Superintendent of Police, VACB, Thrissur and the Superintendent of Police, VACB, Central Range, Kochi for information.

DESPATCHED
Date 1/11/10

dv/29.10

Vigilance & Anti-corruption Bureau,
Thiruvananthapuram-4.

~~No.E9(V) 27/2001 TSR)17067/2001~~ Dated: 31.10..2002.

From

The Director,
Vigilance & Anti-corruption Bureau.

To

The Principal Secretary to Government,
Vigilance Department, Government of Kerala,
Thiruvananthapuram.

Sir,

Sub:- CMP 271/2001 - allegation against Former President of Annamanada Grama Panchayat and others - Vigilance Enquiry - report forwarding of - regarding.

Ref:- Government letter No. 7984/D3/2001/Vig. dated 23-3-2001.

.. ..

On the basis of CMP 271/2001 of the Enquiry Commissioner and Special Judge, Thrissur containing allegations against Sri. V.V. Jayaraman, Former President of Annamanada Grama Panchayat and others, orders have been issued to the Deputy Superintendent of Police, Vigilance & Anti-corruption Bureau, Thrissur for conducting a Vigilance Enquiry and obtained ratification from Government as per Government letter cited. The Deputy Superintendent of Police has conducted the Vigilance Enquiry and submitted the report.

2. The allegations are detailed in para IV of the Vigilance Enquiry report of the Deputy Superintendent of Police, Vigilance & Anti-corruption Bureau, Thrissur.

3. The particulars of Suspect Officers are furnished below.

1. Sri. V.V. Jayaraman,
   Formerly President, Annamanada Panchayath.

2. Sri. Sathreesan,
   Formerly Chairman-Standing Committee,
   Annamanada Grama Panchayath.

(contd...2)

3. Sri. Devassy,
Madavanakkal House, Alathur Desom.

4. Sri. P.A. Vasudevan,
Punnadath House, Meladoor desom,
Alathur Village.
(He is no more)

5. Sri. V.K. Gopalakrishnan,
Special Grade Secretary,
Annamanada Grama Panchayath.

4. The Vigilance Enquiry revealed that actually the Convenor was paid only an amount of Rs. 2,87,200/- and that payments of Rs. 18,500/- and Rs. 27,530/- listed by the petitioner were actually given in favour of Sri. C.P. Johny and Sri. V.A. Subran, Convenors of two other works. The total quantity of the work done on the project was verified by an Assistant Executive Engineer, Chalakudy through an inspection on 28-12-2001. According to the inspection, the total eligible payment to SO-4, who was the convenor of the work, was only 2,18,567/-. There was an excess payment of Rs. 68,633/-. Hence the Deputy Superintendent of Police has recommended to recover the excess payment of Rs. 68,633/- from SO1 and SO5, since SO4, who received the payment is no more. The Deputy Superintendent of Police has also recommended appropriate departmental action against SO5 for making payments to the Convenor (SO4) without observing standing instructions. The Superintendent of Police, Vigilance & Anti-corruption Bureau, Central Range agreed with the recommendations of the Deputy Superintendent of Police.

5. I have scrutinised the Vigilance Enquiry report of the Deputy Superintendent of Police with its enclosures and the Forwarding Endorsement of the Superintendent of Police. I do not agree with the Deputy Superintendent of Police and the Superintendent of Police. The real beneficiary being dead, the others who are not proved to have got any benefit in this deal, should not be penalised. I do not agree with the recommendations for departmental action against SO5 also, since whatever payments were sanctioned by SO5, who was the Secretary of the Panchayat, were on the basis of the valuation certificate issued by W-3, Sri. Raveendran who measured the work done and issued the certificates, (W3 is a retired Assistant Engineer). Due to the death of the Convenor, and the Panchayat Board being changed, the work was left incomplete. I do not think there is any evidence of wilful dereliction of duty or misuse of powers by the SO5. The valuation taken by Sri. Purushothaman after the lapse of 2 years has to be viewed as not 100% accurate, since major part of the work is construction of bunds, cleaning of the canal etc. which is not of

(contd....3)

**Ext.A. File relating to Chirayanchal Fisheries Project 98-99 (Project No.8) - containing pages 161.**

Page No.9 is the Technical Sanction accorded for Chirayanchal Fisheries Project. As per this technical sanction for a revised estimate of Rs.278000/- was sanctioned on 24.2.99. Page No.68 to 80 is the agreement executed on 9.2.98 between SO4 and the Panchayath Secretary. Page No.122 to 127 is the voucher and contingent bill for the payment of Rs.28250/-. Page No.130 to 134 is the voucher and contingent bill for payment of Rs.36,900/-. Page No.136 to 140 is the voucher and contingent bill for the payment of Rs.75,800/-.

**Ext.B. File regarding the Chirayanchal Fisheries Project Vol.II containing page 1 to 76.**

Page No.69 to 76 is the final bill prepared for the Chirayanchal Project. The total value of the Chirayanchal Project comes to Rs.3,54,378/-. This bill is been signed by Sri.T.Raveendran, Asst. Engineer and K.B.Damodaran, Asst. Executive Engineer.

**Ext.C. Contingent bill and voucher containing 3 sheets for the payment of Rs. 46250/-.**

As per this amount of Rs.46250/- was paid on 17.2.98 to the convener of Chirayanchal Fisheries Project as advance.

/contd/

<u>Ext.D. Voucher and contingent bill for the payment</u> of Rs. 50,000/- containing 2 sheets.

As per this an amount of Rs.50,000/- is paid on 6.4.98 to the Convenor of Chirayanchal Fisheries Project.

Ext.E. Voucher and contingent bill for the payment of Rs.50,000/- containing 4 sheets.

As per this an amount of Rs.50,000/- is seen paid on 30.3.98 to the convenor of Chirayanchal Fisheries Project. This contains the valuation certificate issued by the Asst. Engineer for Rs. 62,492/-.

Ext.F. Photo copy of pages 23 to 45 of M.Book No. 1/95-96 of Annamanada Grama Panchayath.

This contains the measurement recorded with regard to the work of Chirayanchal Fisheries Project.

Ext.G. File containing muster rolls for Chirayanchal Fisheries Project - containing 13 sheets.

/contd/

As per the muster roll for February 98 the total amount of labour charge paid is Rs.3945/-. As per muster rolls for the month of March 98 the total labour charge paid is Rs.26220/-. As per muster rolls for the month of April 98 the total labour charge paid is Rs.47560/-. As per muster roll for the month of May 98 the total amount of labour charge paid is Rs. 5720/-.

**Ext.[illegible]. Report of the inspection conducted on 28.12.01 of the work of Chirayanchal Fisheries Project by Sri.U.Purushothaman, Asst. Executive Engineer, IIP Division, Chalakudy – containing 14 sheets.**

This report was furnished by Sri. U. Purushothaman, Assistant Executive Engineer who inspected the work of Chirayanchal Fisheries Project on 28.12.01. As per the report the total amount of work executed for the project comes to Rs. 1,45,718/- as per 96 PWD Schedule of rates.

**Ext.[illegible]. Copy of GO(P) No.260/97/LAD dated 1.12.97.**

/contd/

**301.** V.V.Jayaraman, S/o Parameswara Menon, Vadakkevettath house, Annamanada desom, Kallur Thekkumsuri village. Questioned on 14.12.01.

**PARA-VIII STATEMENT OF SUSPECT OFFICER**

The S.O. stated that he was the President of Annamanada Panchayath during 95-00. During his tenure as President a project named Chirayanchal Fisheries Project was implemented under Peoples Plan Programme. The main object of the project was to develop the water loged area having an extent of 6 acres known as Chirayanchal by constructing eartharn bund around the chal and for facilitating fish farming in the chal. On 9.1.96 a meeting of the local people was convened for implementing the project. A beneficiary committee was elected in the meeting. The committee later elected Sri.P.Vasudevan as the convenor and Sri.M.J.Devassykutty as the Chairman of the beneficiary committee. Before that an estimate for the project was prepared and got approved by the Block Level Expert Committee of Mala Block Panchayath. The BLEC gave technical sanction for an estimate of Rs.2,14,000/-. After that the convenor executed an agreement on 9.1.98. After commencing the work it was found that more amount will have to be spent for implementing the project. Accordingly a revised estimate was prepared and submitted for approval ~~fxx~~ by the BLEC. The BLEC vide order dated 24.2.99 approved the revised estimate of

/contd/

Rs.2,78,000/-. The Convenor was paid advance amount from the panchayath for executing the project. Before the completion of the work Convenor died and the work came to stand still. The convenor has received a total amount of Rs.2,87,200/- on several occasions for the implementation of the work. After that quotations were invited from private persons for conducting fish farming in the chal on lease. But this was not ended in success. By that time the period of the Panchayath Committee ended and after election a new committee came into existence. For the completion of the work and implementation of the project the new Panchayath Committee is not taking any steps. If the project is completed as envisaged the panchayath will surely get [illegible] benefit from it. According to the S.O. there occurred no irregularity or corruption in the implementation of the project.

[illegible] Not questioned since he was found to be not involved in the implementation of the project or making payment to the convenor.

[illegible] M.J.Devassy, S/o Joseph, Madavanakkad house, Alathur village and desom.

S.O. stated that he was the Chairman of the beneficiary committee constituted for the implementation of Chirayanchal Fisheries Project. Sri.P.Vasudevan was the Convenor of the committee. The convenor executed

an agreement with the Secretary of the Panchayath for the implementation of the project. After executing the agreement the convenor received advance from the panchayath and the work commenced. Before the completion of the work the convenor died due to sudden illness in March 2000. After that no work was carried out in the project. The panchayath authorities did not make any alternate arrangements for the completion of the work. Before the death of the convenor the beneficiary committee used to ~~convene~~ hold meeting every fortnight and discuss the progress of the work. The convenor used to place the Income and expenditure of the work during these meetings. According to the S.O. he does not know the exact amount received by the convenor from the panchayath. According to him all the amounts received from the panchayath have been spent by the late convenor for the implementation of the project. He further stated no irregularity or corruption has been committed by the convenor or any other person in the implementation of the project.

304. He was not questioned, as he is no more.

305. V.K.Gopalakrishnan, Special Grade Secretary, Varappuzha Grama Panchayath, Ernakulam District. Questioned on 30.1.02.

/contd/

S.O. stated that he was the Secretary of Annamanada Grama Panchayath during 1.6.98 to 30.10.00. The project named Chirayanchal Fisheries Project was implemented at Annamanada Grama Panchayath under Peoples Plan Programme. The project was commenced before S.O. took charge of the Secretary, Annamanada Grama Panchayat Before completing the work of the project the convenor died in March 2000 due to some sudden illness. After he took charge of the Secretary of Annamanada Grama Panchayath the Convenor of the work was given various amounts. On 8.5.99 an amount 2829/- was given to the convenor. This amount was given as the second mobilisation advance. After that an amount of Rs.36900/- was paid to the convenor on 26.5.99. This was given as secured advance. Secured advance can be given to the convenor for the materials procured for the implementation of the work under the Peoples Plan Programme. The above amount was given (secured advance) after obtaining the valuation certificate from the concerned Asst. Engineer. As per the valuation certificate the convenor had procured earth costing Rs. 49237/-. On 31.3.99 another amount of Rs.75,800/- was given to the Convenor. This was given on the basis of the valuation certificate given by the Asst. Engineer.

/contd/

As per the valuation certificate cost of the work done was Rs. 1,89,300/-. The amount given earlier Rs.86,900/-, was deducted and 25% of the balance amount was retained and the balance of Rs.75800/- was paid to the convenor. According to the S.O. earlier a part bill for the work was prepared. As per that part bill the work for an amount of Rs. 1,25,000/- have been completed. The valuation certificate of Rs. 1,89,300/- given by the Assistant Engineer is the value of the work done after this part bill. After the death of the convenor no work was carried out. For commencing the work a new convenor has to be elected and the liability for the former convenor has to be fixed. By that time steps for Panchayath Election was commenced so no action could be taken for commencing the incompleted work of the project. According to the S.O. the total amount given to the convenor for the work is Rs. 2,87,200/-.

Sd/-
K.A.George,
Dy Supdt of Police,
Vigilance & Anticorruption Bureau,
Trissur Unit.

Brief of the allegation is that an amount of Rs. 3,33,200/- was given to the Convener of Chirayanchal Fisheries Project while the actual cost of the work done is only 2,75,241/- and thereby Panchayath sustained monetary loss.

Sri.V.V.Jayaraman(S01) was the former Chairman of the Annamanada Grama Panchayath. During his tenure a project named Chirayanchal Fisheries Project was implemented under Peoples Plan Programme. The project was included in the Peoples Plan Programme for the year 97-98. The District Planning Committee has accorded the project at a cost of Rs.1,85,000/- and it was included in the Peoples Plan Programme of 97-98. After getting sanction from the District Planning Committee the panchayath authorities prepared a detailed estimate for the project. The estimate was prepared by Sri.P. Raveendran(W3) who is a retired Asst. Engineer. The estimate was placed before the Block Level Expert Committee for approval. The BLEC vide order dated 10.2.98 approved the estimate for an amount of Rs. 2,12,780/-. After that a meeting of the beneficiaries of the project was convened by the panchayath authorities on 9.1.98. A committee was constituted at this meeting. Later this beneficiary committee elected Sri.P.Vasudevan (304) as the convener and Sri.M.J.Devassy(S05) as Chairman of the committee. Subsequently the Convenor executed an

/contd/

agreement on 9.2.98 for carrying out the work. The object of the project has to develop the water loged area having an extent about 6 acres called Chirayanchal and to conduct fish farming in the developed chal. As per the estimate the main items of the work was to construct a bund around the chal, to cleaned water loged area by removing the mud and weeds from the chal and to construct an approach road to the chal from the main road.

After executing the agreement the convenor received mobilisation advance from the panchayath and work commenced. During the execution of the work it was found that more amount will have to be spent for completing the project. Accordingly a revised estimate was prepared which was placed before the Block Level Expert Committee for approval. The BLEC vide order dated 24.2.99 approved the revised estimate for Rs. 2,78,000/-. The convenor completed most of the items of the work. He had received advance amount from the panchayath on several occasions. Before completing the work he died due to some sudden illness in March 2000. After his death no work was carried out in the project.

In the petition it was mentioned that an amount of Rs.3,33,200/- was given to the convenor on several occasions. The petitioner (W1) was questioned regarding

this. According to him this amount is the amount noted in the audit report which was attached along with the original petition. In the audit report it is mentioned that the following payments were made to the convener.

| Date | Cheque No. | Amount |
|---|---|---|
| 17.2.98 | 206207 | 46250 |
| 9.3.98 | 206308 | 18500 x |
| 11.3.98 | 206323 | 27500 x |
| 30.3.98 | 206356 | 50000 |
| 6.4.98 | 206371 | 50000 |
| 8.3.99 | 217947 | 28250 |
| 26.3.99 | 217996 | 36900 |
| 31.3.99 | 545325 | 75800 |
| | Total = | 333200 |

The present Secretary of Annamanada Panchayath (W5) and the former Section Clerk (W2) of Annamanada Panchayath was questioned regarding this. After verification of the records they stated that only an amount of Rs. 2,87,200/- was paid to the convenor. The details of payments are as shown below.

| Date | Cheque No. | Amount |
|---|---|---|
| 17.2.98 | 206202 | 46250 |
| 30.3.98 | 206356 | 50000 |
| 6.4.98 | 206374 | 50000 |
| 8.3.99 | 217947 | 28250 |
| 26.3.99 | 217996 | 36900 |
| 31.3.99 | 845325 | 75800 |
| | Total | = 287200 |

The cash book and the counter foils of cheque leaf kept at Annamanada Grama Panchayath was verified during the enquiry and it was found that the above mentioned payments are correct. The payments mentioned in the audit report that is

| Date | Cheque No. | Amount |
|---|---|---|
| 9.3.98 | 206308 | 18500 |
| 11.3.98 | 206323 | 27500 |

were not actually paid to the convenor of Chirayanchal Fisheries Project. The above amounts were paid to other convenors of some other works. On verification of the records it was found that the amount of Rs.18500/- paid on 9.3.98 was actually given to C.P.Johny, Convenor of the work of Chirayanchal leading channel and the amount of Rs.27500/- paid on 11.3.98 was actually paid to Sri.V.A. Subran the convenor of the work of Malayankunnu [illegible] road. Thus the actual amount paid to the convenor(304) of the Chirayanchal Fisheries Project was only Rs.2,87,200/-.

/contd/

Sri.T.Raveendran (W3) was the Asst. Engineer who supervised the implementation of the project. He admitted that he prepared the estimate and supervis the work of the project. After the death of the conven the work came to a stand still. So as requested by the panchayath authorities he took the measurements of the work so far completed and worked out the total cost. According to the measurements recorded the total cost of the work is Rs.3,54,372/-. This amount is worked out as per the local rates. The amount as per the PWD schedule of rates comes to only Rs.183494.63. As per the existing Government order (Ext.J) the amount payable to a work under Peoples Plan Programme cannot be more than the amount as per the OWD Schedule of rates and 50% more. The amount as per PWD schedule of rate is 183494.63

Add 50% 91747.32

Total = 275241.95

Rounded to - 275242/-

Thus as per the measurement recorded the total amount payable to the convenor is Rs.275242/- while the total amount paid to the convenor is Rs. 2,87,200/-. Thus an amount of Rs. 11,958/- ( 287200 - 275242 ) was paid to the convenor in excess.

/contd/

In order to verify the total quantity of work carried out by the convenor the work was got inspected by Sri.U.Purushothaman, Asst. Executive Engineer, IIP Division No.II, Chalakudy. Ext.H is the report furnished by him after inspecting the work. As per the inspection report there is some variation in the total amount arrvied with that of the amount recorded in the measurement book. During the site inspection the total length of the earthern bund and the approach road was measured and found to be tallying with recorded measurement. The quantity of the earth work for the bund was calculated as per level measurements. It is seen that the final level were taken during March 2000. The site inspection was conducted on 28.12.01. 2 monsoon seasons were over after taking the final level. Further it is seen that the water level in the chal will be above the bund during rainy season. So naturally some earth from the top portion of the bund could have lost. The verification of the final level at present will not give a correct picture and hence this was not attempted during the site inspection. As per the report of the checking officer difference is observed in the calculation of the quantity of earth work by the Asst. Engineer (W3). Difference occured in 2 ways. The first is that the Asst. Engineer had recorded measurement for part payments. This quantity

/contd/

was added to the quantity of earth work obtained as per final measurement. Actually the quantity recorded for the part payment is also included in the quantity as per the final measurement. By mistake the A.E. added these two quantities.

